പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ടചോദ്യം നമ്പർ. 361 — 15 -07-2010-ൽ മറുപടിയ്ക്ക്

കേരളോത്സവത്തിലെ ബഹുജന പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ടി.പി.കുഞ്ഞുണ്ണി:<br>ശ്രീ.ആനത്തലവട്ടം ആനന്ദൻ:<br>ശ്രീ.എസ്.രാജേന്ദ്രൻ:<br>ശ്രീ.വി.ശശികുമാർ: | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |
| (എ)<br>കേരളോത്സവം മെച്ചപ്പെട്ട രീതിയിൽ നടത്തുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (എ)<br>കേരളോത്സവം മെച്ചപ്പെട്ട രീതിയിൽ നടത്തുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. പ്രാഥമികതല മത്സരങ്ങൾ ഗ്രാമ/ മുനിസിപ്പൽ/കോർപ്പറേഷൻ തലത്തിൽ സംഘടിപ്പിയ്ക്കുന്നു.<br>2. രണ്ടാംഘട്ടമായി ജില്ലാതല മത്സരങ്ങൾ സംഘടിപ്പിയ്ക്കുന്നു.<br>3. മൂന്നാം ഘട്ടമായി സംസ്ഥാനതലത്തിലും അവസാന ഘട്ടമായി യുവോത്സവം എന്ന പേരിൽ ദേശീയ തലത്തിലും മത്സരങ്ങൾ സംഘടിപ്പിയ്ക്കുന്നു. |

4. ബഹുജന പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി ഗ്രാമതലം മുതൽക്കു തന്നെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥ പ്രമുഖർ, സന്നദ്ധ സംഘടന - സാംസ്കാരിക പ്രവർത്തകർ, രാഷ്ട്രീയ പാർട്ടികളിലെയും യുവജന സംഘടനകളിലെയും പ്രതിനിധികൾ, കുടുംബശ്രീ അംഗങ്ങൾ, യുവജന ക്ലബ്ബ് ഭാരവാഹികൾ തുടങ്ങിയവരെ ഉൾപ്പെടുത്തി വിപുലമായ സംഘാടക സമിതി രൂപീകരിച്ചാണ് കേരളോത്സവം സംഘടിപ്പിയ്ക്കുന്നത്.

5. കേരളോത്സവം സംഘടിപ്പിയ്ക്കുന്നതിന് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നൽകുന്ന ധനസഹായത്തോടൊപ്പം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽ നിന്നും അനുവദിയ്ക്കുന്ന ഫണ്ടും ഉപയോഗിക്കുന്നു.

(ബി) കലോത്സവത്തിൽ ഏതെല്ലാം കലാ-കായിക ഇനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്;

(ബി) കലോത്സവത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള കലാ കായിക ഇനങ്ങളുടെ വിവരം അനുബന്ധമായി ചേർത്തിരിയ്ക്കുന്നു.

(സി)

ഏതെല്ലാം കാർഷിക മത്സരങ്ങൾ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്;

സി)

ഞാറു നടീൽ, തെങ്ങുകയറ്റം, നിലം കിളയ്ക്കൽ, ഓലമെടയൽ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി)

മത്സര വിജയികൾക്ക് ഏതെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നത്;

ഡി)

ക്യാഷ് അവാർഡ്, മെമന്റോ, സർട്ടിഫിക്കറ്റ്, യാത്രാബത്ത എന്നിവ നൽകി വരുന്നു.

(ഇ)

ദേശീയ യുവജനോത്സവത്തിൽ കേരളത്തിലെ വിജയികൾക്ക് മത്സര ഇനങ്ങളിൽ പങ്കെടുക്കാൻ അവസരം നൽകുന്നുണ്ടോ ;

ഇ)

ഉണ്ട്.

(എഫ്)

കേരളോത്സവത്തിലെ ബഹുജന പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

(എഫ്)

എല്ലാ വിഭാഗങ്ങളിലുംപെട്ട യുവജനങ്ങൾക്കും പങ്കെടുക്കാൻ കഴിയുന്ന ഏക മത്സര വേദിയാണ് കേരളോത്സവം. സ്കൂൾ, കോളേജുകളിൽ പഠിക്കുന്നവർക്കും, പഠനത്തിൽ നിന്നും പാർശ്വവൽക്കരിക്കപ്പെട്ടവർക്കും ഈ മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. ഈ പ്രാധാന്യം കണക്കിലെടുത്താണ് കേരളോത്സവം സംഘടിപ്പിയ്ക്കുന്നത്. ഇതിനു വേണ്ടി ഗ്രാമതലം മുതൽക്കു തന്നെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥ പ്രമുഖർ, ജില്ലാ ഭരണാധികാരികൾ മറ്റ് സന്നദ്ധ സംഘടനാ - സാംസ്കാരിക പ്രവർത്തകർ, എല്ലാ രാഷ്ട്രീയ പാർട്ടികളിലെയും, യുവജന സംഘടനകളിലെയും പ്രതിനിധികൾ, കുടുംബശ്രീയിലെ അംഗങ്ങൾ, യുവജന ക്ലബ്ബ്

ഭാരവാഹികൾ എന്നിവരെ ഉൾപ്പെടുത്തി വിപുല
മായ സംഘടാക സമിതികൾ രൂപീകരിക്കുന്നുണ്ട്.
കൂടാതെ കേരളോത്സവം സംഘടിപ്പിയ്ക്കുന്നതിനായി
ജില്ലാ സംസ്ഥാന തലത്തിൽ പ്രത്യേകം പ്രത്യേകം സബ്ബ്
കമ്മിറ്റികൾ രൂപീകരിക്കുന്നുമുണ്ട്. കേരളോത്സവ
ത്തോടനുബന്ധിച്ച് വൻ ബഹുജന പങ്കാളിത്ത
ത്തോടെ സാംസ്കാരിക ഘോഷ യാത്രയും സംഘടിപ്പി
യ്ക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## നക്ഷത്രചിഹ്നമിട്ട ചോദ്യ നം.362 15.07.2010 ൽ മറുപടിയ്ക്ക്

## ജലനയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. വി. അബ്ദുൾ ഖാദർ<br>ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. ജോർജ് എം. തോമസ്<br>ശ്രീ . പി. കൃഷ്ണപ്രസാദ് | ശ്രീ.എൻ. കെ.പ്രേമചന്ദ്രൻ<br>(ബഹു.ജലവിഭവ വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) ജലനയം പ്രഖ്യാപിച്ചതിനെ തുടർന്ന് ജലവിനിയോഗത്തിലും ജലസംരക്ഷണത്തിലും കാര്യക്ഷമത കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ; | (എ) ഉണ്ട്. സംസ്ഥാന സർക്കാർ അംഗീകരിച്ച ജലനയത്തിൽ ജലവിനിയോഗത്തിന്റെ മുൻഗണന നിശ്ചയിച്ചിട്ടുണ്ട്. ഗാർഹികാവശ്യം, കാർഷികാവശ്യം, വൈദ്യുതി ഉത്പാദനം , കാർഷികാധിഷ്ഠിത വ്യവസായിക വാണിജ്യാവശ്യം എന്നീ ക്രമത്തിലാണ് മുൻഗണന നിശ്ചയിച്ചിരിക്കുന്നത്.ഇതിന്റെ അടിസ്ഥാനത്തിൽ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനും തിട്ടപ്പെടുത്തുന്നതിനും ബെഞ്ച് മാർക്കിംഗ് ഏർപ്പെടുത്തി. മുൻഗണനാ ക്രമത്തിലുള്ള ലക്ഷ്യം കൈവരിക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങളിലൂടെ കൂടുതൽ പേർക്ക് കുടിവെള്ളമെത്തിക്കുന്നതിനും ലിഫ്റ്റ് ഇറിഗേഷൻ നവീകരണം ഉൾപ്പെടെ കാർഷിക ജലസേചനരംഗത്ത് പുരോഗതി കൈവരിക്കുന്നതിനും ഇതര ആവശ്യങ്ങൾക്ക് ജലവിനിയോഗം കാര്യക്ഷമമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കുകയും ചെയ്തു വരുന്നു.<br>ജനപ്രതിനിധികളുടെ നേതൃത്വത്തിൽ സർക്കാർ സർക്കാരേതിര ഏജൻസികളെ ഏകോപിപ്പിച്ച് ജലസംരക്ഷണം ഊർജ്ജിതപ്പെടുത്തുന്നതിനുള്ള കർമ്മ പരിപാടികളും അവബോധ പ്രവർത്തനങ്ങളും ഉൾപ്പെടുന്ന സമഗ്ര പദ്ധതി ജല സുരക്ഷ നടപ്പാക്കി വരുന്നു. |

| | |
|---|---|
| (ബി) ജലദുർവിനിയോഗം തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് ; | (ബി) 2008 ലെ കേരള ജലവിതരണവും അഴുക്കുചാലും (ഭേദഗതി) നിയമം പാസ്സാക്കി. ഭേദഗതി നിയമത്തിൽ ഉൾപ്പെടുത്തി യിട്ടുള്ള വ്യവസ്ഥകൾ അനുസരിച്ച് ജല ദുർവിനിയോഗം, ജലമോഷണം തുടങ്ങിയവക്കെതിരെ നടപടി സ്വീകരിച്ചു വരുന്നു. ജലവിഭവ സംരക്ഷണം ഊർജ്ജിതപ്പെടുന്നതിനും ഭൂഗർഭ ജലവിനിയോഗം നിയന്ത്രിക്കുന്നതിനും ശക്തമായ വ്യവസ്ഥകൾ ഉൾപ്പെടുന്ന നിയമനിർമ്മാണത്തിനുള്ള നടപടികൾ അന്ത്യഘട്ടത്തിലാണ്. ജലസേചന പദ്ധതികളുടെ നടത്തിപ്പിന് ഉപദേശക സമിതികളും രൂപീകരിച്ചു പങ്കാളിത്ത ജലസേചന സംവിധാനം നടപ്പാക്കി. കൂടാതെ ജലദുർവിനിയോഗം തടയുന്നതിനു അവബോധ പ്രവർത്തനങ്ങൾ നടത്തി വരുന്നു. |
| (സി) നദീതടങ്ങളുടെ ശുചീകരണത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയത് ; | (സി) നദീതടങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായി നദികളിൽ റെഗുലേറ്ററുകൾ , ചെക്ക് ഡാമുകൾ എന്നിവ നിർമ്മിക്കുന്നുണ്ട്. വേനൽക്കാലത്ത് റിസർവോയറുകളിൽ നിന്ന് റിവർ സ്ലൂയിസ് വഴി വെള്ളം തുറന്നുവിട്ട് നദികളിൽ കുറെയെങ്കിലും നീരൊഴുക്ക് ഉറപ്പുവരുത്തുവാൻ ശ്രദ്ധിക്കാറുണ്ട്. കൂടാതെ നദികളുടെയും, തടങ്ങളുടെയും, കായലുകളുടെയും, സംരക്ഷണത്തിനും മാലിന്യവിമുക്തമായി സൂക്ഷിക്കുന്നതിനും സമഗ്രമായ അനുബന്ധ പ്രവർത്തനങ്ങൾക്കുമായി നിയമനിർമ്മാണത്തിലുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. |

| | |
|---|---|
| (ഡി) കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കുന്നതിൽ എന്തുമാത്രം പുരോഗതി നേടി എന്ന് വ്യക്തമാക്കുമോ ? | (ഡി) കഴിഞ്ഞ 4 വർഷം കൊണ്ട് 59 വൻകിടശുദ്ധജല വിതരണപദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 4പദ്ധതികൾ പൂർത്തിയാക്കി. ഉദ്ദേശം 72 ശതമാനം ജനങ്ങൾക്ക് ശുദ്ധജലം ലഭ്യമാക്കുവാൻ സാധിച്ചിട്ടുണ്ട്. കൂടാതെ കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്തിട്ടുള്ളതും വിവിധകാരണങ്ങളാൽ മന്ദഗതിയിലായതുമായ കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സത്വര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 75 വൻകിട ശുദ്ധജലവിതരണ പദ്ധതികൾ ഈ സാമ്പത്തിക വർഷം പൂർത്തിയാക്കുവാൻ ഉദ്ദേശിക്കുന്നു. ഇതുവഴി ഉദ്ദേശം 35 ലക്ഷം ജനങ്ങൾക്ക് ശുദ്ധജലം ലഭ്യമാക്കുവാൻ കഴിയുന്നതാണ്. |

**സെക്ഷൻ ഓഫീസർ**

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 363

15.7.2010 ലെ മറുപടിയ്ക്ക്

**വിവിധ വ്യവസായ മേഖലകളിൽ കിൻഫ്രാ നടത്തുന്ന പ്രവർത്തനങ്ങളും പദ്ധതികളും**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ. ദിവാകരൻ<br>ശ്രീ. വി.ജെ. തങ്കപ്പൻ<br>ശ്രീ. പി. ജയരാജൻ<br>ശ്രീ.എ.എം. യൂസഫ് | ശ്രീ.എളമരം കരീം<br>(ബഹു.വ്യവസായ വകുപ്പ് മന്ത്രി) |
| (എ) കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെൻറ് കോർപ്പറേഷൻ നടപ്പാക്കികൊണ്ടിരിക്കുന്ന പദ്ധതികൾ ഏതെല്ലാമാണ്; | എ) സംസ്ഥാന സർക്കാരിൻെറ കീഴിൽ 1993-ൽ രൂപീകൃതമായ ഒരു സ്ഥാപനമാണ് കിൻഫ്ര. വ്യവസായത്തിനുവേണ്ട അടിസ്ഥാന സൗകര്യങ്ങളായ റോഡ്, വൈദ്യുതി, ജലം, വികസിപ്പിച്ച പ്ലോട്ടുകൾ തുടങ്ങിയ അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിച്ച് നിക്ഷേപകരെ ആകർഷിച്ച് നിക്ഷേപം നടത്താൻ സൗകര്യം ഒരുക്കുന്ന ഒരു സ്ഥാപനമായിട്ടാണ് കിൻഫ്ര പ്രവർത്തനം ആരംഭിച്ചത്. കിൻഫ്രയുടെ ആഭിമുഖ്യത്തിൽ താഴെപ്പറയുന്ന പാർക്കുകൾ അടിസ്ഥാന സൗകര്യം ഒരുക്കി വികസിപ്പിച്ചിട്ടുണ്ട്.<br>1. കിൻഫ്ര ഇൻറർനാഷണൽ അപ്പാരൽ പാർക്ക്, തിരുവനന്തപുരം<br>2. കിൻഫ്ര ഫിലിം & വീഡിയോ പാർക്ക്, തിരുവനന്തപുരം<br>3. കിൻഫ്ര സ്മാൾ ഇൻഡസ്ട്രീസ് പാർക്ക്, തിരുവനന്തപുരത്തും, അടൂരും<br>4. കിൻഫ്ര ഫുഡ് പ്രോസസിംഗ് പാർക്ക്, കാക്കഞ്ചേരിയിലും, അടൂരും.<br>5. കിൻഫ്ര സ്മാൾ ഇൻഡസ്ട്രീസ് പാർക്ക്, കുന്നന്താനം, പത്തനംതിട്ട<br>6. കിൻഫ്ര സ്മാൾ ഇൻഡസ്ട്രീസ് പാർക്ക്, മഴുവന്നൂർ, എറണാകുളം<br>7. കിൻഫ്ര സ്മാൾ ഇൻഡസ്ട്രീസ് പാർക്ക്, കൊരട്ടി, തൃശ്ശൂർ |

8. കിൻഫ്രാ നിയോ സ്പേസ്, മലപ്പുറം
9. കിൻഫ്ര എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്ക്, എറണാകുളം
10. കിൻഫ്ര ഹൈടെക് പാർക്ക്, കളമശ്ശേരി
11. കിൻഫ്ര സ്മാൾ ഇൻഡസ്ട്രീസ് പാർക്ക്, തലശ്ശേരി
12. കിൻഫ്ര സ്മാൾ ഇൻഡസ്ട്രീസ് പാർക്ക്, കൽപ്പറ്റ, വയനാട്
13. കിൻഫ്ര സ്മാൾ ഇൻഡസ്ട്രീസ് പാർക്ക്, സീതംഗോലി, കാസർഗോഡ്
14. കിൻഫ്ര ടെക്സ്റ്റൈൽ സെന്റർ, നാടുകാണി, കണ്ണൂർ
15. ഇന്റഗ്രേറ്റഡ് ടെക്സ്റ്റൈൽ പാർക്ക്, പാലക്കാട്
16. കിൻഫ്ര ഇൻഡസ് ട്രിയൽ പാർക്ക്, കല്ല്യാശേശ്രി , കണ്ണൂർ

മേൽപ്പറഞ്ഞ പാർക്കുകൾക്കു പുറമേ താഴെ പറയുന്ന സ്പെഷ്യൽ ഇക്കോണമിക് സ്റ്റാറ്റസ്സുള്ള ഏരിയകളും കിൻഫ്ര വികസിപ്പിച്ചിട്ടുണ്ട്.

- ഭക്ഷ്യ സംസ്ക്കരണ പ്രത്യേക സാമ്പത്തിക മേഖല, കാക്കഞ്ചേരി, മലപ്പുറം
- ആനിമേഷൻ ഗെയിമിംഗ് പ്രത്യേക സാമ്പത്തിക മേഖല, കിൻഫ്ര ഫിലിം & വീഡിയോ പാർക്ക്, തിരുവനന്തപുരം
- ഇലക്ട്രോണിക് ഹൈടെക് പാർക്ക് കളമശ്ശേരി, എറണാകുളം

സംസ്ഥാനത്ത് അടിസ്ഥാന സൗകര്യം ലക്ഷ്യമിട്ട് കിൻഫ്ര താഴെപ്പറയുന്ന പദ്ധതികൾക്ക് തുടക്കമിട്ടിട്ടുണ്ട്.

- മറൈൻ പാർക്ക്, ബേപ്പൂർ, കോഴിക്കോട്
- കിൻഫ്ര ഇൻഡസ്ട്രീസ് പാർക്ക്, കുറ്റിപ്പുറം, മലപ്പുറം

ഇതിനു പുറമേ താഴെപ്പറയുന്ന പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ കിൻഫ്ര ഉദ്ദേശിക്കുന്നു. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായാൽ പദ്ധതികളുടെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

➢ കിൻഫ്ര കയറ്റുമതി അധിഷ്ഠിത വ്യവസായ പാർക്കിൻെറ രണ്ടാം ഘട്ട വികസനം, കാക്കനാട്
➢ മെഗാ ഫുഡ് പാർക്ക്, വയനാട്
➢ അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്, രാമനാട്ടുകര, കോഴിക്കോട്
➢ കേര പാർക്ക്, തൃശ്ശൂർ
➢ വ്യവസായ പാർക്ക് ,ഒറ്റപ്പാലം, പാലക്കാട്
➢ വ്യവസായ പാർക്ക്, മട്ടന്നൂർ, കണ്ണൂർ
➢ അഞ്ച് സ്ഥലത്ത് റൂറൽ അപ്പാരൽ പാർക്കുകൾ
➢ റാന്നി റബ്ബർ പാർക്ക്
➢ 15 സ്ഥലത്ത് വിവിധോദ്ദേശ സ്റ്റാൻറേർഡ് ഡിസൈൻ ഫാക്ടറികളുടെ നിർമ്മാണം.
➢ ഇടുക്കി സ്പൈസസ് പാർക്കിൻെറ നിർമ്മാണം
➢ പുനലൂരിലെ പ്ലൈവുഡ് ഫാക്ടറി സ്ഥലത്ത് കിൻഫ്ര പാർക്ക് നിർമ്മാണം.
➢ കൊല്ലത്ത് വ്യവസായ പാർക്ക്
➢ ആലപ്പുഴയിൽ വ്യവസായ പാർക്ക്

| | |
|---|---|
| (ബി) തിരുവനന്തപുരത്തെ കിൻഫ്ര ഫിലിം & വീഡിയോ പാർക്കിൽ ഇൻറർ നാഷണൽ അനിമേഷൻ സ്കൂൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്; | ബി) തിരുവനന്തപുരത്ത് കിൻഫ്ര ഫിലിം ആൻറ് വീഡിയോ പാർക്കിൽ പൊതു സ്വകാര്യ പങ്കാളിത്തത്തോടുകൂടി ഒരു ഇൻറർ നാഷണൽ അനിമേഷൻ സ്കൂൾ സ്ഥാപിക്കുന്നതിന് കിൻഫ്ര നടപടി സ്വീകരിച്ചു വരികയാണ്. സ്കൂളിൻെറ പ്രവർത്തനം 2010 ഡിസംബറിൽ പൂർത്തിയാകുന്ന രീതിയിലാണ് വിഭാവനം ചെയ്തിരിക്കുന്നത്. ക്ലാസ്സുകൾ, ലാബുകൾ, പ്രിവ്യൂ തീയേറ്റർ എന്നിവയാണ് ഇപ്പോൾ പൂർത്തിയായി വരുന്നത്. |
| (സി)പദ്ധതിയ്ക്ക് എത്ര കോടി രൂപയുടെ കേന്ദ്ര സഹായമാണ് പ്രതീക്ഷിക്കുന്നത്; | സി) പ്രസ്തുത പദ്ധതിയ്ക്ക് ASIDE സ്കീമിൽ പെടുത്തി 6.86 കോടി രൂപയുടെ കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ട്. |
| (ഡി) കിൻഫ്ര വിവിധ വ്യവസായ മേഖലകളിൽ കൈവരിച്ച നേട്ടം വ്യക്തമാക്കുമോ; | ഡി) സംസ്ഥാനത്ത് വിവിധ വ്യവസായ മേഖലകളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി കിൻഫ്ര പ്രസ്തുത മേഖലകൾക്കു ഊന്നൽ നൽകുന്ന |

| | |
|---|---|
| | പാർക്കുകൾ സ്ഥാപിച്ചിട്ടുണ്ട്.<br>➢ ഗാർമെൻറ് വ്യവസായം/തുണി മേഖല ലക്ഷ്യമാക്കി തിരുവനന്തപുരത്തും കണ്ണൂരും അപ്പാരൽ പാർക്കുകൾ സ്ഥാപിച്ചു.<br>➢ കയറ്റുമതി മേഖല ലക്ഷ്യമാക്കി കിൻഫ്ര എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്ക് എറണാകുളത്ത് സ്ഥാപിച്ചു.<br>➢ ഭക്ഷ്യ സംസ്ക്കരണ മേഖല ലക്ഷ്യമിട്ട് അടൂർ, മഴുവന്നൂർ, കാക്കാഞ്ചേരി, വയനാട് എന്നിവിടങ്ങളിൽ അടിസ്ഥാന സൗകര്യം വികസിപ്പിച്ചു.<br>➢ ചെറുകിട മേഖലയുടെ വികസനത്തിന് വിവിധ പാർക്കുകൾ സ്ഥാപിച്ചു.<br>➢ ഫിലിം അധിഷ്ഠിത വ്യവസായം ലക്ഷ്യമാക്കി ഫിലിം & വീഡിയോ പാർക്ക് സ്ഥാപിച്ചു.<br>➢ റബ്ബർ അധിഷ്ഠിത വ്യവസായം ലക്ഷ്യമാക്കി റബ്ബർ പാർക്ക് സ്ഥാപിച്ചു.<br>മേൽപ്പറഞ്ഞ വ്യവസായ പാർക്കുകളിൽ ഏകദേശം 403 വ്യവസായ സംരംഭകർക്ക് ഭൂമി അലോട്ട് ചെയ്ത് നൽകുകയുണ്ടായി.<br>സംരംഭകർ നൽകിയ പ്രോജക്ട് റിപ്പോർട്ടുകൾ പ്രകാരം ഏകദേശം 4476.26 കോടി രൂപയുടെ നിക്ഷേപം ഉണ്ടാകും എന്ന് പ്രതീക്ഷിക്കുന്നു. |
| (ഇ) കിൻഫ്രയുടെ വ്യവസായ പാർക്കുകളിൽ വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | ഇ) കിൻഫ്രയുടെ വ്യവസായ പാർക്കുകളിൽ അടിസ്ഥാന സൗകര്യങ്ങൾ എല്ലാംതന്നെ കിൻഫ്ര ലഭ്യമാക്കുന്നുണ്ട്. കൂടാതെ നിയമപരമായി ലഭിക്കേണ്ട ലൈസൻസുകളും അനുബന്ധ അനുമതികളും സമയ ബന്ധിതമായി ലഭിക്കുന്നതിന് ഏകജാലക സംവിധാനം പാർക്കുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. |
| എഫ്) ഭക്ഷ്യ സംസ്കരണ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് കിൻഫ്ര നടത്തുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കുമോ; | എഫ്) ഭക്ഷ്യസംസ്കരണത്തിനെ പ്രോത്സാപ്പിക്കുന്നതിനായി കിൻഫ്രയുടെ ആഭിമുഖ്യത്തിൽ താഴെപ്പറയുന്ന വ്യവസായ പാർക്കുകൾ/ ഭക്ഷ്യസംസ്ക്കരണമേഖലകൾ എന്നിവ സ്ഥാപി ച്ചിട്ടുണ്ട്. |

സാമ്പത്തികമേഖല, കാക്കഞ്ചേരി, മലപ്പുറം

- ഭക്ഷ്യസംസ്ക്കരണ മേഖല, കിൻഫ്ര ചെറുകിട വ്യവസായ പാർക്ക്, മഴുവന്നൂർ,എറണാകുളം
- കോൾഡ് സ്റ്റോറേജ്, കിൻഫ്ര വ്യവസായ പാർക്ക്, വയനാട്
- ഭക്ഷ്യസംസ്ക്കരണ പാർക്ക്, അടൂർ, പത്തനംതിട്ട

വയനാട്ടിൽ ഒരു ഭക്ഷ്യ സംസ്ക്കരണ പാർക്ക്, തൃശ്ശൂരിൽ ഒരു കേര പാർക്ക് എന്നിവ സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു.

മേൽപ്പറഞ്ഞ പാർക്കുകളിൽ ഭക്ഷ്യ സംസ്ക്കരണ മേഖലയ്ക്കു വേണ്ട താഴെപറയുന്ന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

- വാട്ടർ ട്രീറ്റ്മെൻറ് പ്ലാൻ
- എഫ്ലുവെൻറ് ട്രീറ്റ്മെൻറ് പ്ലാൻറ്
- ക്വാളിറ്റി കൺട്രോൾ ലാബ്
- ഫുഡ് ഇൻക്യുബേഷൻ സെൻറർ, കാക്കഞ്ചേരി
- കോൾഡ് സ്റ്റോറേജ് സംവിധാനം

കേന്ദ്ര ഭക്ഷ്യ സംസ്ക്കരണ മന്ത്രാലയത്തിൻെറ കേരളത്തിലെ പദ്ധതികളുടെ നോഡൽ ഏജൻസി കിൻഫ്രയാണ്.

| | |
|---|---|
| ജി) ഭക്ഷ്യ സംസ്ക്കരണ വ്യവസായത്തിന് കേന്ദ്ര ഗൺമെൻറിൻെറ ഗ്രാൻറ് ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കുമോ? | ജി) നിരവധി സംരംഭകർക്ക് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ധനസഹായം നൽകാറുണ്ട്. അതുപ്രകാരം 135 പദ്ധതികൾക്ക് 48.62 കോടി രൂപയുടെ സഹായം നൽകിയിരുന്നു. 2007-ന് ശേഷം ബാങ്ക് മുഖേനയാണ് സഹായം വിതരണം ചെയ്യുന്നത്. അതുപ്രകാരം 111 പദ്ധതികൾക്ക് 33.5 കോടി രൂപ സഹായം വിതരണം ചെയ്തു.<br>11-ാം പഞ്ചവത്സര പദ്ധതിക്കാലത്തേയ്ക്ക് |

മെഗാ ഫുഡ് പാർക്കുകൾക്കുവേണ്ടി കേന്ദ്ര സർക്കാർ പുതിയ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത മാർഗ്ഗ നിർദ്ദേശ പ്രകാരം സ്വകാര്യ പങ്കാളിത്ത ത്തോടുകൂടിയാണ് പദ്ധതി നടപ്പിലാക്കേണ്ടത്. സ്വകാര്യ സംരംഭകർ ഈ ആവശ്യത്തിനായി ഒരു Speicial purpose vehicle രൂപീകരിക്കുകയും കുറഞ്ഞത് 51 ശതമാനം മൂലധനം കണ്ടെത്താൻ തയ്യാറാകുകയും ചെയ്യുന്ന പക്ഷം കേന്ദ്ര സർക്കാർ പദ്ധതിയ്ക്ക് 50 കോടി രൂപ ധനസഹായം നൽകുന്നതാണ്.

ഈ SPVയിൽ മൂന്ന് വ്യവസായ സംരംഭകർ കുറഞ്ഞത് ഉണ്ടായിരിക്കണം.

Rajesh
സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ടചോദ്യം നമ്പർ. 364 — 15 -07-2010-ൽ മറുപടിയ്ക്ക്

## കോർപ്പറേറ്റ്, സ്വകാര്യമേഖലകളിലെ ജോലി സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് തൊഴിൽ മേളകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പി.ടി.എ.റഹീം:<br>ശ്രീ.ബാബു എം.പാലിശ്ശേരി:<br>ശ്രീ.എ.പ്രദീപ് കുമാർ:<br>ശ്രീ.സാജു പോൾ: | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |
| (എ) യുവജനങ്ങളെ സ്വയംതൊഴിൽ കണ്ടെത്തുന്നതിന് പ്രാപ്തരാക്കുന്ന തൊഴിൽ പരിശീലന പരിപാടികൾ, യുവജനക്ഷേമ ബോർഡിന്റെ മേൽ നോട്ടത്തിൽ സംഘടിപ്പിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ; | (എ) ഉണ്ട്. ഇതിനായി ശാക്തീകരണത്തിന്റെ ഭാഗമായി ബോർഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള യൂത്ത് ക്ലബ്ബുകൾ/സന്നദ്ധ സംഘടനകൾ എന്നിവ മുഖേന സ്വയംതൊഴിൽ പരിശീലന പരിപാടി സംഘടിപ്പിക്കുകയും സ്വയംതൊഴിൽ പരിശീലനം, ബോധവൽക്കരണം, കാർഷിക വികസന പദ്ധതികൾ എന്നിവയ്ക്കായുള്ള ധനസഹായം നൽകി വരികയും ചെയ്യുന്നു. കൂടാതെ യുവശക്തി പദ്ധതിയുടെ ഭാഗമായി രൂപീകരിച്ചിട്ടുള്ള പഞ്ചായത്ത് യൂത്ത് സെന്ററുകൾ മുഖേന വിവിധ തൊഴിൽ പരിശീലനം, കാർഷിക പദ്ധതികൾ എന്നിവയ്ക്കും ധനസഹായം നൽകി വരുന്നുണ്ട്. കൂടാതെ യുവ കാർഷിക ക്ലബ്ബുകൾ, ക്ഷീരധാര എന്നീ പദ്ധതികളും നടപ്പാക്കി വരുന്നു. |

| | |
|---|---|
| (ബി)<br>യുവാക്കൾക്ക് കോർപ്പറേറ്റ്, സ്വകാര്യ മേഖലകളിലെ ജോലി സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് തൊഴിൽ മേളകൾ സംഘടിപ്പിക്കാറുണ്ടോ; | (ബി) ഉണ്ട്. യുവാക്കൾക്ക് ജോലി സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി ജോബ് ഫെസ്റ്റ് എന്ന പേരിൽ തൊഴിൽ മേളകൾ സംഘടിപ്പിക്കാറുണ്ട്. |
| (സി)<br>യൂത്ത് ക്ലബ്ബുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം സഹായങ്ങൾ ചെയ്യുന്നുണ്ട് എന്ന് വ്യക്തമാക്കുമോ ; | സി) യൂത്ത് ക്ലബ്ബുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വയംതൊഴിൽ പരിശീലനം, ബോധവൽക്കരണം, കാർഷിക വികസന പദ്ധതികൾ എന്നിവയ്ക്ക് ധനസഹായം നൽകി വരുന്നു. കൂടാതെ, സാമൂഹ്യ സേവന രംഗത്ത് മികവ് പ്രകടിപ്പിക്കുന്ന സംഘടനകൾക്ക് വർഷംതോറും യൂത്ത് അവാർഡുകൾ നൽകി വരുന്നു. യുവാക്കളിൽ സാഹസികത വളർത്തുക ലക്ഷ്യമാക്കി യുവജന ക്ഷേമബോർഡ് കേരളത്തിലെ വിവിധ ജില്ലകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട യൂത്ത് ക്ലബ്ബുകൾക്ക് സാഹസിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനായി ധനസഹായം നൽകി വരുന്നു. വനിതകളുടെ ക്ഷേമത്തിനും ഉന്നമനത്തിനും ലക്ഷ്യമിട്ട് വനിതാ യൂത്ത് ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. ഇവയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനും തൊഴിൽ മേഖലകൾ പരിചയപ്പെടുത്തുന്നതിനുമായി സ്വയംതൊഴിൽ പരിശീലന സെമിനാറുകൾ സംഘടിപ്പിക്കുന്നതിനും ധനസഹായം നൽകി വരുന്നു. |
| (ഡി)<br>ഇൻഫർമേഷൻ സെന്ററിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ ? | (ഡി)<br>ഇതിന്റെ ഭാഗമായി ജാലകം പദ്ധതി 5 ജില്ലകളിൽ ആരംഭിച്ചു കഴിഞ്ഞു. മറ്റ് ജില്ലകളിൽ നടപ്പാക്കാൻ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : * 365

15.07.2010-ൽ മറുപടിക്ക്.

## വ്യവസായ വിജ്ഞാന കേന്ദ്രങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. രാജാജി മാത്യു തോമസ് :<br>ശ്രീ. എൻ. അനിരുദ്ധൻ :<br>ശ്രീ. വി.എസ്. സുനിൽ കുമാർ :<br>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വ്യവസായ വിജ്ഞാന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ എത്രയെണ്ണം ; എവിടെയെല്ലാം ;<br><br>(ബി) പ്രസ്തുത കേന്ദ്രങ്ങളിൽ എന്തെല്ലാം വിവരങ്ങളാണ് ലഭ്യമാകുന്നതെന്ന് വ്യക്തമാക്കുമോ ;<br><br>(സി) ഇൻഡ്യയുടെ വ്യവസായ മേഖലയുടെ സ്ഥിതി വിവര കണക്കുകൾ അവലോകനങ്ങൾ തുടങ്ങിയവ ലഭിക്കുന്നതിന് പ്രസ്തുത കേന്ദ്രങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ? | (എ)-യും (ബി)-യും (സി)-യും.<br><br>കെ.എസ്.ഐ.ഡി.സി-യിൽ സ്ഥാപിച്ചിട്ടുള്ള നാഷണൽ റിസോഴ്സ് സെന്റർ ഫോർ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് (NRCID)-ൽ നിന്നും ഇന്ത്യയിലെ വ്യവസായ മേഖലയെ സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുന്നതിന് എല്ലാവർക്കും അവസരമുണ്ട്. ഇത് കമ്പനികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വ്യക്തികൾ തുടങ്ങി എല്ലാവർക്കും ഉപയോഗിക്കാവുന്നതാണ്. ഈ കേന്ദ്രം കെ.എസ്.ഐ.ഡി.സി-യുടെ ഹെഡ് ഓഫീസിലാണ് സ്ഥാപിച്ചിട്ടുള്ളത്. ഈ സംവിധാനം ഉപയോഗിക്കുന്നതിനുള്ള അംഗത്വ ഫീസ് ഈ കേന്ദ്രത്തിൽ അടച്ച് വിവരങ്ങൾ ലഭ്യമാക്കാവുന്നതാണ്. കൂടാതെ 14 ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും, വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലും ഇൻഫർമേഷൻ കൗണ്ടറും എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും എന്റർപ്രണേഴ്സ് ഗൈഡൻസ് സെല്ലും പ്രവർത്തിക്കുന്നു. ഇൻഫർമേഷൻ വിഭാഗത്തിൽ വ്യവസായ സംരംഭകർക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ, സാങ്കേതിക വിജ്ഞാനത്തിന്റെ ലഭ്യത, വായ്പാ ലഭ്യത, വിപണന സാധ്യത, വിവിധ സർക്കാർ പദ്ധതികളെക്കുറിച്ച് സംരംഭകർക്ക് ലഭിക്കുന്ന സഹായങ്ങൾ മുതലായവയുടെ വ്യക്തമായ വിവരങ്ങൾ നൽകുന്നു. കേന്ദ്ര സർക്കാർ നടത്തുന്ന വ്യവസായ സെൻസസ് (MSME census) സംബന്ധിച്ച വിവരങ്ങളും ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 366 | 15-07-2010-ൽ മറുപടിയ്ക്ക് |

*നേഴ്സിംഗ് രജിസ്ട്രേഷൻ*

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.ജെ. ജോസഫ്:<br>ശ്രീ. മോൻസ് ജോസഫ്:<br>ശ്രീ. റ്റി.യു. കുരുവിള: | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് കൂടുതൽ പാരാമെഡിക്കൽ കോളേജുകൾ സ്ഥാപിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; | എ) | പാരാമെഡിക്കൽ മേഖലയിൽ വർദ്ധിച്ചു വരുന്ന തൊഴിൽ സാദ്ധ്യത കണക്കിലെടുത്ത് അടിസ്ഥാന സൗകര്യങ്ങൾ തൃപ്തികരമാണെന്ന് കാണുന്ന പക്ഷം നിലവിലുള്ള നിബന്ധനകൾക്കു വിധേയമായി പുതിയ പാരാമെഡിക്കൽ കോളേജുകൾ അനുവദിക്കുന്നതാണ്. |
| ബി) | പാരാമെഡിക്കൽ കോഴ്സുകൾക്കായി സംസ്ഥാനത്തെ കുട്ടികൾ പുറത്തുപോകുന്ന സ്ഥിതി ഒഴിവാക്കാൻ നിർദ്ദിഷ്ട മെഡിക്കൽ യൂണിവേഴ്സിറ്റിയുടെ കീഴിൽ കോഴ്സുകൾ ആരംഭിക്കുമോ; | ബി) | കേരളാ യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് അലൈഡ് സയൻസസ്, തൃശൂർ, അഫിലിയേറ്റിങ്ങ് യൂണിവേഴ്സിറ്റി ആയാണ് പ്രവർത്തിക്കുന്നത്. യൂണിവേഴ്സിറ്റി നേരിട്ട് ഇപ്പോൾ കോളേജുകൾ പ്രവർത്തിപ്പിക്കുന്നില്ല. 18 പാരാമെഡിക്കൽ കോളേജുകൾ യൂണിവേഴ്സിറ്റിയിൽ അഫിലിയേറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ആവശ്യമായ സൗകര്യങ്ങൾ ഉള്ള കോളേജുകൾക്ക് പുതിയ കോഴ്സുകൾക്കായി ഹെൽത്ത് യൂണിവേഴ്സിറ്റിയിൽ അഫിലിയേഷന് അപേക്ഷിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| സി) | ഇംഗ്ലണ്ട് പോലുള്ള രാജ്യങ്ങളിൽ അടുത്തവർഷം മുതൽ നേഴ്സിംഗ് രജിസ്ട്രേഷന്, സെൻട്രൽ മെഡിക്കൽ കൗൺസിലിന്റെ രജിസ്ട്രേഷൻ നിർബന്ധമാക്കിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനുവേണ്ടി എന്തു നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു; | സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | നേഴ്സിംഗ് കൗൺസിലിന്റെ രജിസ്ട്രേഷനുവേണ്ടി സംസ്ഥാനത്തെ വിവിധ ഭാഗത്തെ കുട്ടികൾ തിരുവനന്തപുരത്ത് വന്ന് രജിസ്റ്റർ ചെയ്യുന്നത് ഒഴിവാക്കാൻ റീജിയണൽ ഓഫീസ് തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ ? | (ഡി) | കേരള നേഴ്സിംഗ് കൗൺസിലിൽ രജിസ്റ്റർ ചെയ്യുന്നതിന് തിരുവനന്തപുരത്ത് നേരിട്ട് വരണമെന്നില്ല. പൂരിപ്പിച്ച അപേക്ഷാ ഫാറം തപാൽവഴി അയച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്. കേരള നേഴ്സിംഗ് കൗൺസിൽ വെബ്സൈറ്റ് ആരംഭിക്കാനുള്ള നടപടി ക്രമങ്ങൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. വെബ്സൈറ്റ് ആരംഭിച്ചു കഴിഞ്ഞാൽ രജിസ്ട്രേഷന് ഓൺലൈനായി അപേക്ഷ സമർപ്പിക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 367 15/07/2010-ൽ മറുപടിയ്ക്ക്

### ഹോമിയോ ചികിത്സാസമ്പ്രദായം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :<br>ശ്രീ. ബി. ഡി. ദേവസ്സി :<br>ശ്രീ. കെ. കെ. ജയചന്ദ്രൻ :<br>ശ്രീ. കെ. സി. കുഞ്ഞിരാമൻ : | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |

---

| ചോദ്യം | മറുപടി |
|---|---|
| (എ) ഹോമിയോ ചികിത്സ സമ്പ്രദായം പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) ഹോമിയോപ്പതി വകുപ്പിനു കീഴിൽ നിലവിൽ 30 ഹോമിയോ ആശുപത്രികളും 526 ഡിസ്പൻസറികളും പ്രവർത്തിച്ചു വരുന്നു. ഹോമിയോ ആശുപത്രികളിൽ ക്ലിനിക്കൽ ലാബ്, അൾട്രാ സൗണ്ട് സ്കാനിംഗ് യൂണിറ്റ് നെബുലൈസർ, ഓട്ടോ ക്ലേവ്, സെമി ഓട്ടോ അനലൈസർ, ഇ.സി.ജി തുടങ്ങിയ ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ജില്ലാ മെഡിക്കലോഫീസുകൾക്ക് പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം, എൽ.സി.ഡി പ്രൊജക്ടർ എന്നിവ നൽകി ആധുനിക വൽക്കരിച്ചു. ഇതിനൊക്കെ പുറമേ സംസ്ഥാനത്ത് ഹോമിയോ ചികിത്സ സമ്പ്രദായം പ്രോത്സാഹിപ്പിക്കുന്നതിന് ദേശീയ ഗ്രാമീണ - ആരോഗ്യ ദൗത്യ പദ്ധതി (എൻ.ആർ.എച്ച്.എം) പ്രകാരം 276 ഹോമിയോ ഡിസ്പൻസറികൾ കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ അനുവദിക്കപ്പെട്ടു. ഈ വർഷത്തെ ബഡ്ജറ്റിൽ പുതിയ സർക്കാർ ഹോമിയോ ഡിസ്പൻസറികൾ അനുവദിക്കുന്നതിനായി ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതുപോലെ സ്ത്രീകളുടെ മാനസിക ശാരീരിക പ്രശ്ന പരിഹാരത്തിനും ആരോഗ്യ സംരക്ഷണത്തിനുമായി സീതാലയം എന്ന പേരിൽ ഒരു സമഗ്ര ആരോഗ്യക്ഷേമ പദ്ധതി ഈ വർഷം |

മുതൽ പുതുതായി ആരംഭിക്കുന്നു വ്യക്തിത്വ - മാനസിക പ്രശ്നങ്ങൾ ഉള്ള സ്കൂൾ കുട്ടികൾക്കായുള്ള സ്കൂൾ ഹെൽത്ത് പ്രോഗ്രാം, തീർത്ഥാടന കാലയളവിൽ ഭക്തജനങ്ങൾക്കായി നടത്തപ്പെടുന്ന താൽക്കാലിക ഡിസ്പെൻസറികൾ, ആരോഗ്യ സെമിനാറുകൾ, മെഡിക്കൽ ക്യാമ്പുകൾ, രോഗപ്രതിരോധ പ്രവർത്തനങ്ങൾ, ആശുപത്രികളുടെ നവീകരണം, ആധുനികവൽക്കരണം, സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ തുടർ -മെഡിക്കൽ വിദ്യാഭ്യാസ പദ്ധതി തുടങ്ങിയ പൊതുവായ തുടർ പദ്ധതികൾക്ക് പുറമേയാണ് ഇത് പടർന്ന് പിടിക്കുന്ന പകർച്ച വ്യാധികളെ ഫലപ്രദമായി പ്രതിരോധിക്കാൻ ഹോമിയോപ്പതി വകുപ്പിൽ റാപ്പിഡ് ആക്ഷൻ എപ്പിഡമിക് കൺട്രോൾ സെൽ (റീച്ച്) രൂപീകരിച്ചിട്ടുണ്ട്.

ആലപ്പുഴയിലെ ഹോമിയോ ഔഷധ നിർമ്മാണ കമ്പനിയായ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് സൊസൈറ്റിക്ക് (ഹോംകോ) അവരുടെ ഔഷധ നിർമ്മാണ വികസനങ്ങൾക്കായി ഈ വർഷത്തെ ബഡ്ജറ്റിൽ 4 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | നിലവിലുള്ള ഡിസ്പൻസറികൾ ശക്തിപ്പെടുത്തുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; | (ബി) | ഹോമിയോപ്പതി വകുപ്പിൽ നിലവിലുള്ള ഡിസ്പൻസറികൾ ശക്തിപ്പെടുത്തൽ, താൽക്കാലിക ഡിസ്പൻസറികൾ ആരംഭിക്കൽ കൂടാതെ പകർച്ചവ്യാധി നിയന്ത്രണ നടപടികൾ എന്ന പേരിൽ സംസ്ഥാന പദ്ധതി വർഷങ്ങളായി ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നുണ്ട് ഈ വർഷവും അത് തുടരുന്നു. |
| (സി) | ക്ലിനിക്കൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഹോമിയോ ഡിസ്പൻസറികളിലെ ക്ലിനിക്കൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 350 ഡിസ്പൻസറികളിൽ ഗ്ലൂക്കോ മീറ്റർ, ബി.പി.അപ്പാരറ്റസ്, വാട്ടർ പ്യൂരിഫയർ, എക്സ്റേ വ്യൂവർ, സ്റ്റെറിലൈസർ കിറ്റ്, വെയിംഗ് മെഷീൻ, ഇഎൻടി സെറ്റ്, നെബുലൈസർ എന്നിവ നൽകി. കഴിഞ്ഞ വർഷം തെരഞ്ഞെടു |

ക്കപ്പെട്ട 33 ഡിസ്പൻസറികളിൽ കമ്പ്യൂട്ടറും ഹോമിയോപ്പതി മെഡിക്കൽ സോഫ്റ്റ്‌വെയറായ ഹോംപത് എന്നിവയും നൽകി നവീകരിച്ചു. 18 ഹോമിയോ ആശുപത്രികളിൽ ക്ലിനിക്കൽ ലാബുകൾ ആരംഭിച്ചു. അഞ്ച് ക്ലിനിക്കൽ ലബോറട്ടറികൾക്കു ഓട്ടോ അനലൈസർ, മൈക്രോസ്കോപ്പ്, ലാബ് ഉപകരണങ്ങൾ എന്നിവ നൽകി. 11 ആശുപത്രികളിൽ ട്രാക്ഷൻ യൂണിറ്റുകൾ സ്ഥാപിച്ചു. കഴിഞ്ഞ വർഷം 154 ഹോമിയോ സ്ഥാപനങ്ങളിൽ ഗ്ലൂക്കോ മീറ്ററും, 500 സ്ഥാപനങ്ങളിൽ ബി.പി.അപ്പാരറ്റസും നൽകി. പാലക്കാട് ജില്ലാ ഹോമിയോ ആശുപത്രിയിലും എലത്തൂർ ഹോമിയോ ആശുപത്രിയിലും സെമി ആട്ടോ അനലൈസർ സ്ഥാപിച്ചു. ഈ വർഷവും ബാക്കിയുള്ള ഡിസ്പൻസറികളിലും ആശുപത്രികളിലും ആവശ്യമായ ആധുനിക ആശുപത്രി ഉപകരണങ്ങൾ വാങ്ങി ക്ലിനിക്കൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. ആയതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

| | |
|---|---|
| (ഡി) പകർച്ച വ്യാധികൾക്കെതിരെ ബോധവൽക്കരണം നടത്തുന്നതിനും പ്രതിരോധഗുളികകൾ നൽകുന്നതിനും വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (ഡി) ഹോമിയോപ്പതി വകുപ്പിൽ പകർച്ചവ്യാധി നിയന്ത്രണത്തിനായി സർക്കാർ ഉത്തരവിൻ പ്രകാരം രൂപീകൃതമായ റാപ്പിഡ് ആക്ഷൻ എപ്പിഡമിക് കൺട്രോൾ സെൽ, ഹോമിയോപ്പതി (റീച്ച്) അഥവാ ദ്രുതകർമ്മ സാംക്രമിക രോഗ നിയന്ത്രണ സെൽ നിലവിലുണ്ട്. ഇതിൻെറ നേതൃത്വത്തിൽ പകർച്ചവ്യാധി ഉള്ളയിടങ്ങളിൽ റീച്ചിൻെറ ജില്ലാതല എക്സ്പെർട്ട് ഗ്രൂപ്പ് കേസ് സ്റ്റഡി നടത്തി പ്രസ്തുത പകർച്ച വ്യാധിക്ക് ഉത്തമമായ പ്രതിരോധ മരുന്ന് (ജീനസ് എപ്പിഡമിക്കസ്) കണ്ടെത്തി നിലവിലുള്ള ഹോമിയോ സ്ഥാപനങ്ങൾ വഴിയും സന്നദ്ധ സംഘടനകൾ, റസിഡൻഷ്യൽ അസോസിയേഷനുകൾ, ഇതര സാമൂഹിക സാംസ്ക്കാരിക സംഘടനകൾ എന്നിവ വഴിയും മരുന്ന് വിതരണം നടത്തുന്നു. ബോധവൽക്കരണ |

ക്ലാസുകൾ, ആരോഗ്യ സെമിനാറുകൾ, മെഡിക്കൽ ക്യാമ്പുകൾ എന്നിവയാണ് ഇതിന്റെ മറ്റു പ്രധാന പ്രവർത്തനങ്ങൾ. സംസ്ഥാന പദ്ധതിയിൽനിന്നും ഒരു വിഹിതം പ്രയോജനപ്പെടുത്തി ഇത്തരം പ്രവർത്തനങ്ങൾ എല്ലാ വർഷവും തുടർന്നുവരുന്നു. കഴിഞ്ഞ വർഷം പകർച്ചവ്യാധികൾ തടയുന്നതിന്റെ ഭാഗമായി ചിക്കുൻഗുനിയ, ഡെങ്കിപ്പനി, എച്ച്1 എൻ1 അടക്കമുള്ള പകർച്ചവ്യാധികൾക്കെതിരെ മാസ് മീഡിയ ഉപയോഗിച്ച് ബോധവൽക്കരണം ഉൾപ്പെടെ 2500 ലധികം മെഡിക്കൽ ക്യാമ്പുകൾ നടത്തി പ്രതിരോധ മരുന്നുകൾ വിതരണം ചെയ്തു.

(ഇ) ഈ വർഷം പുതുതായി ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

(ഇ) ഈ വർഷം ജനറൽ സെക്ടറിൽ പുതിയ ഹോമിയോ ഡിസ്പൻസറികൾ ആരംഭിക്കുന്നതിനായി 100 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 368 — 15.07.2010-ൽ മറുപടിക്ക്

### വൃദ്ധർക്ക് ആരോഗ്യപരിപാലന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പദ്ധതി

**ചോദ്യം**

*ശ്രീ.എം.ജെ.ജേക്കബ് :*
*ശ്രീ.എം.കെ.പുരുഷോത്തമൻ :*
*ശ്രീമതി.ജെ.അരുന്ധതി :*

(എ) വൃദ്ധരുടെ ജനസംഖ്യ ഉയർന്നുവരുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ ആശുപത്രികളിൽ വൃദ്ധർക്ക് ആരോഗ്യ പരിപാലന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) ഏതെല്ലാം തലത്തിലുള്ള ആശുപത്രികളിൽ ജറിയാട്രിക് വാർഡുകൾ തയ്യാറാക്കുന്നതിന് ഉദ്ദേശിക്കുന്നു ;

**ഉത്തരം**

*ശ്രീമതി. പി.കെ.ശ്രീമതി ടീച്ചർ*
(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)

(എ) സംസ്ഥാനത്ത് വയോജനങ്ങളുടെ ആരോഗ്യ പരിപാലനത്തിന് ആവശ്യമായ സൗകര്യങ്ങളോട് കൂടിയ ജെറിയാട്രിക് വാർഡ് സംവിധാനം തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി എന്നീ ജില്ലകളിൽ ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ മറ്റുള്ള ജില്ലകളിലും ഈ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആരോഗ്യ സ്ഥാപനങ്ങളിലെ വാർധക്യകാല ആരോഗ്യ സംരക്ഷണ സൗകര്യങ്ങൾക്കും മറ്റ് വാർധക്യകാല ആരോഗ്യ പരിപാടികൾക്കുമായി കഴിഞ്ഞ സാമ്പത്തിക വർഷം മുതൽ പദ്ധതി ഇനത്തിൽ പുതിയ ഒരു സ്കീം ആരംഭിച്ചിട്ടുണ്ട്. ഈ വർഷം ഇക്കാര്യങ്ങൾക്കായി പദ്ധതിയിനത്തിൽ 40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ജനറൽ ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ, സ്പെഷ്യാലിറ്റി ആശുപത്രികൾ തുടങ്ങിയ

ആശുപത്രികളിൽ ജെറിയാട്രിക് വാർഡുകൾ തയ്യാറാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(സി) ഇപ്പോൾ വിവിധ ആശുപത്രികളിലായി എത്ര ജറിയാട്രിക് വാർഡുകൾ നിലവിലുണ്ട് ;

(സി) ഇപ്പോൾ സംസ്ഥാനത്തെ വിവിധ ജില്ലകളിലുള്ള 11-ഓളം ആശുപത്രികളിൽ ജെറിയാട്രിക് വാർഡുകൾ പ്രവർത്തിക്കുന്നുണ്ട്.

(ഡി) ഈ വാർഡുകളിൽ എന്തെല്ലാം പ്രത്യേക ചികിത്സാ സൗകര്യങ്ങളാണ് സജ്ജമാക്കുന്നത് ;

(ഡി) വാർദ്ധക്യ സഹജമായ അസുഖങ്ങൾക്ക് ആവശ്യമായ ചികിത്സാ സൗകര്യങ്ങൾ ഇവർക്കായി ഒരുക്കിയിട്ടുണ്ട്. ഇതിനായി വിദഗ്ധ ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തിയിട്ടുണ്ട്.

(ഇ) ഈ പദ്ധതിക്ക് കേന്ദ്ര സർക്കാരിൻെറ പ്രത്യേക സഹായം ലഭിക്കുമോ എന്ന് വെളിപ്പെടുത്തുമോ ?

(ഇ) 2010-11 ലെ ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യത്തിൻെറ പദ്ധതി രേഖയിൽ ഉൾപ്പെടുത്തി പ്രസ്തുത പദ്ധതിക്കായി കേന്ദ്ര ഗവൺമെൻറ് 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിനുള്ള മാർഗ്ഗരേഖ തയ്യാറായി വരികയാണ്.

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

*

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 369 — 15.07.2010-ൽ മറുപടിക്ക്

## ദീർഘകാലമായി പണി നടന്നു വരുന്ന നഗര ജലവിതരണ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. കെ. ബാബു<br>ശ്രീ. കെ.സി. ജോസഫ്<br>ശ്രീ. ഡൊമനിക് പ്രസന്റേഷൻ | ശ്രീ.എൻ.കെ.പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ദീർഘകാലമായി പണി നടന്നു വരുന്ന ഏതൊക്കെ നഗര ജലവിതരണ പദ്ധതികളാണ് ഇനിയും പൂർത്തീകരിക്കാനായുള്ളത്; | (എ) കേന്ദ്രസർക്കാർ, എൽ.ഐ.സി , ഹഡ്കോ തുടങ്ങിയ ഏജൻസികളിൽ നിന്നുള്ള സഹായം പ്രതീക്ഷിച്ച് തുടങ്ങി വച്ച 15 നഗരശുദ്ധജല വിതരണ പദ്ധതികൾ ഇനിയും പൂർത്തിയാക്കാനുണ്ട്. എന്നാൽ 2009-2010-ലെ മാന്ദ്യ വിരുദ്ധ പാക്കേജിലുൾ-പ്പെടുത്തി ഇവ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധ-മായി ചേർക്കുന്നു. |
| (ബി) ഇവയിൽ ഏതൊക്കെ പദ്ധതികളുടെ നിർമ്മാണം ഈ വർഷം തന്നെ പൂർത്തീകരിക്കണമെന്ന് തീരുമാനി-ച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) 1. പാല ശുദ്ധജല വിപുലീകരണ പദ്ധതി<br>2. വടക്കേക്കര സെൻസസ് ടൗൺ പദ്ധതി<br>3. കോലഴി-കുറ്റൂർ-പോട്ടൂർ ശുദ്ധജല വിതരണ പദ്ധതി<br>4. തൃശ്ശൂർ ഇടക്കാല ശുദ്ധജല വിപുലീകരണ പദ്ധതി<br>5. തലശ്ശേരിയ്ക്കും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള ഇടക്കാല ശുദ്ധജല വിപുലീകരണ പദ്ധതി<br>6. മഞ്ചേശ്വരം ശുദ്ധജല വിതരണ പദ്ധതി |
| (സി) ഇതിനായി സമയബന്ധിതമായ ഒരു നടപടിക്രമത്തിന് രൂപം നൽകിയി-ട്ടുണ്ടോ ? | (സി) പദ്ധതികളെല്ലാം തന്നെ മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി സമയബന്ധിത-മായി പൂർത്തിയാക്കുന്നതിനായി ഫാസ്റ്റ് ട്രാക്ക് രീതി സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാനത്തെ നഗര ജലവിതരണ പദ്ധതികൾക്കായി ഇതു വരെ ആകെ എത്ര കോടി രൂപയാണ് ചെലവഴിച്ച-തെന്ന് വെളിപ്പെടുത്തുമോ; | (ഡി) | പ്രസ്തുത പദ്ധതികൾക്കായി ഇതുവരെ 80 കോടി രൂപ ചിലവഴിച്ചിട്ടുണ്ട്. |
| (ഇ) | പ്രസ്തുത പദ്ധതികൾ പൂർണ്ണമായും പ്രവർത്തന സജ്ജമാക്കുന്നതിന് ഇനിയും ആകെ എത്ര കോടി രൂപ ചെലവിടേണ്ടി വരുമെന്നാണ് കണക്കാക്കുന്നത്; | (ഇ) | ഏകദേശം 114 കോടി രൂപയോളം വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. |
| (എഫ്) | പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്തതു മൂലം ആകെ എത്ര കോടി രൂപയുടെ അധികച്ചെലവ് വേണ്ടി വരുമെന്നാണ് കണക്കാക്കുന്നത് ? | (എഫ്) | ഇതിലേക്കായി വേണ്ടി വരുന്ന അധിക ചെലവ് കണക്കാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

ടാബ്ലിഷ്വം.

## Special Package for completing the Ongoing Urban WSS

| Sl. No | Name of scheme |
|---|---|
| 1 | UWSS to Chevoor Marathakkara census town in Thrissur District |
| 2 | UWSS to Kottayam and Pattiyam in Kannur Dist. |
| 3 | UWSS to Koothuparamba Municipality |
| 4 | UWSS to Pudukkad in Thrissur District |
| 5 | UWSS to Kolazhy, Kuttoor, Poottor in Thrissur Dist |
| 6 | UWSS to Vadakkekara in Ernakulam Dist. |
| 7 | UWSS to Manjeswaram in Kasargod Dist. |
| 8 | Thrissur Interim Aug.WSS |
| 9 | Augmentation of UWSS to Neyyattinkara Municipality |
| 10 | Augmentation of UWSS to Pala . |
| 11 | Interim Augmentation of WSS to Thalassery and adjoining villages |
| 12 | WS Improvement works to Kochi - Balance works of DFID |
| 13 | Thiruvananthapuram Interim Aug.WSS - GLSR at Manvila Tank |
| 14 | UWSS to Shornur Municipality |
| 15 | WSS to Ollur & Edakkunni CTs in Thrissur Corporation. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ടചോദ്യം നമ്പർ. 370 — 15 -07-2010-ൽ മറുപടിയ്ക്ക്

## പഞ്ചായത്ത് 'യുവക്രീഡാ ഔർ ഖേൽ അഭിയാൻ' പദ്ധതിയുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.വിശ്വൻ:<br>ശ്രീമതി പി.അയിഷാ പോറ്റി:<br>ശ്രീ.പി.കൃഷ്ണപ്രസാദ്:<br>ശ്രീ.മുരളി പെരുനെല്ലി: | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |
| (എ)<br>പഞ്ചായത്ത് 'യുവക്രീഡ ഔർ ഖേൽ അഭിയാൻ' പദ്ധതിയുടെ സംസ്ഥാനത്തെ പ്രവർത്തനം വിശദമാക്കുമോ ; | (എ)<br>ഗ്രാമീണ മേഖലയിൽ സ്പോർട്സിനുള്ള ആഭിമുഖ്യം വളർത്തുന്നതിന് കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയം നടപ്പാക്കിയിട്ടുള്ള പദ്ധതിയാണിത്. ഘട്ടം ഘട്ടമായി എല്ലാ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിലും കായിക പരിശീലനത്തിൽ മത്സരങ്ങൾ നടത്തുന്നതിനും ആവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കി സ്ഥിരമായ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിച്ച് യുവജനങ്ങൾക്ക് പരിശീലനം നൽകാനും ഈ പദ്ധതി കൊണ്ടുദ്ദേശിക്കുന്നു.<br>ഇപ്രകാരം കേരളത്തിൽ 2008-2009, 2009-2010 വർഷങ്ങളിലായി 200 ഗ്രാമപഞ്ചായത്തുകളിലും 30 ബ്ലോക്ക് പഞ്ചായത്തുകളിലും ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. നടപ്പു വർഷം പുതിയതായി 100 ഗ്രാമപഞ്ചായത്തുകളിലും 15 ബ്ലോക്ക് പഞ്ചായത്തുക |

ളിലും കൂടി ഈ പദ്ധതിയ്ക്കു വേണ്ടി തെരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയായി വരുന്നു.

പദ്ധതി നടപ്പിലാക്കുന്ന നോഡൽ ഏജൻസി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലാണ്.

(ബി) പദ്ധതി നടപ്പാക്കുന്നതു സംബന്ധിച്ച് കേന്ദ്രത്തിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ ഏതെല്ലാമാണ് ;

(ബി) മാർഗ്ഗ നിർദ്ദേശം അനുബന്ധമായി ചേർത്തിട്ടുണ്ട്.

(സി) പദ്ധതിക്കായി കേന്ദ്ര - സംസ്ഥാന സർക്കാരുകൾ ഇതിനകം എത്ര കോടി രൂപ ചെലവാക്കി ;

(ഡി) ഇതു മൂലമുണ്ടായിട്ടുള്ള ഭൗതിക നേട്ടം വ്യക്തമാക്കുമോ ; പദ്ധതിയുടെ ഈ വർഷത്തെ പ്രവർത്തന ലക്ഷ്യം വിശദമാക്കുമോ ;

സി) യും (ഡി) യും

ഇതിനു വേണ്ടി തെരഞ്ഞെടുക്കപ്പെട്ട ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്ക് കേന്ദ്ര/ സംസ്ഥാന വിഹിതമായി ആദ്യഗഡു താഴെ പറയും പ്രകാരം 1,01,80,000/- രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.

| | കേന്ദ്ര വിഹിതം | ഗ്രാമപഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | ആകെ |
|---|---|---|---|---|
| 1 | ഒറ്റത്തവണ പ്രാരംഭ മൂലധന ഗ്രാന്റ് | 37,50,000 | 28,12,500 | 65.62,500 |
| 2 | ആന്വൽ അക്വിസിഷൻ ഗ്രാന്റ് | 5,00,000 | 1,50,000 | 6,50,000 |
| 3 | ആന്വൽ ഓപ്പറേഷണൽ ഗ്രാന്റ് | 6,00,000 | 1,80,000 | 7,80,000 |
| 4 | സംസ്ഥാന വിഹിതം | 12,50,000 | 9,37,500 | 21,87,500 |
| | ആകെ | 61,00,000 | 40,80,000 | 1,01,80,000 |

പ്രസ്തുത തുക വിനിയോഗിച്ച് കളിസ്ഥലങ്ങളുടെ നിർമ്മാണ/വികസന പരിപാടികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. ടി പഞ്ചായത്തുകളിൽ കായിക പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി

സ്പോർട്സ് കോ-ഓർഡിനേറ്റർമാർക്ക് വേണ്ട പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ കായിക താരങ്ങളുടെ രജിസ്ട്രേഷനും പരിശീലനവും തുടർന്നു വരുന്നു. 2008-2009-ൽ ആരംഭിച്ച നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തികരിക്കുക, 2009-2010-ൽ തെരഞ്ഞെടുക്കപ്പെട്ട ഗ്രാമ/ ബ്ലോക്ക് പഞ്ചായത്തുകളിൽ കളിസ്ഥല നിർമ്മാണ/വികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കുക. 2010-2011 -ലെ പൈക്ക വാർഷിക കായിക മത്സരങ്ങൾ ബ്ലോക്ക്/ജില്ല/ സംസ്ഥാന തലങ്ങളിൽ സംഘടിപ്പിയ്ക്കുക ദേശീയ മത്സരങ്ങൾക്ക് ആതിഥ്യം വഹിക്കുക തുടങ്ങിയവയാണ് ഈ വർഷത്തെ പ്രവർത്തന ലക്ഷ്യം.

(ഇ) എത്ര പഞ്ചായത്തുകളിൽ കൂടി പദ്ധതി നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ ?

ഇ) 2016-2017-ഓടെ കേരളത്തിലെ എല്ലാ ഗ്രാമ/ബ്ലോക്ക്/പഞ്ചായത്തുകളിലും പൈക്ക പദ്ധതി നടപ്പിലാക്കുകയാണ് ലക്ഷ്യം.

[signature]

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

## പന്ത്രണ്ടാം കേരള നിയമസഭ
### പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട 15.07.2010 - ൽ

നിയമസഭാ ചോദ്യം നമ്പർ : 371 മറുപടിക്ക്

**പരമ്പരാഗത വ്യവസായങ്ങളുടെ പുരോഗതിക്കു വേണ്ടി സ്വീകരിച്ച നടപടികൾ**

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. ആനത്തലവട്ടം ആനന്ദൻ<br>ശ്രീ. സി.കെ.പി. പത്മനാഭൻ<br>ശ്രീ. ബി. രാഘവൻ<br>ശ്രീ. കെ. കുഞ്ഞിരാമൻ** | **ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി)** |
| **(എ)** വ്യവസായ വകുപ്പിന് കീഴിലുള്ള പരമ്പരാഗത വ്യവസായങ്ങൾ ഏതെല്ലാമാണ്; ഇവയുടെ പുരോഗതിക്കു വേണ്ടി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | **(എ)** വ്യവസായ വകുപ്പിന് കീഴിലുള്ള പ്രധാന പരമ്പരാഗത വ്യവസായങ്ങൾ കയർ, കൈത്തറി, കരകൗശലം, മുള/ഈറ, കശുവണ്ടി, ഖാദി, കരിമ്പന, ബീഡി എന്നിവയാണ്.<br>● കയർ<br>ജീവനക്ഷമമായ കയർ സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്ന പദ്ധതി പ്രകാരം 505 കയർ സഹകരണ സംഘങ്ങൾക്ക് സ്ഥിര മൂലധനമായും പ്രവർത്തനമൂലധനമായും 2382.69 ലക്ഷം രൂപ അനുവദിച്ചു. കൂടാതെ 565 സംഘങ്ങളുടെ 31/3/06- വരെയുള്ള സർക്കാർ വായ്പയും പലിശയും (2255.19 ലക്ഷം രൂപ) ഓഹരിയാക്കി മാറ്റി അവയുടെ സാമ്പത്തിക നില ഭദ്രമാക്കി. NCDC വായ്പ ഓഹരിയാക്കി മാറ്റുകയും പലിശയും പിഴപ്പലിശയും എഴുതി തള്ളുകയും ചെയ്തു. കയർ മേഖലയുടെ സമഗ്ര പുരോഗതിയ്ക്കായി പഠനം നടത്തുന്നതിന് കയർ കമ്മീഷൻ രൂപീകരിക്കുകയും പ്രസ്തുത കമ്മീഷൻ നൽകിയ റിപ്പോർട്ട് അംഗീകരിക്കുകയും പ്രധാന ശുപാർശകൾ 2009-10 മുതൽ നടപ്പിലാക്കി വരികയും ചെയ്യുന്നു. അവ ചുവടെ ചേർക്കുന്നു.<br><u>ചകിരി ക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ</u><br>സഹകരണ മേഖല, കുടുംബശ്രീ ,സി ഡി എസ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ മുഖേന ആരംഭിക്കുന്ന ഡീഫൈബറിംഗ് മില്ലുകൾക്ക് 75% പരമാവധി 25 ലക്ഷം രൂപ വരെ ഗ്രാന്റ്, പിത്ത് അധിഷ്ഠിത യൂണിറ്റുകൾക്ക് 75% പരമാവധി 15 ലക്ഷം രൂപ വരെ ഗ്രാന്റ് , പ്രവർത്തന രഹിതമായ ഡീഫൈബറിംഗ് മില്ലുകൾക്ക് പര |

| | |
|---|---|
| | മാവധി 15 ലക്ഷം രൂപ വരെ ഗ്രാന്റ് എന്നീ പദ്ധതികളും കൂടാതെ എൻ സി.ആർ എം ഐ വികസിപ്പിച്ചെടുത്ത മിനി ഡീഫൈബറിംഗ് മെഷീനുകൾ കയർ മേഖലയിലെ സഹകരണ സംഘങ്ങൾക്ക് സൗജന്യ നിരക്കിലും പ്രൈവറ്റ് മേഖല ഉൾപ്പെടെയുള്ളവർക്ക് സബ്സിഡി നിരക്കിലും നൽകുന്ന പദ്ധതി, തൊണ്ട് സംഭരണപദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിലൂടെ 30 തൊണ്ട് സംഭരണ കൺസോർഷ്യങ്ങളും 18 പുതിയ ഡീഫൈബറിംഗ് മില്ലുകളും 192 മിനി ഡീഫൈബറിംഗ് മെഷീനുകളും 7 പിത്ത് സംസ്കരണ യൂണിറ്റുകളും 13 ഡീഫൈബറിംഗ് മില്ലുകളുടെ പുനരുദ്ധാരണവും നടപ്പി ലാക്കി.<br><br>ആലപ്പുഴയിൽ കയർ വ്യവസായത്തിനാവശ്യമായ യന്ത്രസാമഗ്രികൾ നിർമ്മിക്കുന്നതിനുള്ള 18.34 കോടി രൂപ അടങ്കൽ പ്രതീക്ഷിക്കുന്ന ഫാക്ടറി സ്ഥാപിക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനത്തിന് തുടക്കം കുറിച്ചു.<br><br>സംഘം തൊഴിലാളികൾക്ക് സംഘം നൽകേണ്ട ത്രിഫ്റ്റ്, ഷെയർ, ഗ്രാറ്റുവിറ്റി എന്നി ബാദ്ധ്യതകൾ - സർക്കാർ ഏറ്റെടുക്കുകയും ഈ പദ്ധതി പ്ര കാരം 2009-10, 2010-11 വർഷങ്ങളിലായി 969.41 ലക്ഷം രൂപ അനുവദിച്ചു. ഏകദേശം 1.40 ലക്ഷം പേർക്ക് ഇതിന്റെ ആനുകൂല്യം ലഭി ക്കും.<br><br>കയർ കടാശ്വാസ പദ്ധതി പ്രകാരം 199 ചെറു കിട ഉൽപ്പാദകർക്കും 91 സഹകരണ സംഘങ്ങൾക്കുമായി 218 ലക്ഷം രൂപ 2009-10, 2010-11 വർഷങ്ങളിലായി അനുവദിച്ചിട്ടുണ്ട്.<br><br>കേരള കയർ ലോഗോയ്ക്ക് ട്രേഡ് മാർക്ക് അംഗീകാരം ലഭ്യമാക്കുകയും കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും വിപണനത്തിന് പൊതു സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി കേരള കയർ മാർക്കറ്റിംഗ് കൺസോർഷ്യം രൂപീകരിച്ചു വരികയും ചെയ്യുന്നു.<br>കയർഫെഡിന്റെയും കയർ പൊതുമേഖലാ സ്ഥാപനങ്ങളുടെയും ഉൽപ്പന്നങ്ങൾ പ്രാഥമിക സർവ്വീസ് സഹകരണസംഘങ്ങളിലൂടെ വിറ്റഴിക്കുന്ന പദ്ധതി നടപ്പിലാക്കി.<br>• **കശുവണ്ടി**<br>ആധുനിക വൽക്കരണത്തിനും പുനരുദ്ധാരണത്തിനും ഫാക്ടറികളിൽ തൊഴിൽ |

| | |
|---|---|
| | കൊടുക്കുന്നതിനും, ഗ്രാററുവിററി കൊടുക്കുന്നതിനുമായി plan, non plan contingency fund കളിലായി കാപ്പെക്സിന് 2006- 2007 -ൽ 510.56 ലക്ഷം രൂപയും 2007- 08-ൽ 1130 ലക്ഷം രൂപായും 2008-09 - ൽ 833 ലക്ഷം രൂപായും 2009 - 10 -ൽ 1600 ലക്ഷം രൂപയും ലഭിച്ചു. 2006-07-ൽ ലഭിച്ച 1,10,56,000/- രൂപ കൊണ്ട് കാപെക്സ് ഫാക്ടറികൾ ഏറെറടുക്കുകയും 2007 -2008, 2008 -09 വർഷങ്ങളിൽ ഗ്രാററുവിററിക്കായി ലഭിച്ച 3.00 കോടി രൂപ കൊണ്ട് 1998 മുതൽ 2004 വർഷം വരെ പിരിഞ്ഞുപോയ തൊഴിലാളികളുടെയും സ്റ്റാഫിന്റെയും ഗ്രാററുവിററി നൽകി. 2010-ൽ ലഭിച്ച 116 ലക്ഷം രൂപ കൊണ്ട് 2006 വരെയുള്ള തൊഴിലാളികൾക്ക് ഗ്രാററുവിററി കൊടുക്കുവാനാകും. കാപെക്സിന്റെ ചെങ്ങമനാട്, ഇരവിപുരം, എരുവ, പത്തിയൂർ, കിളികൊല്ലൂർ, ചാത്തിനാംകുളം എന്നീ ഫാക്ടറികൾ പൂർണ്ണമായും പുനർനിർമ്മിക്കുകയും മററുള്ള 4 ഫാക്ടറികളുടെ നിർമ്മാണം പുരോഗമിക്കുകയുമാണ്. ഉയരമുള്ള വായു സഞ്ചാരമുള്ള ഷെല്ലിംഗ്, പീലിംഗ് ഗ്രേഡിംഗ് ഷെഡുകൾ, വറപ്പുപുര, ബോർമ്മപുര, തോടുപുര, തൊലിപുര, തൊട്ടിപുര, വിശ്രമ മുറികൾ, തോട്ടണ്ടി ഉണക്കാനുള്ള യാർഡുകൾ, ചിമ്മിനികൾ. വൃത്തിയുള്ള ബാത്ത്റൂം, തോട്ടണ്ടി സംഭരിക്കാനുള്ള ഗോഡൗ ണുകൾ, പുതിയ വറുപ്പ് മെഷീനു കൾ, 10 ഫാക്ടറികളിലായി 14 ഇലക്ട്രിക് ബോർമ്മകൾ, ശുദ്ധജലം ലഭ്യമാക്കത്തക്ക സംവിധാനങ്ങൾ, ആധുനിക ഫ്ളെക്സി പായ്ക്കിംഗ് റോസ്റ്റഡ് & സാൾട്ടിംഗ് മെഷീനോടുകൂടിയ ഫ്ളെക്സി പായ്ക്കിംഗ് സെന്ററും ഹെഡോഫീസും, fully computer വൽക്കരണത്തോടുകൂടിയ ഓഫീസ് എന്നിവയും നിർമ്മിച്ചു. 2008- ൽ കാപെക്സിന്റെ സർവ്വകാല റിക്കോർ ഡായ 210 തൊഴിൽ ദിനങ്ങളും 2009- ൽ 214 തൊഴിൽ ദിനങ്ങളും നൽകാൻ സാധിച്ചു. 2010- ൽ 25.06.2010 വരെ 192 തൊഴിൽ ദിനങ്ങളും നൽകുവാൻ സാധിച്ചു. 2,500 ഓളം പുതിയ തൊഴിലാളികളെ റിക്രൂട്ട് ചെയ്ത് നിയമിച്ച് പാരിററി ക്ളിയർ ചെയ്തു.<br>01.01.2007 മുതൽ കശുവണ്ടി തൊഴിലാളി കളുടെ കുറഞ്ഞ വേതനം (മിനിമം വേജസ്) പുതുക്കി നിശ്ചയിച്ചിട്ടുള്ളതാണ്. കൂടാതെ കശുവണ്ടി രംഗത്ത് മാസ ശംബള സ്റ്റാഫ് ജീവനക്കാരുടെ ശമ്പളവും മററ് ആനുകൂല്യങ്ങളും 1.1.2007 മുതൽ പുതുക്കി നിശ്ചയിച്ചു കൊണ്ട് ഐആർ.ഡി. |

| | |
|---|---|
| | കരാർ പ്രാബല്യത്തിൽ വന്നിട്ടുള്ളതാണ്. കശുവണ്ടി മേഖലയിലെ തൊഴിലാളികളുടെ മിനിമം ബോണസിൽ 2009 വർഷം 250 രൂപയുടെ വർദ്ധനവ് വരുത്തിയിട്ടുള്ളതാണ്. കശുവണ്ടി , വ്യവസായ മേഖലയിൽ സംസ്ഥാനതലത്തിൽ നിയമ നിഷേധങ്ങൾ ക്കെതിരെ നടപടി എടുക്കുവാനും, വകുപ്പുകൾക്ക് നിയമ ലംഘനങ്ങൾ പരിഹരിക്കാനുള്ളനിർദേശങ്ങൾ നൽകുവാനും സ്പെഷ്യൽ ഓഫീസർ (കാഷ്യു)എന്നഒരുതസ്തികപുന:സ്ഥാപിക്കുകയും ചെയ്തു.<br>കശുവണ്ടി ഫാക്ടറിയിലെ നിയമനിഷേധ പ്രവർത്തനങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി സ്പെഷ്യൽ ഓഫീസറുടെ നേതൃത്വത്തിലുള്ള ഒരു എൻഫോഴ്സ് കമ്മിററി രൂപീകരിച്ചിട്ടുണ്ട്.<br>1967 ലെ കാഷ്യൂനട്ട് ഫാക്ടറി പ്രൊഹിബിഷൻ ആക്ടിൽ ആവശ്യമായ ഭേദഗതികൾ വരുത്തി നിയമനിഷേധങ്ങൾക്ക് കടുത്ത ശിക്ഷ (2 വർഷം തടവും 1 ലക്ഷം രൂപ പിഴയും) ഉൾപ്പെടുത്തിക്കൊണ്ട് പുതിയ നിയമം പാസാക്കി.<br>കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷൻ. കാപ്പക്സ് എന്നീ പൊതുമേഖല സ്ഥാപനങ്ങളിലെ കശുവണ്ടി ഫാക്ടറികളിൽ ഏററവും കൂടുതൽ തൊഴിൽ ദിനങ്ങൾ നൽകുക വഴി തൊഴിലാളികളുടെ ജീവിതരീതി മെച്ചപ്പെടുത്തുവാൻ കഴിഞ്ഞിട്ടുണ്ട്. തൊഴിലാളികൾക്ക് ജോലി ചെയ്യുന്നതിന് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും നൽകി വരുന്നുണ്ട്. കശുവണ്ടിപ്പരിപ്പിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുകയും പരിപ്പിൽ നിന്നുള്ള മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുകയും ആഭ്യന്തര വിദേശ വിപണികളിൽ ഇവയുടെ വിപണനം വർദ്ധിപ്പിക്കുകയും ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.<br>കശുവണ്ടി വ്യവസായം നേരിടുന്ന മുഖ്യപ്രശ്നമായ തോട്ടണ്ടിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി സംസ്ഥാനത്ത് കശുമാവ് കൃഷി, കർഷകർ വഴി നടപ്പിലാക്കുവാൻ സാമ്പത്തിക സാങ്കേതിക സഹായം ഉൾപ്പെടുത്തി പുതിയ പദ്ധതികൾ നടപ്പിലാക്കുവാൻ കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി എന്ന പേരിൽ 2007 ൽ ഒരു ഏജൻസി രൂപീകരിക്കുകയും ചെയ്തു.<br>കശുവണ്ടി വികസന കോർപ്പറേഷൻ കൈവരിച്ചിട്ടുള്ള പുരോഗതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ഫാക്ടറികൾ അന്താരാഷ്ട്ര നിലവാരത്തിലുള്ളതായി മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഫാക്ടറികളിൽ പുതുതായി ഷെഡുകൾ നിർമ്മിക്കുകയും 2 ഫാക്ടറി |

| | |
|---|---|
| | കൾ ISO നിലവാരത്തിലുള്ളതായി മാററുന്നതിനാവശ്യമായ പ്രവർത്തനങ്ങളും മററും നടത്തി വരുന്നു.<br>2. നിലവിലുണ്ടായിരുന്ന തട്ട് ബോർമ്മകൾക്ക് പകരമായി ഇലക്ട്രിക് ബോർമ്മ, ഹോട്ട് എയർ ബോർമ്മ, എന്നിവകൾ കോർപ്പറേഷൻ ഫാക്ടറികളിൽ സ്ഥാപിച്ചു.<br>3. നിലവിലുണ്ടായിരുന്ന ടിൻ ഫില്ലിംഗിന് പകരമായി കോർപ്പറേഷന്റെ ഫില്ലിംഗ് സെന്ററുകളിൽ ഫ്ളെക്സി പാ ക്കിംഗ് സിസ്റ്റം നടപ്പിലാക്കിയിട്ടുള്ളതാണ്.<br>4. CFTRI യുടെ സാങ്കേതിക സഹായത്തോടെ കശുവണ്ടിപ്പരിപ്പിൽ നിന്നും കാഷ്യൂ സൂപ്പ്, കാഷ്യൂ പൗഡർ, കാഷ്യൂ വിററ, കാഷ്യൂ ബിററ്സ് എന്നീ നാല് മൂല്യ വർദ്ധിത ഉൽപന്നങ്ങൾ വിപണിയിൽ ഇറക്കിയിട്ടുള്ളതാണ്.<br>5. ഫാക്ടറികൾ ആധുനിക രീതിയിൽ നവീകരിച്ച് ഉൽപന്നങ്ങളുടെ ക്വാളിററി മെച്ചപ്പെടുത്തി കയററുമതി പ്രോൽസാഹിപ്പിക്കുന്നതിനും ഫാക്ടറികളിൽ ഫുൾ കപ്പാസിററിയിൽ വർക്ക് ചെയ്യുന്നതിലേയ്ക്ക് 7500 ഓളം തൊഴിലാളികളെ പുതുതായി നിയമിച്ചിട്ടുള്ളതാണ്.<br>KSCDC യിൽ നിന്ന് പിരിഞ്ഞ തൊഴിലാളികൾക്ക് ഗ്രാററുവിററി നൽകാനായി 33.40 കോടി രൂപ നൽകി.( 1998 മുതൽ 2006 വരെ പിരിഞ്ഞവർക്കും).<br>6. ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് പുതിയ സാങ്കേതിക വിദ്യ സ്വായത്തമാക്കുന്നതിലേയ്ക്ക് പ്രൊസ്സസ്സിംഗ് ജീവനക്കാർക്ക് പ്രത്യേക തരം പരിശീലന പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.<br>7. കശുമാവ് കൃഷി വികസിപ്പിച്ച് തോട്ടണ്ടിയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി അത്യുല്പാദന ശേഷിയുള്ള കശുമാവ് ഗ്രാഫ്ററ് തൈകൾ കൂടുതലായി കോർപ്പറേഷന്റെ നേഴ്സറികളിൽ ഉണ്ടാക്കി കുറഞ്ഞ നിരക്കിൽ കർഷകർക്ക് വിപണനം നടത്തി വരുന്നു<br>8. കശുമാങ്ങയിൽ നിന്നും ബയോഡീസൽ ഉൽപാദിപ്പിക്കുന്നതിനുള്ള ഗവേഷണവും നടത്തി വരുകയാണ്.<br>9. ആധുനിക വത്ക്കരണത്തിന്റെ ഭാഗമായി ഒരു റിസേർച്ച് ആന്റ് ഡവലപ്മെന്റ് സെന്റർ രൂപീകരിച്ചു വരുന്നു. |

| | |
|---|---|
| | 10. STC, IIFT എന്നിവയുടെ സഹായത്തോടെ അന്താരാഷ്ട്ര നിലവാരത്തി ലുള്ള പ്രൊഫഷണൽ മാർക്കറ്റിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരികയാണ്.<br>• **കൈത്തറി**<br>കൈത്തറി വ്യവസായ രംഗത്തിന്റെ പുരോഗതിയ്ക്കായ് 2006 -07 വർഷത്തിൽ 1591.59 ലക്ഷം രൂപയും 2007 -08 വർഷത്തിൽ 2747.91 ലക്ഷം രൂപയും 2008 -09 വർഷത്തിൽ 6035.89 ലക്ഷം രൂപയും 2009-10 വർഷത്തിൽ 5608.7 ലക്ഷം രൂപയുടെയും വിവിധ ക്ഷേമ പദ്ധതികൾ നടപ്പിലാക്കി.<br>1. കൈത്തറി സഹകരണ സംഘങ്ങൾ പുനരുദ്ധരിക്കുന്ന പദ്ധതിയനുസരിച്ച് ഫാക്ടറിതര കൈത്തറി സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തി ഫാക്ടറി കെട്ടിടങ്ങളുടെ നവീകരണവും പ്രവർത്തനക്ഷമമായ തറികൾ പ്രവർത്തിപ്പിക്കുന്നതിനും പി.എഫ്, ഇ.എസ്.ഐ കുടിശ്ശിക അടച്ചുതീർക്കുന്നതിനും പുതിയ ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനും കഴിഞ്ഞു.<br>2. നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള നൂൽ, ചായങ്ങൾ എന്നിവ കുറഞ്ഞ വിലയ്ക്ക് യാൺ ബാങ്കുകൾ മുഖാന്തിരം നൽകി.<br>3. യാൺ ബാങ്കുകൾക്ക് പ്രവർത്തന വായ്പ കുറഞ്ഞ പലിശ നിരക്കിൽ ഉദാര തിരിച്ചടവ് വ്യവസ്ഥയിൽ നൽകി.<br>4. സംസ്ഥാനത്തെ കണ്ണൂർ, ആലപ്പുഴ സഹകരണ സ്പിന്നിംഗ് മില്ലുകളിൽ കൈത്തറി സംഘങ്ങൾക്ക് ആവശ്യമുള്ള ഹാങ്ക് യാൺ ഉൽപാദനം 2008- 09, 2009-10 വർഷങ്ങളിൽ ആരംഭിച്ചു. 2010-11 വർഷങ്ങളിൽ തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മില്ലിലും ഹാങ്ക് യാൺ ഉൽപാദനം ആരംഭിക്കുന്നതിനായി 200 ലക്ഷം രൂപ വിതരണം ചെയ്ത് പദ്ധതി നടപ്പിലാക്കി വരുന്നു.<br>5. കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾക്ക് 3 ലക്ഷം രൂപ വരെ ധനസഹായം നൽകി വാർപ്പിംഗ്, സൈസിംഗ്, ഡൈയിംഗ് സൗകര്യങ്ങൾ ഉൾപ്പെടെയുള്ള പ്രോസസിംഗ് സെന്ററുകൾസ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.<br>6. കൈത്തറി നെയ്ത്തുകാരുടെ സാങ്കേതിക മികവു വർദ്ധിപ്പിക്കുന്നതിനും പുതിയ സാങ്കേതിക വിദ്യ നേടുന്നതിനും ഉള്ള പദ്ധതി നടപ്പിലാക്കി. |

| | |
|---|---|
| | 7. തറി അനുബന്ധ നെയ്ത്തു സാമഗ്രികൾ പുതുക്കുന്നതിനും പുതിയവ സ്ഥാപിക്കുന്നതിനും വാർപ്പിംഗ്, ബൈന്റിംഗ് തുടങ്ങിയവയിൽ യന്ത്ര വൽക്കരണത്തിനും ഉള്ള പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.<br>8. ടെക്സ് ഫെഡിന്റെ നിയന്ത്രണത്തിലുള്ള കണ്ണൂർ, മലപ്പുറം സഹകരണ സ്പിന്നിംഗ് മില്ലുകളുടെ പ്ളാന്റ് മെഷീനറി എന്നിവയുടെ നവീകരണത്തിനായി എൻ.സി.ഡി.സി. ധനസഹായ ത്തോടെ പദ്ധതി ആവിഷ്ക്കരിക്കുകയും 2009-10 വർഷത്തിൽ ഓരോ മില്ലിനും 150 ലക്ഷം രൂപ വീതം അനുവദിച്ച് നവീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. നവീകരണം പൂ ർത്തിയാക്കുന്നതിനായി 2010-11 വർഷ ത്തിൽ 837 ലക്ഷം രൂപ വകയിരുത്തി യിട്ടുണ്ട്.<br>9. KINFRA യുടെ മേൽനോട്ടത്തിൽ കണ്ണൂർ ടെക്സ്റ്റൈൽ പാർക്ക് പ്രവർത്തനം ആരംഭിച്ചു.<br>10. ഹാൻവീവിന്റെ ചിറയ്ക്കൽ പ്രോസ സ്സിംഗ് സെന്റർ നവീകരിക്കുന്നതിനും നെയ്ത്തുകാർക്കുള്ള പുതിയ തറികൾ ന ൽകുന്നതിനും നേമം പ്രോസസ്സിംഗ് സെന്റർ നവീകരിക്കുന്നതിനും കേരളത്തിലെ വിവിധ ഷോറൂമുകൾ നവീകരിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>11. ഹാന്റക്സിന്റെ ഷോറൂമുകൾ നവീകരിക്കുന്നതിനും പ്രോസസ്സിംഗ് സെന്ററുകൾ ആധുനികവൽക്കരി ക്കുന്നതിനും പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>12. കൈത്തറി സംഘങ്ങളിൽ മൂല്യവർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനായി ആധുനിക വൽക്കരണ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.<br>13. കൈത്തറി ഉൽപന്നങ്ങളുടെ പ്രാദേശിക ബ്രാന്റ് വികസിപ്പിക്കുന്നതിനും ഹാന്റക്സ്, ഹാൻവീവ് എന്നീ സ്ഥാപനങ്ങളുടെ വിപണി വർദ്ധിപ്പിക്കുന്നതിനും 2010 - 11 വർഷത്തിൽ 20 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.<br>14. കൈത്തറി മാർക്ക് സ്കീമിൽ കൈത്തറി സംഘങ്ങൾക്ക് അംഗത്വം നൽകുന്നതിനു വേണ്ടിയും കൈത്തറി ലേബലുകൾ കുറഞ്ഞ വിലയ്ക്ക് ലഭിക്കുന്ന തിനുള്ള പദ്ധതിയും നടപ്പിലാക്കി വരുന്നു. |

15. ഭൗമ സൂചക ആക്ട് അനുസരിച്ച് പ്രാദേശിക ഉൽപ്പന്നങ്ങളായ കാസർഗോഡ് സാരി, ബാലരാമപുരം സാരി, ചേന്ദമംഗലം മുണ്ട്, കൂത്താം പുള്ളി സാരി, കണ്ണൂർ ഫർണിഷിംഗ് എന്നിവ രജിസ്റ്റർ ചെയ്യുന്നതിന് കേന്ദ്രസർക്കാർ സ്ഥാപനമായ ടെക്സ്റ്റൈൽ കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ബാലരാമപുരം സാരിയുടെ അംഗീകാരം ലഭിക്കുകയും ചെയ്തു.
16. ഹാന്റക്സ്, ഹാൻവീവ്, പ്രാഥമിക കൈത്തറി സംഘങ്ങൾ എന്നിവയുടെ റിബേറ്റ് കുടിശ്ശികകൾ നൽകുവാൻ കഴിഞ്ഞു.

## ബാംബൂ

സംസ്ഥാന ബാംബൂ കോർപ്പറേഷനിൽ യന്ത്രവൽകൃത കമ്മ്യൂണിറ്റി മാററ് വീവിംഗ് സെന്ററുകൾ ആരംഭിച്ചു. മുള ഉപയോഗിച്ച് ഫ്ളാററന്റ് ബാംബൂ ബോർഡിന്റെയും നിർമ്മാണം ആരംഭിച്ചു. പനമ്പ നെയ്ത്ത് തൊഴിലാളികൾക്കും ഈറ്റ വെട്ട് തൊഴിലാളികൾക്കും രണ്ട് പ്രാവശ്യം വീതം കൂലി വർദ്ധിപ്പിച്ചു നൽകി. ഈററ വെട്ട് തൊഴിലാളികൾക്ക് പ്രോവിഡന്റ് ഫണ്ട് പദ്ധതി നടപ്പിൽ വരുത്തി. ഈറ്റവെട്ട് പനമ്പു നെയ്ത്തുതൊഴിലാളികൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കി. കൂടാതെ എല്ലാ വിഭാഗം തൊഴിലാളികൾക്കും വിവിധ ഇൻഷ്വറൻസ് ക്ഷേമ നിധി ആനുകൂല്യങ്ങൾ നൽകി വരുന്നു.

## ● ഖാദി

1. 2006 - 2007, 2007 -2008 വർഷങ്ങളിൽ ഗ്രാമീണ തൊഴിൽദാന പദ്ധതിയിൽ ഗ്രാമ വ്യവസായ മേഖലയിൽ 75 കോടി രൂപ മുതൽ മുടക്കി 1100 വ്യവസായ യൂണിററുകൾ ആരംഭിച്ചു. 18.77 കോടി രൂപ മാർജിൻ മണി ഗ്രാന്റായി വിതരണം ചെയ്തു. 31,173 പേർക്ക് ഇതുവഴി തൊഴിലവസരം ലഭിച്ചു.
2. ഗ്രാമീണ മേഖലയിൽ തൊഴിൽ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 2008-2009 സാമ്പത്തിക വർഷം മുതൽ പ്രധാന മന്ത്രിയുടെ തൊഴിൽദാന പദ്ധതി ആരംഭിച്ചു. ടി വർഷം 133.58 ലക്ഷം രൂപ മാർജിൻ മണി ഗ്രാന്റായി വിതരണം ചെയ്തു. 58 വ്യവസായ

| | |
|---|---|
| | യൂണിററുകൾ ആരംഭിച്ചു. 404 പേർക്ക് ഇതുവഴി തൊഴിലവസരം ലഭിച്ചു. 2009-10 വർഷം 922.85 ലക്ഷം രൂപ മാർജിൻ മണി ഗ്രാന്റായി വിതരണം ചെയ്തു. 411 വ്യവസായ യൂണിററുകൾ ആരംഭിച്ചു. 2978 പേർക്ക് ഇതുവഴി തൊഴിലവസരം നൽകി.<br>3. പരമ്പരാഗത തേനീച്ച കർഷകർക്ക് ധന സഹായം നൽകുന്ന പദ്ധതിയായ തേൻ കലവറ പദ്ധതി നടപ്പിലാക്കി. തേനീച്ച വളർത്തൽ വ്യവസായം വികസിപ്പിക്കുന്നതിന് 2006-07 വർഷം 15 ലക്ഷം രൂപയും 2007- 08 വർഷം 05 ലക്ഷം രൂപയും 2008-09 ൽ 10 ലക്ഷം രൂപയും 2009- 10 വർഷം 10 ലക്ഷം രൂപയും വകയിരുത്തി. ഇതുമൂലം ഗുണമേന്മയുള്ള തേൻ ഉൽപാദിപ്പിക്കാനും തേനീച്ച വളർത്തൽ വ്യവസായത്തിൽ 750 പേർക്ക് പരിശീലനം നൽകാനും കഴിഞ്ഞിട്ടുണ്ട്.<br>4. പരിസ്ഥിതിക്ക് അനുസരണമായ ഉൽപന്നങ്ങളുടെ നിർമ്മാണം ലക്ഷ്യമാക്കി എറണാകുളം ജില്ലയിലെ കിഴക്കമ്പലത്ത് പേപ്പർ ക്യാരി ബാഗ് യൂണിററ് പ്രവർത്തനം ആരംഭിച്ചു.<br>5. പരമ്പരാഗത ഗ്രാമ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി പ്രത്യേക തൊഴിൽദാന പദ്ധതി പ്രകാരം 2007-08ൽ 100 ലക്ഷം രൂപയും 2008-09 ൽ 75 ലക്ഷം രൂപയും 2009-10 ൽ 80 ലക്ഷം രൂപയും ചെറുകിട വ്യവസായ സംരംഭകർക്ക് സബ്സിഡിയായി നൽകിയതിലൂടെ 1500 ചെറുകിട വ്യവസായ യൂണിററുകൾ ആരംഭിക്കുകയും 3000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയിതിട്ടുണ്ട്.<br>6. പീഢിത/പ്രവർത്തനരഹിതമായ ഗ്രാമീണവ്യവസായ സഹകരണ സംഘങ്ങൾ പുനരുദ്ധരിക്കുന്നതിന് 2008- 09 വർഷം 35 ലക്ഷം രൂപ ഫ്ളാഗ്ഷിപ്പ് പദ്ധതി അനുവദിച്ചു നൽകി. 12 സ്ഥാപനങ്ങൾക്ക് ഈ പദ്ധതിയിലൂടെ ധനസഹായം നൽകി.<br>**● കരകൗശലം**<br>പരമ്പരാഗത വ്യവസായ രംഗത്ത് പുരോഗതി കൈവരിക്കുന്നതിനും ഹാന്റിക്രാഫ്ററ് എക്സിബിഷനുകൾ, |

| | |
|---|---|
| | ഡിസൈൻ ഡവലപ്മെന്റ് വർക്ഷോപ്പുകൾ എന്നിവ നടത്തുകയും പരമ്പരാഗത വസ്തുക്കൾക്ക് വിൽപന സാഹചര്യം ഉണ്ടാക്കുക യും പുതിയ ഡിസൈൻ കണ്ടെത്തി പുതിയ ഹാന്റിക്രാഫ്റ്റ് ഉൽപന്നങ്ങൾ ഉണ്ടാക്കുവാനും സാധിച്ചു. കൂടാതെ ഈ രംഗത്ത് പ്രവർത്തി എടുക്കുന്ന തൊഴിലാളികൾക്ക് വായ്പ നൽകുകയും തദ്വാര തൊഴിൽ പുരോഗതി നേടുന്നതിന് സഹായിച്ചു. <br> കരകൗശല വികസന കോർപ്പറേഷന് നവി മുംബൈയിൽ കേരള ഹൗസിലും തിരുവനന്തപുരം ഇന്റർനാഷണൽ എയർപോർട്ടിലും പുതിയ ഷോറൂമുകൾ തുടങ്ങാൻ കഴിഞ്ഞു. കോഴിക്കോട്ടും കൊല്ലത്തും തിരുവല്ലയിലും പ്രവർത്തിക്കുന്ന വിൽപനശാലകൾ കൂടുതൽ വ്യാപാര സാധ്യതയുള്ള സ്ഥലങ്ങളിലേയ്ക്ക് മാററി സ്ഥാപിക്കാൻ 17.5 ലക്ഷം രൂപ അനുവദിച്ചു. 2010-11 സാമ്പത്തിക വർഷത്തിൽ 1000 കരകൗശല തൊഴിലാളികളെ ഇൻഷ്വറൻസ് പദ്ധതിയിൽ കൊണ്ടുവരാൻ നടപടി സ്വീകരിച്ചു. വിൽപനയുടെ കാര്യത്തിൽ സർവ്വകാല റിക്കോർഡ് കൈവരിക്കാൻ സാധിച്ചു. കുറഞ്ഞ പലിശ നിരക്കിൽ കരകൗശല ശിൽപികൾക്ക് NBCFDC യുടെ ലോൺ പദ്ധതിയിൻ കീഴിൽ വായ്പ ലഭ്യമാക്കാൻ സാധിച്ചു. 2001-06 കാലഘട്ടത്തിൽ കരകൗശല ശിൽപികൾക്ക് കൊടുക്കാനുണ്ടായിരുന്ന കുടിശ്ശിക ഭാഗീകമായി കൊടുത്തു തീർത്തു. കരകൗശല രംഗത്ത് ഇദംപ്രദമായി 2 കോടി രൂപയുടെ റാമെററീരിയൽ ബാങ്ക് പദ്ധതി നടപ്പിലാക്കി. <br> **● കരിമ്പന** <br> കരിമ്പന വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന കെൽപാം കരിമ്പനാധിഷ്ഠിത വ്യവസായത്തിലെ തൊഴിലാളികുടുംബങ്ങൾക്ക് ക്ഷേമ പദ്ധതിയുടെ ഭാഗമായി ജനശ്രീ ഭീമായോജന പദ്ധതി നടപ്പിലാക്കി. കരിമ്പന ഉൽപന്ന വികസനത്തിന്റെ ഭാഗമായി കൊററാമത്തെ ശീതളപാനീയ യൂണിററും പനയോല കരകൗശല നിർമ്മാണ യൂണിററും വൈവിദ്ധ്യവൽക്കരണം ചെയ്തു. പാലക്കാട് ജില്ലയിലെ കല്ലേപ്പുള്ളിയി ലുള്ള പനനാര് |

| | |
|---|---|
| | സംസ്ക്കരണ കേന്ദ്രം പു നരുദ്ധാരണ പദ്ധതി നടപ്പിലാക്കി.<br><br>● **ബീഡി**<br>ബീഡി വ്യവസായ രംഗത്ത് ദിനേഷ് ബീഡി സഹകരണ സംഘത്തിൽ പ്രവർത്തിക്കുന്നവർക്ക് ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണം നടത്തി തൊഴിലവസരം സൃഷ്ടിക്കാൻ വിവിധ പദ്ധതികൾ ആവിഷ്ക്കരിക്കുകയും അതിനു വേണ്ടി 2006-07 ൽ 4 കോടി രൂപയും 2007-08ൽ 50 ലക്ഷം രൂപയും 2008-09 ൽ 30 ലക്ഷം രൂപയും 2009-10 ൽ 30 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. |
| **(ബി)** കൈത്തറി ഖാദി മേഖലയെ **പുനരുജ്ജീവിപ്പിക്കുന്നതിന്** ഏതെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | **(ബി) കൈത്തറി**<br>1. നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള നൂൽ ചായങ്ങൾ എന്നിവ കുറഞ്ഞ വിലയ്ക്ക് യാൺ ബാങ്കുകൾ മുഖാന്തിരം നൽകി.<br>2. യാൺ ബാങ്കുകൾക്ക് പ്രവർത്തന വായ്പ കുറഞ്ഞ പലിശ നിരക്കിൽ ഉദാര തിരിച്ചടവ് വ്യവസ്ഥയിൽ നൽകി.<br>3. കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾക്ക് 3 ലക്ഷം രൂപ വരെ ധനസഹായം നൽകി വാർപ്പിംഗ്, സൈസിംഗ്, ഡൈയിംഗ് സൗകര്യങ്ങൾ ഉൾപ്പെടെയുള്ള പ്രോസസിംഗ് സെന്ററുകൾസ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.<br>4. കൈത്തറി നെയ്ത്തുകാരുടെ സാങ്കേതിക മികവു വർദ്ധിപ്പിക്കുന്നതിനും പുതിയ സാങ്കേതിക വിദ്യ നേടുന്നതിനും ഉള്ള പദ്ധതി നടപ്പിലാക്കി.<br>5. തറി അനുബന്ധ നെയ്ത്തു സാമഗ്രികൾ പുതുക്കുന്നതിനും പുതിയവ സ്ഥാപിക്കുന്നതിനും വാർപ്പിംഗ് ബൈന്റിംഗ് തുടങ്ങിയവയിൽ യന്ത്ര വൽക്കരണത്തിനും ഉള്ള പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.<br>6. ഹാൻവീവിന്റെ ചിറയ്ക്കൽ പ്രോസ സ്സിംഗ് സെന്റർ നവീകരിക്കുന്നതിനും നെയ്ത്തുകാർക്കുള്ള പുതിയ തറികൾ നൽകുന്നതിനും നേമം പ്രോസസ്സിംഗ് സെന്റർ നവീകരിക്കുന്നതിനും കേരളത്തിലെ വിവിധ ഷോറുമുകൾ നവീകരിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>7. ഹാന്റക്സിന്റെ ഷോറൂമുകൾ നവീകരിക്കുന്നതിനും പ്രോസസ്സിംഗ് സെന്ററുകൾ ആധുനികവൽക്കരിക്കുന്നതിനും പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

| | |
|---|---|
| | 8. കൈത്തറി സംഘങ്ങളിൽ മൂല്യവർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനായി ആധുനിക വൽക്കരണ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.<br>9. കൈത്തറി വ്യവസായത്തിലെ തനതായ ഉൽപന്നങ്ങളുടെ പ്രാദേശിക ബ്രാന്റ് വികസിപ്പിക്കുന്നതിനും ഹാന്റക്സ്, ഹാൻവീവ് എന്നീ സ്ഥാപനങ്ങളുടെ വിപണി വർദ്ധിപ്പിക്കുന്നതിനും 2010 – 11 വർഷത്തിൽ 20 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.<br>10. കൈത്തറി മാർക്ക് സ്കീമിൽ കൈത്തറി സംഘങ്ങൾക്ക് അംഗത്വം നൽകുന്നതിനു വേണ്ടിയും കൈത്തറി ലേബലുകൾ കുറഞ്ഞ വിലയ്ക്ക് ലഭിക്കുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കി വരുന്നു.<br>11. ഭൗമ സൂചക ആക്ട് അനുസരിച്ച് പ്രാദേശിക ഉൽപ്പന്നങ്ങളായ കാസർഗോഡ് സാരി, ബാലരാമപുരം സാരി, ചേന്ദമംഗലം മുണ്ട്, കൂത്താം പുള്ളി സാരി, കണ്ണൂർ ഫർണിഷിംഗ് എന്നിവ രജിസ്റ്റർ ചെയ്യുന്നതിന് കേന്ദ്രസർക്കാർ സ്ഥാപനമായ ടെക്സ്റ്റൈൽ കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ബാലരാമപുരം സാരിയുടെ അംഗീകാരം ലഭിക്കുകയും ചെയ്തു.<br>12. ഹാന്റക്സ്, ഹാൻവീവ്, പ്രാഥമിക കൈത്തറി സംഘങ്ങൾ എന്നിവയുടെ റിബേറ്റ് കുടിശ്ശികകൾ നൽകുവാൻ കഴിഞ്ഞു.<br><br>• **ഖാദി**<br>1. വർഷം മുഴുവൻ ഖാദി തുണിത്തരങ്ങളുടെ ചില്ലറ വില്പനയക്ക് 10% റിബേറ്റ് അനുവദിച്ചു. റിബേറ്റ് കുടിശ്ശിക പൂർണ്ണമായും കൊടുത്തു തീർത്തു. 2009-10 വർഷം റിബേറ്റിനത്തിൽ 5.5 കോടി രൂപ വകയിരുത്തി. 2010– 11 വർഷം 550 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>2. ഖാദി തൊഴിലാളികളുടെ വേതനം 2007 മുതൽ 25% വും 2009 മുതൽ 50% വും വർദ്ധിപ്പിച്ചു. ഖാദി തൊഴിലാളികൾക്ക് നൽകി വരുന്ന ഉല്പാദന ഇൻസെന്റീവ് നൂൽപ്പിന് 2007 മുതൽ 10 പൈസയിൽ നിന്ന് 20 പൈസയായും 2009 മുതൽ 20 പൈസയിൽ നിന്ന് 30 പൈസയായും നെയ്ത്തിന് യഥാക്രമം 40 പൈസയിൽ നിന്നും 55 പൈസയായും 55 പൈസയിൽ നിന്ന് 90 പൈസയായും വർദ്ധിപ്പിച്ചു. മുടക്കം കൂടാതെ ഖാദി |

| | |
|---|---|
| | തൊഴിലാളികൾക്ക് പഞ്ഞിയും നൂലും യഥാസമയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു. ഏറ്റു കുടുക്ക സ്ളൈവർ പ്ളാന്റിന്റെ പ്രവർത്തനം കാര്യ ക്ഷമമാക്കി.<br>3. ഖാദി തൊഴിലാളി ക്ഷേമനിധിയിലേയ്ക്ക് 2 കോടി രൂപ നൽകി.<br>4. സംസ്ഥാനത്തെ മുഴുവൻ ഖാദി തൊഴിലാളികൾക്കും 250 രൂപ വീതം ഓണക്കാലത്ത് ഉത്സവബത്ത നൽകി. പിന്നീട് വർദ്ധിപ്പിച്ച് 300 രൂപയാക്കി. 2009-10 ൽ 350 രൂപയാക്കി വർദ്ധിപ്പിച്ചു.<br>5. ഖാദി സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ ഗ്രാന്റായി 2009-10 വർഷം 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2010- 11 വർഷം 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>6. ഖാദി മേഖലയിൽ പ്രവർത്തിക്കുന്ന മറ്റു സ്ഥാപനങ്ങൾക്ക് പുനരുദ്ധാരണത്തിന് ഗ്രാന്റായി 2009-10 വർഷം 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2010- 11 വർഷം 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>7. ഖാദി കമ്മീഷന്റെ സാമ്പത്തിക സഹായത്തോടെ തിരുവനന്തപുരം, കൊല്ലം ജില്ലകൾക്ക് പ്രത്യേകം ഖാദി ക്ളസ്റ്റർ നടപ്പിലാക്കി. അതുപോലെ കണ്ണൂർ, കാസർഗോഡ് ജില്ലകൾക്കായി അധിക കേന്ദ്ര സഹായ ഫണ്ട് (ACA) 2 കോടി രൂപ ഉപയോഗിച്ച് പയ്യന്നൂർ ഖാദി ക്ളസ്റ്റർ ആരംഭിച്ചു.<br>8. ഖാദി കൈതൊഴിൽകാർക്ക് ആധുനിക സൗകര്യങ്ങൾ നൽകുന്നതിന് 2009-10 വർഷം 20 ലക്ഷം രൂപ വകയിരുത്തി.<br>9. ഖാദി വില്പന കേന്ദ്രങ്ങളും ഗോഡൗണുകളും കമ്പ്യൂട്ടർ വൽക്കരിക്കുന്നതിനായി 2009-10-ൽ 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പൊതുജന ങ്ങൾക്ക് മെച്ചപ്പെട്ട സേവനം ഇതിലൂടെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. 2010-11 വർഷം ഇക്കാര്യത്തിലേക്ക് 68 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>10. ഖാദി വിൽപ്പന ലക്ഷ്യമാക്കി എറണാകുളം ജില്ലയിൽ നെടുമ്പാശ്ശേരി എയർപോർട്ടിൽ ഖാദി സൗഭാഗ്യ സ്ഥാപിക്കുന്നതിനായി 2010-11 വർഷം 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>11. ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ പരമ്പരാഗത ഖാദി നെയ്ത്ത് തൊഴിലാളികളുടെ തൊഴിലവസരം വർദ്ധിപ്പിക്കുന്നതിനും അവരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനും വളരെയധികം |

| | |
|---|---|
| | സഹായകരമായിരുന്നു.<br>12. പരമ്പരാഗത തേനീച്ച കർഷകർക്ക് ധനസഹായം നൽകുന്ന പദ്ധതിയായ തേൻ കലവറ പദ്ധതി നടപ്പിലാക്കി. തേനീച്ച വളർത്തൽ വ്യവസായം വികസിപ്പിക്കുന്നതിന് 10 ലക്ഷം രൂപ 2009-10 വർഷം വകയിരുത്തിയിട്ടുണ്ട്.<br>13. 2006-07 , 2007-08 വർഷങ്ങളിൽ ഗ്രാമീണ തൊഴിൽ ദാന പദ്ധതിയിൽ ഗ്രാമ വ്യവസായ മേഖലയിൽ 75 കോടി രൂപ മുതൽ മുടക്കി 1100 വ്യവസായ യൂണിറ്റുകൾ ആരംഭിച്ചു. 18.77 കോടി രൂപ മാർജിൻ മണി ഗ്രാന്റായി വിതരണം ചെയ്തു. 31173 പേർക്ക് ഇതുവഴി തൊഴിൽ അവസരം ലഭിച്ചു.<br>14. ഗ്രാമീണ മേഖലയിൽ തൊഴിൽ വർദ്ധിപ്പിക്കുന്നതിന്റെ ഫലമായി 2008-09 സാമ്പത്തിക വർഷം മുതൽ പ്രധാനമന്ത്രിയുടെ തൊഴിൽ ദാന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതുവഴി 2008-09-ൽ 58 യൂണിറ്റുകളിലൂടെ 404 പേർക്കും 2009-10-ൽ (ഫെബ്രുവരി വരെ) 171 യൂണിറ്റുകളിലൂടെ 1266 പേർക്കും തൊഴിൽ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്.<br>15. പരമ്പരാഗത ഖാദി വ്യവസായ മേഖലയുടെ പുനരുദ്ധാരണത്തിനായും പഴയ മോഡൽ ചർക്കകളും തറികളും മാറ്റി സ്ഥാപിച്ചു.<br>16. നിലത്തിരുന്ന് ചർക്ക പ്രവർത്തിപ്പിക്കുന്ന സ്ഥാനത്ത് തൊഴിലാളികൾക്ക് മേശയും സ്റ്റൂളും ഏർപ്പെടുത്തി.<br>17. നെയ്ത്ത് മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി"റെഡിമെയ്ഡ് പാവ്" നിർമ്മാണ യൂണിറ്റുകൾ ആരംഭിച്ചു.<br>18. ഖാദി വസ്ത്രങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് നല്ലതരം Rovings/Sliver വിതരണം ചെയ്യുന്നുണ്ട്.<br>19. സർക്കാർ ജീവനക്കാർ ആഴ്ചയിൽ 2 ദിവസം ഖാദി ധരിക്കണമെന്നും വിദ്യാർത്ഥികൾ ഒരു സെറ്റ് യൂണിഫോം എങ്കിലും ഖാദി/കൈത്തറി ആക്കണമെന്നുള്ള അഭ്യർത്ഥനയുടെ ഫലമായി വിൽപ്പനയിൽ 20% ത്തോളം വർദ്ധനവ് ഉണ്ടായി.<br>20. പാലക്കാട് ജില്ലയിലെ ചിതലിയിൽ പട്ടികജാതിക്കാർക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് വേണ്ടി സിൽക്ക് യൂണിററ് സ്ഥാപിക്കുന്നതിനായി 105.75 ലക്ഷം രൂപ 2009- 10 വർഷം ലഭ്യമാക്കി. |

| | |
|---|---|
| (സി) കരകൗശല മേഖല നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ? | (സി) പരമ്പരാഗത വ്യവസായ രംഗത്ത് പുരോഗതി കൈവരിക്കുന്നതിനും ഹാന്റിക്രാഫ്റ്റ് എക്സിബിഷനുകൾ, ഡിസൈൻ ഡവലപ്മെന്റ് വർക്ഷോപ്പുകൾ എന്നിവ നടത്തുകയും പരമ്പരാഗത വസ്തുക്കൾക്ക് വിൽപന സാഹചര്യം ഉണ്ടാക്കുകയും പുതിയ ഡിസൈൻ കണ്ടെത്തി പുതിയ ഹാന്റിക്രാഫ്റ്റ് ഉൽപന്നങ്ങൾ ഉണ്ടാക്കുവാനും സാധിച്ചു. കൂടാതെ ഈ രംഗത്ത് പ്രവർത്തി എടുക്കുന്ന തൊഴിലാളികൾക്ക് വായ്പ നൽകുകയും തദ്വാര തൊഴിൽ പുരോഗതി നേടുന്നതിന് സഹായിച്ചു.<br>കരകൗശല വികസന കോർപ്പറേഷന് നവി മുംബൈയിൽ കേരള ഹൗസിലും തിരുവനന്തപുരം ഇന്റർനാഷണൽ എയർപോർട്ടിലും പുതിയ ഷോറൂമുകൾ തുടങ്ങാൻ കഴിഞ്ഞു. കോഴിക്കോട്ടും കൊല്ലത്തും തിരുവല്ലയിലും പ്രവർത്തിക്കുന്ന വിൽപനശാലകൾ കൂടുതൽ വ്യാപാര സാധ്യതയുള്ള സ്ഥലങ്ങളിലേയ്ക്ക് മാററി സ്ഥാപിക്കാൻ 17.5 ലക്ഷം രൂപ അനുവദിച്ചു. 2010-11 സാമ്പത്തിക വർഷത്തിൽ 1000 കരകൗശല തൊഴിലാളികളെ ഇൻഷ്വറൻസ് പദ്ധതിയിൽ കൊണ്ടുവരാൻ നടപടി സ്വീകരിച്ചു. വിൽപനയുടെ കാര്യത്തിൽ സർവ്വകാല റിക്കോർഡ് കൈവരിക്കാൻ സാധിച്ചു. കുറഞ്ഞ പലിശ നിരക്കിൽ കരകൗശല ശിൽപികൾക്ക് NBCFDC യുടെ ലോൺ പദ്ധതിയിൻ കീഴിൽ വായ്പ ലഭ്യമാക്കാൻ സാധിച്ചു. 2001-06 കാലഘട്ടത്തിൽ കരകൗശല ശിൽപികൾക്ക് കൊടുക്കാനുണ്ടായിരുന്ന കുടിശ്ശിക ഭാഗീകമായി കൊടുത്തു തീർത്തു. കരകൗശല രംഗത്ത് ഇദംപ്രദമായി 2 കോടി രൂപയുടെ റാമെററീരിയൽ ബാങ്ക് പദ്ധതി നടപ്പിലാക്കി.<br><br>Joe. C. Kathalankal<br>**സെക്ഷൻ ഓഫീസർ** |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട | 15.07.2010-ൽ |
| ചോദ്യം നമ്പർ : * 372 | മറുപടിക്ക്. |

## കോൺഫെഡറേഷൻ ഓഫ് ഇൻഡ്യൻ ഇൻഡസ്ട്രീസുമായി ചേർന്നുള്ള വ്യവസായ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ജെ. തങ്കപ്പൻ :<br>ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി :<br>ശ്രീ. ജോർജ് എം. തോമസ് : | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) കോൺഫെഡറേഷൻ ഓഫ് ഇൻഡ്യൻ ഇൻഡസ്ട്രീസ് കേരളത്തിൽ സർക്കാരുമായി ചേർന്ന് വ്യവസായ പദ്ധതികൾ ആരംഭിക്കുന്നതു സംബന്ധിച്ച് ചർച്ച നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | (എ) വ്യവസായ വകുപ്പുമായി ചർച്ച നടത്തിയിട്ടില്ല. |
| (ബി) ഏതെല്ലാം മേഖലകളിൽ നിക്ഷേപം നടത്തുന്നതിനാണ് കേൺഫെഡറേഷൻ താൽപ്പര്യം കാണിച്ചിട്ടുള്ളത് ;<br><br>(സി) ഈ മേഖലകളിലെ നിക്ഷേപ സാധ്യത സംബന്ധിച്ച് കർമ്മസമിതി രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;<br><br>(ഡി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | (ബി)-യും (സി)-യും (ഡി)-യും<br><br>ബാധകമല്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 373 | 15.07.2010-ൽ മറുപടിയ്ക്ക് |
|---|---|

ആരോഗ്യ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ. | ശ്രീമതി.പി.കെ. ശ്രീമതി ടീച്ചർ (ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| എ) ആരോഗ്യ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഏതെല്ലാം കേന്ദ്ര പദ്ധതികളിൽ നിന്നാണ് സഹായം ലഭിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | എ) ആരോഗ്യ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി സഹായം ലഭ്യമാക്കുന്ന പ്രധാന കേന്ദ്ര പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. 100% കേന്ദ്രവിഷ്കൃത പദ്ധതി.<br>2. 50% കേന്ദ്രാവിഷ്കൃത പദ്ധതി.<br>3. അധിക കേന്ദ്ര സഹായ പദ്ധതിയായ ഫ്ളാഗ്ഷിപ്പ് പദ്ധതി.<br>4. പ്രധാന മന്ത്രിയുടെ സ്വാസ്ത്യ സുരക്ഷായോജന (PMSSY)<br>5. ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം (NRHM).<br>6. ആയുഷ് സ്ഥാപനങ്ങൾക്കായുള്ള കേന്ദ്ര ആയുഷ് വകുപ്പിന്റെ ധനസഹായം.<br>7. കേന്ദ്ര ധനകാര്യകമ്മീഷൻ അവാർഡ്<br>8. നബാർഡിൽ നിന്നുള്ള ധനസഹായ<br>9. കുടുംബക്ഷേമ പദ്ധതികൾക്കായുള്ള ധനസഹായം.<br>10 ദേശീയ മാനസിക ആരോഗ്യ പരിപാടി.<br>11. ട്രോമാകെയർ സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള കേന്ദ്ര സഹായം.<br>12. ഐ.ഡി.എസ്.പി. പദ്ധതിയിൽ നിന്നുള്ള ധനസഹായം.<br>13. പുതുക്കിയ ക്ഷയരോഗ നിയന്ത്രണ പദ്ധതി (ആർ.എൻ.റ്റി.സി.പി).<br>14. കപ്പാസിറ്റി ബിൽഡിംഗ് പ്രോജക്ടിന്റെ ഭാഗമായുള്ള കേന്ദ്ര സഹായം<br>15. നേഴ്സിംഗ് വിദ്യാഭ്യാസം ശക്തിപ്പെടുത്തൽ.<br>16. ദേശീയ കാൻസർ നിയന്ത്രണ പദ്ധതി.<br>17. റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഫ്താൽമോളജിയുടെ |

| | |
|---|---|
| | ആധുനികവൽക്കരണം. |
| ബി) ആരോഗ്യമേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി നിലവിലുള്ള സംസ്ഥാന പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ; | ബി) ആരോഗ്യ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി നിലവിലുള്ള സംസ്ഥാന പദ്ധതികളുടെ വകുപ്പ് തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| സി) ആരോഗ്യ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് നടപ്പുവർഷം പരിഗണനയിലുള്ള പ്രധാന പരിപാടികൾ വ്യക്തമാക്കുമോ ? | സി) ദേശീയ ആരോഗ്യമിഷനുള്ള (NRHM) 15% സംസ്ഥാന വിഹിതം ഉൾപ്പെടെ ആരോഗ്യ മേഖലയുടെ വികസനത്തിനായി നടപ്പു സാമ്പത്തിക വർഷം 166 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. 300 കോടി രൂപയാണ് എൻ ആർ എച്ച് എമ്മിൽ നിന്നും പ്രതീക്ഷിക്കുന്നത്. ആരോഗ്യ മേഖലയുടെ അടിസ്ഥാന വികസനത്തിനായി വിവിധ പദ്ധതികളിലൂടെ ഈ തുക ചെലവഴിക്കുന്നതാണ്. കഴിഞ്ഞ 4 വർഷത്തിനിടയിൽ ആശുപത്രികളുടെ പൊതു സൗകര്യത്തിലുണ്ടായ വർദ്ധനയ്ക്കനുസൃതമായി ഡോക്ടർമാരുടെയും നേഴ്സുമാരുടേയും എണ്ണം പടിപടിയായി വർദ്ധിപ്പിക്കുന്നതാണ്. പതിനേഴ് ആശുപത്രി കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് നബാർഡ് സഹായമായി 16 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ സ്ഥലം ലഭ്യമായതും ജീർണ്ണാവസ്ഥയിലുള്ള കെട്ടിടം ഉള്ളതുമായ 40 പി.എച്ച്.സി കൾക്ക് കൂടി നബാർഡ് സഹായത്തോടെ കെട്ടിടം പണി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. ആരോഗ്യ വകുപ്പിൽ ആശുപത്രിക്കു വേണ്ടി 36 കോടി രൂപയുടേയും ഡോക്ടർമാരുടെ ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനായി 30 കോടി രൂപയുടെയും സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ ഇല്ലാത്ത ജില്ലകളിൽ അവ സ്ഥാപിക്കുന്ന തിനായി 50 ലക്ഷം രൂപയുടെയും പദ്ധതികൾ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ച് നടപ്പിലാക്കുന്നതാണ്. ആരോഗ്യ വകുപ്പിലെ 17 ആശുപത്രികളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 8 കോടി രൂപയുടെ പദ്ധതി. പകർച്ച വ്യാധികൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിന് 3.8 കോടി രൂപയുടെ പദ്ധതി, പ്രമേഹവും രക്തസമ്മർദ്ദവും മോണിറ്റർ ചെയ്യുന്നതിനുള്ള ജനകീയ |

കാമ്പയിൻ എൻ.ആർ.എച്ച്.എം മായി സഹകരിച്ച് ഈ വർഷം ആരംഭിക്കുന്നതാണ്. ഇതിനു സംസ്ഥാന വിഹിതമായി 3 കോടി രൂപ ചെലവഴിക്കുന്നതാണ്. ആശുപത്രികളിൽ മരുന്നിന്റെ ലഭ്യത ഉറപ്പു വരുത്തുന്നതിനായി മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് 145 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

പുതിയതായി ആരംഭിച്ച ഹെൽത്ത് യൂണിവേഴ്സിറ്റിയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന് ഈ സാമ്പത്തിക വർഷം പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്. മെഡിക്കൽ കോളേജ് അദ്ധ്യാപകരുടെ സ്വകാര്യ പ്രാക്ടീസ് അവസാനിപ്പിച്ച്, ആകർഷകമായ ശമ്പള സ്കെയിൽ നിശ്ചയിച്ച്, മെഡിക്കൽ കോളേജുകളുടെ സേവനം മെച്ചപ്പെടുത്തുകയും ആരോഗ്യ വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുകയും ചെയ്തതിന്റെ തുടർച്ചയായി മെഡിക്കൽ കോളേജുകളിൽ റഫറൽ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ ആധുനിക മെഡിക്കൽ ഉപകരണങ്ങൾ മെഡിക്കൽ കോളേജുകളിൽ സജ്ജമാക്കുന്നതും ഈ വർഷത്തെ പ്രധാന പരിപാടികളിൽപ്പെടുന്നു. മെഡിക്കൽ സർവ്വകലാശാല കെട്ടിടത്തിനായി 20 കോടി രൂപയും സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തി യിട്ടുണ്ട്. കൂടാതെ 4 കോടി രൂപ ദൈനം ദിന പ്രവർത്തികൾക്കും സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

3.72 കോടി രൂപ ചെലവിൽ ആലപ്പുഴ മെഡിക്കൽ കോളേജാശുപത്രിയിൽ കാർഡിയോ തൊറാസിക് സർജറി യൂണിറ്റും കോഴിക്കോട് മെഡിക്കൽ കോളേജിൽ അഡ്വാൻസ്ഡ് ഡയഗ്നോസ്റ്റിക് സെന്ററും സ്ഥാപിക്കുന്നതിനുള്ള നടപടികൾ, മെഡിക്കൽ കോളേജാശുപത്രികളിലെ മാലിന്യ സംസ്കരണം, മെറ്റേണൽ ആൻഡ് ചൈൽഡ് ഹെൽത്ത് യൂണിറ്റുകളുടെ നിലവാരം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി, സംസ്ഥാന വൈദ്യ ഗവേഷണ ബോർഡ് പുന:സംഘടന, നെഴ്സിംഗ്

വിദ്യാഭ്യാസത്തിനാവശ്യമായ അടിസ്ഥാന സൗകര്യ വികസനം, പാരാമെഡിക്കൽ കൗൺസിൽ ശക്തിപ്പെടുത്തൽ ഉൾപ്പെടെയുള്ള പരിപാടികൾക്കായി ആരോഗ്യ വിദ്യാഭ്യാസ ഡയറക്ട്രേറ്റിനു കീഴിലുള്ള സ്ഥാപനങ്ങൾക്കുള്ള അടങ്കൽ തുക വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ട്.

ആയുർവ്വേദത്തിനുള്ള അടങ്കൽ തുക 10 കോടിയിൽ നിന്നും 21 കോടിയായും ഹോമിയോപ്പതിയുടെ അടങ്കൽ 12 കോടിയിൽ നിന്ന് 21 കോടിയായും നടപ്പു വർഷത്തിൽ ഉയർത്തി. ജില്ലാ താലൂക്ക് ആശുപത്രികളുടെ ഗുണനിലവാരമുയർത്തുക, ആയുർവേദ / ഹോമിയോ കോളേജുകളുടെ സൗകര്യം ഉയർത്തുക എന്നിവയാണ് മുഖ്യപരിപാടി. കൂടാതെ മരുന്നു നിർമ്മാണ കമ്പനികളായ ഔഷധിയുടെയും ഹോംകോയുടേയും വികസനത്തിനായി 4 കോടി രൂപ വീതം ചെലവഴിക്കുന്നുണ്ട്.

കൊച്ചിയിൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിക്ക് കെട്ടിട നിർമ്മാണം, മലബാർ കാൻസർസെന്ററിൽ ലീനിയർ ആക്സിലറേറ്റർ സ്ഥാപിക്കൽ, നീണ്ടകരയിലെ ആർ.സി.സി. യുടെ പെരിഫറൽ സെന്ററിന്റെ വികസനം എന്നിവയും ഈ വർഷത്തെ വികസന പരിപാടിയിൽ ഉൾപ്പെടുന്നു. അസറ്റ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് ആശുപത്രി കെട്ടിടങ്ങളുടെ നവീകരണ പ്രവർത്തനങ്ങളും ഈ വർഷത്തെ പരിപാടിയിൽ ഉൾപ്പെടുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 374

15.07.2010-ൽ മറുപടിയ്ക്ക്

**ആയുർവ്വേദ മേഖലയുടെ വളർച്ച ഉറപ്പുവരുത്തുന്നതിനുള്ള കർമ്മപദ്ധതികൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.തോമസ് ചാഴികാടൻ**<br>**ശ്രീ.റോഷി അഗസ്റ്റിൻ**<br>**ശ്രീ.ജോസഫ്.എം.പുതുശ്ശേരി**<br>**ശ്രീ. പി.സി.ജോർജ്** | **ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി)** |
| എ) ആയുർവ്വേദ ചികിത്സാ സമ്പ്രദായത്തെ പ്രോത്സാഹിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | എ) ആയുർവേദ സിദ്ധ യുനാനി മർമ്മ ചികിത്സ പ്രകൃതിചികിത്സാ സമ്പ്രദായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി വിപുലമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിൽ 747 ആയുർവേദ ഡിസ്പെൻസറികളും 117 ആയുർവേദ ആശുപത്രികളും, 3 ആയുർവേദ കോളേജ് ആശുപത്രികളും, 2 എയ്ഡഡ് ആയുർവേദ കോളേജും, 11 സ്വാശ്രയ ആയുർവേദ കോളേജും, എൻ.ആർ.എച്ച്.എം മുഖേന 151 ആയുർവേദ സ്ഥാപനങ്ങളും, 12 യുനാനി സ്ഥാപനങ്ങളും പ്രവർത്തിച്ചുവരുന്നു. ആയുർവേദ ചികിത്സാ സൗകര്യം മെച്ചപ്പെടുത്തുന്നതിനായി 5 ജില്ലാ ആശുപത്രികളിൽ എക്സ്റേ യൂണിറ്റ് സ്ഥാപിക്കുകയും 9 ആയുർവേദ ആശുപത്രികളിൽ ലബോറട്ടറി സൗകര്യവും, 4 ജില്ലാ ആയുർവേദ ആശുപത്രികളിൽ പഞ്ചകർമ്മസൗകര്യവും, 4 ജില്ലാ ആയുർവേദ ആശുപത്രികളിൽ ജനറേറ്റർ സൗകര്യവും, ജില്ലാ താലൂക്ക് ആശുപത്രികളിൽ കമ്പ്യൂട്ടർ സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.<br>കണ്ണൂർ, തൃപ്പൂണിത്തുറ എന്നീ ആയുർവേദ കോളേജുകളിൽ കിടക്കകളുടെ എണ്ണം യഥാക്രമം 100-ൽ നിന്ന് 150 ആയും, 139-ൽ നിന്ന് 489 ആയും വർദ്ധിപ്പിക്കുകയും, തിരുവനന്തപുരം പൂജപ്പുര പഞ്ചകർമ്മ ആശുപത്രിയിലെ പുതിയ കെട്ടിടത്തിന്റെ പണികൾ പുരോഗമിച്ചുവരുകയും ചെയ്യുന്നു. പൂജപ്പുര ആയുർവേദ കോളേജിൽ ഫിസിയോതെറാപ്പി യൂണിറ്റ് പുതുതായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കണ്ണൂർ ആയുർവേദ കോളേജിൽ പുതിയ ഒ.പി.ബ്ലോക്കിന്റേയും, പേ വാർഡിന്റേയും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

| | |
|---|---|
| ബി) ആയുർവേദത്തിന്റെ പ്രചാരം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ; | ബി) ആയുർവേദത്തിന്റെ പ്രചാരം വർദ്ധിപ്പിക്കുന്നതിന് വകുപ്പുതലത്തിൽ പല പദ്ധതികളും നടപ്പിലാക്കി വരുന്നു.<br><br>ആയുർവേദ ഡോക്ടർമാരിൽ മികവു പുലർത്തുന്നവർക്ക് ബെസ്റ്റ് ഡോക്ടർ അവാർഡ് നൽകിവരുന്നു. സംസ്ഥാനത്തെ 14 ജില്ലകളെയും ഉൾപ്പെടുത്തി 5 മേഖലകളായി തിരിച്ച് മെഡിക്കൽ ഓഫീസർമാരെയും പൊതുജനങ്ങളെയും ത്രിതല പഞ്ചായത്ത് ഭാരവാഹികൾ, നിയമസഭാ സാമാജികർ എന്നിവരെ ഉൾപ്പെടുത്തി വിപുലമായ എക്സിബിഷൻ, ബോധവത്ക്കരണ സെമിനാറുകൾ എന്നിവ ഉൾപ്പെട്ട പദ്ധതിയായ "അയനം" ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നു. കായികതാരങ്ങൾക്കുണ്ടാകുന്ന പരിക്കുകൾ, മറ്റ് ആരോഗ്യ പ്രശ്നങ്ങൾ എന്നിവക്ക് ആയുർവേദത്തെ അടിസ്ഥാനപ്പെടുത്തി സ്പോർട്സ് മെഡിസിൻ ആയുർവേദ റിസർച്ച് സെൽ 2009-10 നടപ്പിലാക്കിവരുന്നു. കൂടാതെ ആയുർവേദ കോളേജ് തലത്തിൽ ക്യാമ്പുകളും, ദേശീയതലത്തിൽ സെമിനാറുകളും സംഘടിപ്പിക്കുന്നുണ്ട്. ആയുർവേദത്തിന്റെ നാട്ടറിവും ചികിത്സാ വിജ്ഞാനവും സംരക്ഷിക്കുന്നതിനായി പേറ്റന്റ് സെൽ സ്ഥാപിച്ചിട്ടുണ്ട്. കേന്ദ്രസർക്കാർ ഫണ്ട് ഉപയോഗിച്ച് കേരളപഴമകളിലെ താളിയോലകെട്ടുകളിൽ നിന്നും കണ്ടെത്തുന്ന ചികിത്സാരീതികൾ ഉൾപ്പെടുത്തി കേരളീയ ഔഷധ വിജ്ഞാനം എന്ന പേരിൽ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു വരുന്നു.<br><br>ആയുർവേദ വിദ്യാഭ്യാസമേഖല ശക്തമാക്കുന്നതിനായി ആയുർവേദ തെറാപ്പിസ്റ്റ്, നഴ്സിംഗ്, ഫാർമസി എന്നീ വിഷയങ്ങളിൽ ഏകവർഷ കോഴ്സുകളും പുതിയ പി.ജി.കോഴ്സുകളും ആരംഭിച്ചിട്ടുണ്ട്. |
| സി) തുടർച്ചയായ പഠനഗവേഷണങ്ങളിലൂടെ ആയുർവേദ മേഖലയുടെ വളർച്ച ഉറപ്പുവരുത്തുന്നതിനുള്ള കർമ്മപദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | സി) ഉണ്ട്. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ ഡ്രഗ്സ് സ്റ്റാൻഡേർഡൈസേഷൻ യൂണിറ്റിന് കീഴിൽ പഠന ഗവേഷണങ്ങൾ നടന്നു വരുന്നുണ്ട്. കൂടാതെ ആയുർവേദ ഔഷധ സസ്യങ്ങളെ സംരക്ഷിക്കുന്നതിനും ഗവേഷണങ്ങൾക്കുമായി പൂജപ്പുരയിൽ ഔഷധത്തോട്ടം പരിപാലിക്കുന്നുണ്ട്. |

| | |
|---|---|
| ഡി) ആരോഗ്യവകുപ്പും വ്യവസായ വകുപ്പും സംയുക്തമായി ആയുർവേദത്തിന്റെ അനന്തസാധ്യതകൾ പ്രയോജനപ്പെടുത്തി രാജ്യാന്തര മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുള്ള ആയുർവേദ ഉൽപ്പന്നങ്ങൾ ഉല്പാദിപ്പിച്ച് ഈ മേഖലയെ ഉയർത്തി കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ? | ഡി) വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട | 15.07.2010 - ൽ മറുപടിയ്ക്ക്

ചോദ്യം നം. : 375

## ജലപരിപോഷണത്തിനായി ജനകീയ പങ്കാളിത്തത്തോടെ പുതിയ പദ്ധതികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി.എസ്.സുനിൽകുമാർ<br>,, കെ. അജിത്<br>,, ബാബുപോൾ<br>,, പി. തിലോത്തമൻ | | ശ്രീ.എൻ.കെ.പ്രേമചന്ദ്രൻ<br>(ബഹു.ജലവിഭവ വകുപ്പ് മന്ത്രി) |

(എ) സംസ്ഥാനത്ത് ജല പരിപോഷണത്തിനായി ജനകീയ പങ്കാളിത്തത്തോടെ പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

(എ) ഉണ്ട്. സംസ്ഥാനത്ത് ജലപരിപോഷണത്തിനായി സർക്കാർ ജലവിഭവ വകുപ്പിന്റെ നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടെ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ജല സുരക്ഷ

(ബി) ഈ പദ്ധതികളുടെ വിശദാംശങ്ങൾ എന്തെല്ലാം; ഈ പദ്ധതികൾക്ക് എത്ര കോടി രൂപ ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

(ബി) ജല വിഭവമേഖലയിലെ രണ്ട് പ്രധാന പ്രശ്നങ്ങളായ ജലദൗർലഭ്യവും ജലഗുണനിലവാര ശോഷണവും പരിഹരിക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ ജലവിഭവ വകുപ്പിന്റെ നേതൃത്വത്തിൽ ആവിഷ്കരിച്ച പദ്ധതിയാണ് ജല സുരക്ഷ. ജലസമ്പത്ത് സംരക്ഷിച്ച് ശുദ്ധജലത്തിന്റെ ലഭ്യത ഉറപ്പുവരുത്തുക, നീർത്തടാടിസ്ഥാനത്തിൽ ജലസംരക്ഷണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, ജലത്തിന്റെ സുരക്ഷിതത്വം അഥവാ ഗുണനിലവാരം ഉറപ്പുവരുത്തുക, ജലസ്രോതസുകളുടെ സംരക്ഷണവും പരിപോഷണവും ഉറപ്പുവരുത്തുക എന്നിവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

പദ്ധതിയുടെ പ്രവർത്തനങ്ങൾ മൂന്ന് മേഖലകളിലായി ഉൾപ്പെടുത്തിയിരിക്കുന്നു.

1. ബോധവൽക്കരണ പ്രചരണ പരിപാടികൾ
2. ജലസ്രോതസുകളുടെ സംരക്ഷണത്തിനും സുരക്ഷിതമായ ജലലഭ്യതയ്ക്കും വേണ്ടിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ
3. പദ്ധതി പരിപാലനവും തുടർനടത്തിപ്പിനും ആവശ്യമായ ജനകീയ സമിതികളും സ്ഥാപന സംവിധാനവും രൂപപ്പെടുത്തുക

ജലനിധി വഴി തിരുവനന്തപുരം, തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകളിൽ ജലസുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിലേക്കായി 3 കോടി രൂപ ഈ സാമ്പത്തിക വർഷം സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇൻഫിൽട്രേഷൻ ഗാലറി; അധികസ്രോതസ്, ജലപരിപോഷണം, മഴവെള്ള സംഭരണി എന്നിവയാണ് നിർമ്മിക്കുവാനുദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ

<u>പന്ത്രണ്ടാം കേരള നിയമസഭ</u>

<u>പതിനഞ്ചാം സമ്മേളനം</u>

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 376 15/07/2010-ൽ മറുപടിയ്ക്ക്

**റീജിയണൽ കാൻസർ സെൻററിൻെറ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ശിവൻകുട്ടി :<br>ശ്രീ. ബി. രാഘവൻ :<br>ശ്രീ. രാജു എബ്രഹാം :<br>ശ്രീമതി. ജെ. അരുന്ധതി : | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |

---

| ചോദ്യം | | മറുപടി |
|---|---|---|
| (എ) റീജിയണൽ കാൻസർ സെൻററിൻെറ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;<br>(ബി) സെൻററിൽ അത്യാധുനിക ചികിത്സാ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും സ്പെഷ്യാലിറ്റി യൂണിറ്റുകൾ ആരംഭിക്കുന്നതിനുമായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) & (ബി) | നാല് വർഷത്തിനകം 97 കോടി രൂപ റീജിയണൽ കാൻസർ സെൻററിൻെറ വികസനത്തിന് സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുണ്ട്. റീജിയണൽ കാൻസർ സെൻററിൻെറ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിൻെറ ഭാഗമായി അത്യാധുനിക സൗകര്യങ്ങളോട് കൂടിയ രണ്ട് റേഡിയോ തെറാപ്പി മെഷീൻ പ്രവർത്തനക്ഷമമാക്കികൊണ്ടിരിക്കുന്നു. ഇതിൽ ഒരെണ്ണം പ്രവർത്തനമാരംഭിച്ചു. പ്രസ്തുത മെഷീനിൽ രോഗികൾക്കുള്ള റേഡിയേഷൻ ചികിത്സാ പ്ലാനിംഗിനു വേണ്ടി ഒരു ട്രീറ്റ്മെൻറ് പ്ലാനിംഗ് സിസ്റ്റവും സ്ഥാപിച്ചു. മെഷീൻ സ്ഥാപിക്കുന്നതിനുള്ള കെട്ടിട നിർമ്മാണത്തിനായി യഥാക്രമം 15 കോടി, 1.8 കോടി രൂപ ചെലവായിട്ടുണ്ട് രോഗികൾക്ക് ആവശ്യത്തിന് ശുദ്ധ ജലം നൽകുന്നതിന്വേണ്ടി 15 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഒരു വാട്ടർ ടാങ്ക് 1.6 കോടി രൂപ ചെലവിൽ നിർമ്മിച്ച് ജലദൗർലഭ്യം പരിഹരിച്ചിട്ടുണ്ട്. രോഗികൾക്ക് കൂടുതൽ ചികിത്സാ സൗകര്യങ്ങളും, സാങ്കേതികമികവുള്ള ഉപകരണങ്ങൾ സ്ഥാപിക്കുന്നതിൻെറയും, കാൻസർ റിസർച്ച് സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിൻേറയും ഭാഗമായി 22 കോടി രൂപ ചെലവിൽ 10 നില കെട്ടിടത്തിൻെറ നിർമ്മാണ പ്രവർത്തനം നടന്നു വരുന്നു. ആർ.സി.സി.യിലെ 25 വർഷം പഴക്കമുള്ള എയർ കണ്ടീഷനിംഗ് സിസ്റ്റം പുതുക്കിപ്പണിയുന്നതിന് 4 കോടി രൂപ |

| | | | |
|---|---|---|---|
| | | | അനുവദിച്ചിട്ടുണ്ട്. രോഗികൾക്ക് പൂർണ്ണമായും അണുവിമുക്ത രക്തം ലഭ്യമാക്കുന്ന സംവിധാനമായ ബ്ലഡ് ഇറാഡിയേറ്റർ മെഷീൻ 24 ലക്ഷം രൂപ ചെലവ് ചെയ്ത് സ്ഥാപിച്ചു. ആർ. സി.സി.യുടെ വികസന പ്രവർത്തനങ്ങൾക്കായി മെഡിക്കൽ കോളേജിന്റെ വക 64 സെന്റ് സ്ഥലം ആർ. സി.സി ക്ക് കൈമാറുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നു വരുന്നു. |
| (സി) | മജ്ജ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ യൂണിറ്റ് ആരംഭിക്കുന്നതിന് എത്ര കോടി രൂപ ചെലവഴിച്ചു എന്നു വെളിപ്പെടുത്തുമോ; | (സി) | മജ്ജ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ യൂണിറ്റ് ആരംഭിക്കുന്നതിനായി ആകെ 1,92,00,000 (ഒരു കോടി തൊണ്ണൂറ്റി രണ്ട് ലക്ഷം രൂപ) ചെലവായിട്ടുണ്ട്. ഇതിൽ 75 ലക്ഷം രൂപ കൺസ്ട്രക്ഷൻ ഇനത്തിലും ഒരു കോടി പതിനേഴ് ലക്ഷം രൂപ ഉപകരണങ്ങളും മറ്റ് അനുബന്ധ സാമഗ്രികളും വാങ്ങിയ ഇനത്തിലുമാണ് ചെലവായത്. |
| (ഡി) | രോഗികൾക്ക് കുറഞ്ഞ വിലയ്ക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിന് ആർ. സി. സി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (ഡി) | റീജിയണൽ കാൻസർ സെന്ററിൽ മരുന്നു വാങ്ങുന്നത് ആഗോള ദർഘാസ് വിളിച്ചാണ്. അതിനുശേഷം കമ്പനികളുമായി നെഗോസിയേഷൻ നടത്തി വളരെ കുറഞ്ഞ വിലയ്ക്കാണ് വാങ്ങുന്നത്. ആർ. സി. സി. യിൽ ചികിത്സയ്ക്കെത്തുന്ന രോഗികൾക്ക് മറ്റെവിടെ കിട്ടുന്നതിനേക്കാളും കുറഞ്ഞ വിലയ്ക്കാണ് മരുന്നുകൾ ലഭ്യമാക്കുന്നത്. |
| (ഇ) | താഴ്ന്ന വരുമാനക്കാരെ സഹായിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്? | (ഇ) | കാൻസർ സുരക്ഷാ സ്കീം, പട്ടികവർഗ്ഗക്കാർക്കുള്ള സൗജന്യ ചികിത്സ, പ്രധാന മന്ത്രിയുടെയും മുഖ്യമന്ത്രിയുടെയും ദുരിതാശ്വാസ നിധിയിൽ നിന്നുള്ള സഹായം, രാഷ്ട്രീയ ആരോഗ്യനിധി എന്നീ ക്ഷേമ പദ്ധതികൾ അർഹരായ രോഗികൾക്ക് ലഭ്യമാക്കുന്നുണ്ട്. ഉദാരമതികളായ വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവരുടെ സഹായത്തോടെ ഒരു സൗജന്യ ഡ്രഗ് ബാങ്കും അവരിൽനിന്നും ലഭിക്കുന്ന സാമ്പത്തിക സഹായം നിർദ്ധനരായ രോഗികൾക്ക് ആർ. സി. സി.യുടെ മേൽ നോട്ടത്തിൽ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : * 377

15.07.2010-ൽ മറുപടിക്ക്.

### കൊച്ചിയിലെ ട്രേഡ് കൺവെൻഷൻ സെന്റർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി :<br>ശ്രീ. കെ. ബാബു :<br>ശ്രീ. പി.സി. വിഷ്ണുനാഥ് :<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) വ്യവസായ കേന്ദ്രമായ കൊച്ചിയിൽ ട്രേഡ് കൺവെൻഷൻ സെന്റർ തുടങ്ങുന്നതിനായി സർക്കാർ ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; | (എ) കൊച്ചിയിൽ ട്രേഡ് & കൺവെൻഷൻ സെന്റർ തുടങ്ങുന്നതിന് ഫാക്ടിന്റെ 30 ഏക്കർ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. പദ്ധതി തുടങ്ങുന്നതിനായി കെ.എസ്.ഐ.ഡി.സി -യും ഫാക്ടും കൂടി ഒരു സംയുക്ത സംരംഭം രൂപീകരിക്കുന്നതിന് തീരുമാനിക്കു -കയും പദ്ധതിയുടെ വിശദമായ സാദ്ധ്യതാ റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടി കെ.എസ്.ഐ.ഡി.സി സ്വീകരിച്ചു വരികയും ചെയ്യുന്നു. |
| (ബി) കൊച്ചിയിൽ ട്രേഡ് കൺവെൻഷൻ സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് തുടങ്ങുമെന്നാണ് പ്രഖ്യാപിച്ചിരുന്നത് ;<br><br>(സി) ഇതിന്റെ പ്രവർത്തനം ഇനിയും ആരംഭിക്കാത്തതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ് ; | (ബി)-യും (സി)-യും<br><br>സാദ്ധ്യതാ പഠന റിപ്പോർട്ട് പൂർത്തീകരിച്ച് ഡെവലപ്പറെ സെലക്ട് ചെയ്ത ശേഷം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |
| (ഡി) കെ.എസ്.ഐ.ഡി.സി-ക്ക് പുറമെ മറ്റ് ഏതൊക്കെ ഏജൻസികളുടെ സംയുക്ത സംരംഭമായിട്ടാണ് ഈ സെന്റർ തുടങ്ങാൻ പദ്ധതി തയ്യാറാക്കിയിട്ടുള്ളത് ; | (ഡി) കെ.എസ്.ഐ.ഡി.സി-ക്ക് പുറമെ ഫാക്ടും തിരഞ്ഞെടുക്കപ്പെടുന്ന ഡെവലപ്പറും പ്രസ്തുത പദ്ധതിയിൽ പങ്കാളികളായിരിക്കും. |
| (ഇ) എന്തൊക്കെ സൗകര്യങ്ങളാണ് ഈ ട്രേഡ് സെന്ററിൽ ലഭ്യമാക്കുക ; | (ഇ) എക്സിബിഷൻ ഹാളുകൾ, കൺവെൻഷൻ കോംപ്ലക്സ്, ഹോട്ടൽ, കൊമേഴ്സിയൽ ഏരിയ, കാർ പാർക്ക്, മിനി ഹാളുകൾ, അനുബന്ധ സൗകര്യങ്ങൾ എന്നിവ ടി. ട്രേഡ് സെന്ററിൽ ഉണ്ടായിരിക്കുന്നതാണ്. |
| (എഫ്) ഈ സെന്ററിന്റെ നിർമ്മാണത്തിന് ആകെ എന്ത് തുക ചെലവാകുമെന്നാണ് കണക്കാക്കുന്നത് ? | (എഫ്) പദ്ധതിയുടെ സാധ്യതാ റിപ്പോർട്ട് പൂർത്തിയായാൽ മാത്രമേ നിർമ്മാണ തുക സംബന്ധിച്ച് വ്യക്തത കൈവരികയുള്ളൂ. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നംപർ. 378

15.07.2010 ൽ
മറുപടിയ്ക്ക്

## ഖാദി-കൈത്തറി ഉൽപ്പന്നങ്ങൾ ജനപ്രിയമാക്കുന്നതിന് രൂപം നൽകിയിട്ടുള്ള പുതിയ പദ്ധതികൾ

ചോദ്യം
ശ്രീ. എൻ. ശക്തൻ
" എം.എ. വാഹിദ്
" ജി. കാർത്തികേയൻ
" വർക്കല കഹാർ

ഉത്തരം
ശ്രീ. എളമരം കരീം
(ബഹു. വ്യവസായ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന ഖാദി- കൈത്തറി ഉല്പന്നങ്ങൾ ജനപ്രിയമാക്കുന്നതിനും വീടുകൾ തോറും പ്രചാരമുള്ള ഉല്പന്നങ്ങളാക്കി മാറ്റുന്നതിനുമായി എന്തൊക്കെ പുതിയ പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(എ) ഖാദി ഉല്പന്നങ്ങൾ ജനപ്രിയമാക്കുന്നതിന്റെ ഭാഗമായി, ഉല്പന്നങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. ഖാദി ഷർട്ടിംഗ് തുണികൾ നെയ്യുന്നതിന് പുതിയ ഡിസൈനിലുള്ള പാറ്റേണുകൾ ഉപയോഗിക്കുന്നു.
2. ഖാദി സിൽക്ക് സാരികൾ പ്രിന്റ് ചെയ്യുന്നതിന് ആധുനിക ഫാഷൻ ഡിസൈനുകൾ തെരഞ്ഞെടുക്കുന്നു.
3. ഖാദി ടെക്നിക്കൽ ജീവനക്കാർക്ക് പ്രത്യേക പരിശീലനം നൽകുന്നു.
4. ഖാദി റെഡിമെയ്ഡ് യൂണിറ്റിലെ തൊഴിലാളികൾക്ക് ഫാഷൻ ഡിസൈനിംഗിൽ പ്രത്യേക പരിശീലനം "കിൻഫ്രാ"യുടെ "അപ്പാരൽ പാർക്ക്" വഴി നൽകി വരുന്നു.

ഖാദി/കൈത്തറി ഉല്പന്നങ്ങൾ വീടുകൾ തോറും പ്രചാരമുള്ള ഉല്പന്നങ്ങളാക്കി മാറ്റുന്നതിനായി താഴെ പ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. സാംസ്കാരിക/സാമൂഹിക മേഖലയിലെ പ്രമുഖ വ്യക്തിത്വങ്ങളെ വ്യവസായ/ സാംസ്കാരിക വകുപ്പ് മന്ത്രിമാർ സംയുക്തമായി അഭിസംബോധന ചെയ്തുകൊണ്ട് കത്ത് അയയ്ക്കുകയുണ്ടായി.
2. ഖാദി/കൈത്തറി വസ്ത്രങ്ങൾ

| | | | |
|---|---|---|---|
| | | | വാരാന്ത്യങ്ങളിൽ ധരിക്കണമെന്ന് അഹ്വാനം ചെയ്യുകൊണ്ടുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.<br>3. സംസ്ഥാനത്ത് പ്രധാന സ്ഥലങ്ങളിൽ ഫ്ലക്സ്ബോർഡുകൾ സ്ഥാപിക്കുകയും കല്ലിൽ മേൽപ്പറഞ്ഞ സർക്കാർ ഉത്തരവ് രേഖപ്പെടുത്തി പ്രദർശിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യു.<br>4. റേഡിയോ - പത്ര മാദ്ധ്യമങ്ങൾ മുഖാന്തിരം പരസ്യങ്ങൾ നൽകി വരുന്നു. ദൃശ്യമാദ്ധ്യമങ്ങളിലൂടെ ക്വിസ്പ്രോഗ്രാം ഉൾപ്പെടെയുള്ള പരിപാടികൾ ആസൂത്രണം ചെയ്യിട്ടുണ്ട്.<br>5. ഓണക്കാലത്ത് കൈത്തറി പ്രദർശ നങ്ങൾ എല്ലാ ജില്ലകളിലും സംഘടിപ്പിച്ച് വരുന്നു.<br>6. ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ കാലഘട്ടത്തിൽ ഖാദി/കൈത്തറി പ്രദർശ നവും ഫെസ്റ്റിവലിലെ സമ്മാന പദ്ധതികളിൽ ഖാദി/കൈത്തറി ഉല്പന്നങ്ങൾ ഉൾപ്പെടുത്തുകയും ചെയ്യിട്ടുണ്ട്.<br>7. ഉത്സവ വേളകളിൽ ഖാദി-കൈത്തറി ഉല്പന്നങ്ങളുടെ വില്പന വർദ്ധിപ്പിക്കു ന്നതിനായി റിബേറ്റ് പ്രഖ്യാപിച്ചിട്ടുണ്ട്.<br>8. പ്രശസ്ത നടൻ ശ്രീ. മോഹൻലാലിനെ കൈത്തറിയുടെ ഗുഡ്‌വിൽ അംബാസ ഡറായി നിയോഗിച്ചിട്ടുണ്ട്. |
| (ബി) | ഇതിനായി ടെക്സ്റ്റൈൽ മേഖലയിൽ കൂടുതൽ പ്രാധാന്യം നൽകു ന്നതിന്റെ ഭാഗമായി പുതിയ ഓപ്പൺ എൻഡ് സ്പിന്നിംഗ് മില്ലുകൾ തുടങ്ങണമെന്ന നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | തിരുവനന്തപുരത്ത് ബാലരാമപുരത്ത് ആരംഭിച്ച സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനം പ്രസ്തുത രംഗത്ത് എന്തൊ ക്കെ മാറ്റങ്ങൾക്ക് കാരണമായിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ; | (സി) | തിരുവനന്തപുരത്ത് ബാലരാമപുരത്ത് വർഷങ്ങളായി പൂട്ടിക്കിടന്നിരുന്ന ട്രിവാൻഡ്രം സ്പിന്നിംഗ് മിൽ, ടെക്സ്റ്റൈൽ കോർപ്പറേഷൻ സമർപ്പിച്ച പ്രോജക്റ്റ് റിപ്പോർട്ട് പ്രകാരം ബഹു. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുനരു ദ്ധരിച്ച് ഒരു ഓപ്പൺ എൻഡ് സ്പിന്നിംഗ് മില്ലായി തുറന്ന് പ്രവർത്തിപ്പിക്കാൻ |

തീരുമാനിച്ചു. സ്വിറ്റ്സർലണ്ട്, ചെക്കോ സ്ലോവാക്യ, ചൈന, ജർമ്മനി തുടങ്ങിയ വിദേശ രാജ്യങ്ങളിൽ നിന്നും ഇറക്കുമതി ചെയ്ത അതിനൂതന മെഷിനറികൾ ഉപയോഗിച്ച് ഒരു പുത്തൻ ഓപ്പൺ എൻഡ് സ്പിന്നിംഗ് മില്ലായി പുനരുജ്ജീവിപ്പിച്ച് 2009 ആഗസ്റ്റ് 31-ന് ബഹു. മുഖ്യമന്ത്രി ശ്രീ. വി.എസ്. അച്ച്യുതാനന്ദൻ ഉത്ഘാടനം ചെയ്യുകയുമുണ്ടായി. ഇവിടെ 6 മുതൽ 22 വരെ കൗണ്ടുകളുള്ള നൂൽ ഉല്പാദിപ്പിച്ച് വരുന്നു. ഇത്തരം നൂലിന് അന്തർസംസ്ഥാന വിപണിയിൽ നല്ല ഡിമാന്റുണ്ട്.

കൂടാതെ മില്ലിന്റെ കപ്പാസിറ്റി 360 റോട്ടറിൽ നിന്നും 720 റോട്ടർ ആയി വർദ്ധിപ്പിക്കാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഇതിനായി 5 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഡി) | ഇതേ രീതിയിലുള്ള പുതിയ സംരംഭങ്ങൾ എവിടെയൊക്കെ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കുമോ ? | (ഡി) | ഇതേ രീതിയിലുള്ള ഒരു സംരംഭം കാസർഗോഡ് ജില്ലയിലെ ഉദുമയിൽ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. : 379 — 15.07.2010 - ൽ മറുപടിക്ക്

## ജലചൂഷണത്തിന് നിയന്ത്രണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. ഉമ്മർ<br>ശ്രീ. പി.കെ. അബ്ദുറബ്ബ് | ശ്രീ.എൻ.കെ.പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ശീതളപാനീയങ്ങളുൽപ്പാദിപ്പിക്കുന്നതിന് ഭൂഗർഭ ജലം ഊറ്റിയെടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട് |
| (ബി) എങ്കിൽ ഏതെല്ലാം കമ്പനികൾ ഇത്തരത്തിൽ ജലം ചൂഷണം നടത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) പാലക്കാട് ജില്ലയിലെ പുതുശ്ശേരി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പെപ്സി കമ്പനി ശീതളപാനീയങ്ങൾ ഉൽപാദിപ്പിക്കുന്നതിന് അമിതമായി ജലചൂഷണം നടത്തുന്നുണ്ട്. |
| (സി) ഭൂഗർഭ ജലത്തിന്റെ അളവ് കുറഞ്ഞുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ജലചൂഷണത്തിന് നിയന്ത്രണം ഏർപ്പെടുത്താൻ തയ്യാറാവുമോ; എങ്കിൽ ഏതെല്ലാം തരത്തിലാണ് നിയന്ത്രണം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ? | (സി) സംസ്ഥാനത്ത് ഭൂജലം സംരക്ഷിക്കുന്നതിനും അതിന്റെ ചൂഷണം, ഉപയോഗം എന്നിവ ക്രമീകരിക്കുന്നതിനും, നിയന്ത്രിക്കുന്നതിനും വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന 2002-ലെ കേരള ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്ട് നിലവിലുണ്ട്. കേരളത്തിലെ അഞ്ച് വിജ്ഞാപനം ചെയ്യപ്പെട്ട ബ്ലോക്കുകളിൽ പുതിയ കിണറുകൾ കുഴിക്കുവാനും, നിലവിലുള്ള കിണറുകളുടെ ആഴവും വ്യാസവും കൂട്ടുവാനും, കേരള ഭൂജല അതോറിറ്റിയുടെ മുൻകൂർ അനുമതി ആവശ്യമാണ്. വിജ്ഞാപിത പ്രദേശങ്ങൾക്ക് പുറമേ സംസ്ഥാനത്തെ എല്ലാ പ്രദേശങ്ങളിലും ഉള്ള കിണറുകൾക്ക് കേരള ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്ട് പ്രകാരം ചില |

നിയന്ത്രണങ്ങൾ നിലവിലുണ്ട്. 1.5 എച്ച്.പി-ക്ക് മുകളിൽ കുതിര ശക്തിയുള്ള മോട്ടോർ ഘടിപ്പിച്ച പമ്പ് ഉപയോഗിക്കുന്ന തുറന്ന കിണറുകളും, 3 എച്ച്.പി. ക്ക് മുകളിൽ ഉപയോഗിക്കുന്ന കുഴൽകിണറുകളും അതോറിറ്റിയിൽ നിബന്ധനകൾക്ക് വിധേയമായി രജിസ്റ്റർ ചെയ്യേണ്ടതാണ്. നിലവിലുള്ള ഭൂജല നിയമം കൂടുതൽ ഫലപ്രദമാക്കുവാനുതകുന്ന പരിഷ്കരണ നടപടികൾ സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 380 15 -07-2010-ൽ മറുപടിയ്ക്ക്

ഏവിയേഷൻ അക്കാദമിയുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.എ.അസീസ്:<br>ശ്രീ.കോവൂർ കുഞ്ഞുമോൻ: | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് എവിടെയെങ്കിലും ഏവിയേഷൻ അക്കാഡമി സ്ഥാപിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയാണെന്നും ഇത് സ്ഥാപിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ഏതുവരെയായി എന്നും വ്യക്തമാക്കുമോ ; | (എ) സംസ്ഥാന സർക്കാരിന്റെ കീഴിൽ പൈലറ്റ് പരിശീലനം നൽകുന്നതിനായി തിരുവനന്തപുരം വിമാനത്താവളത്തിനോട് ചേർന്ന് രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജി എന്ന സ്ഥാപനം നിലവിൽ പ്രവർത്തിച്ചു വരുന്നു. പുതിയതായി ഏവിയേഷൻ അക്കാഡമി സ്ഥാപിയ്ക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. |
| (ബി) ആരുടെ മേൽനോട്ടത്തിലാണ് ഈ അക്കാഡമി പ്രവർത്തിക്കുക; | (ബി) കേരള സർക്കാരിന്റെ പൂർണ്ണ നിയന്ത്രണത്തിലുള്ള 1955-ലെ ട്രാവൻകൂർ - കൊച്ചിൻ ലിറ്ററി, സൈന്റിഫിക് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രൂപീകരിയ്ക്കപ്പെട്ട രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജി എന്ന സ്ഥാപനത്തിന്റെ നിയന്ത്രണത്തിലാണ് പ്രവർത്തിയ്ക്കുന്നത്. |

| (സി) | സി) |
| --- | --- |
| ഏതൊക്കെ പഠനങ്ങളും ട്രെയിനിംഗുകളുമാണ് ഈ സ്ഥാപനം വഴി നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | കൊമേഴ്സ്യൽ പൈലറ്റ് പരിശീലനം, എയർക്രാഫ്റ്റ് മെയിന്റനൻസ് എഞ്ചിനീയറിംഗ്, മെക്കാനിക്കൽ എഞ്ചിനീയറിംഗ്, വിദ്യാർത്ഥികൾക്ക് ഓൺ ജോബ് ട്രെയിനിംഗ്, എയ്റോനോട്ടിക്കൽ എഞ്ചിനീയറിംഗ് ബിരുദ പഠനത്തിന്റെ ഭാഗമായി ഇൻ പ്ലാന്റ് ട്രെയിനിംഗ് എന്നിവ നടത്തി വരുന്നു. കൂടാതെ, കൊമേഴ്സ്യൽ പൈലറ്റ് ട്രെയിനിംഗ് ഒരു ബിരുദ കോഴ്സാക്കുന്നതിനും എയ്റോണോട്ടിക് എഞ്ചിനീയറിംഗ് ആരംഭിക്കുന്നതിനും ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 381 — 15 -07-2010-ൽ മറുപടിയ്ക്ക്

മുതിർന്ന പൗരന്മാർക്കായി കായികക്ഷമതാ ബോധവൽക്കരണ പരിപാടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.കുഞ്ഞിരാമൻ:<br>ശ്രീ.വി.ശിവൻകുട്ടി:<br>ശ്രീ.രാജു എബ്രഹാം:<br>ശ്രീ.മഞ്ഞളാംകുഴി അലി: | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |
| (എ) കായിക - യുവജനകാര്യ വകുപ്പിന്റെ കീഴിൽ മുതിർന്ന പൗരന്മാർക്കായി കായിക ക്ഷമതാ ബോധവൽക്കരണ പരിപാടി ആരംഭിക്കാൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ; | (എ), (ബി), (സി) ആൻഡ് (ഡി)<br>ഉണ്ട്. മുതിർന്ന പൗരന്മാർക്കായി കായിക ക്ഷമതാ ബോധവൽക്കരണ പരിപാടി ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതിലേയ്ക്കായി നടപ്പു വർഷത്തെ ബഡ്ജറ്റിൽ 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതിയുടെ രൂപരേഖ കായിക യുവജനകാര്യ ഡയറക്ടറേറ്റ് തയ്യാറാക്കി വരുന്നു. |
| (ബി) വയോജനങ്ങളുടെ കായിക ക്ഷമത തിട്ടപ്പെടുത്തി ഹെൽത്ത് കാർഡ് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; | |
| (സി) കായിക പരിശോധനയ്ക്ക് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തുന്നത് ; | |
| (ഡി) എല്ലാ ജില്ലകളിലും ഈ പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ? | |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 382 15/07/2010-ൽ മറുപടിയ്ക്ക്

## കാൻസർ നിയന്ത്രണ പ്രതിരോധ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. വി. കുഞ്ഞിരാമൻ :<br>ശ്രീ. പി. ജയരാജൻ :<br>ശ്രീ. കെ. ടി. ജലീൽ :<br>ശ്രീ. വി. ചെന്താമരാക്ഷൻ : | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |

---

(എ) കാൻസർ നിയന്ത്രണ – പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചിരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി ആരോഗ്യവകുപ്പും ഈ രംഗത്ത് പ്രവർത്തിക്കുന്ന സ്വകാര്യ ആശുപത്രികളും സഹകരിച്ച് എന്തെങ്കിലും കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) കാൻസർ രോഗനിർണ്ണയത്തിനും ചികിത്സക്കുമായി എല്ലാ ജില്ലകളിലും ഒരു ആശുപത്രിയിൽ ഈ രംഗത്തെ വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(സി) കാൻസർ രോഗനിർണ്ണയത്തിനായി പ്രത്യേകം ക്ലിനിക്കുകൾ ആരംഭിക്കുമോ?

(എ) (ബി) & (സി) സംസ്ഥാനത്തിനുവേണ്ടി ഒരു സമഗ്ര കാൻസർ ചികിത്സാ നയത്തിന് രൂപം കൊടുത്തു വരുന്നു. റീജിയണൽ കാൻസർ സെൻറർ, മലബാർ കാൻസർ സെൻറർ, അമല കാൻസർ സെൻറർ, അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, കാരക്കോണം മെഡിക്കൽ കോളേജ്, പ്രാദേശിക സംഘടനകൾ എന്നിവരുമായി ഇത് സംബന്ധിച്ച പ്രാരംഭ ചർച്ചകൾ നടത്തി കഴിഞ്ഞു. വിശദമായ ചർച്ചകൾക്ക് ശേഷമേ വിദഗ്ദരുടെ സേവനം ലഭ്യമാക്കുന്നതിനും കാൻസർ രോഗ നിർണ്ണയത്തിന് പ്രത്യേക ക്ലിനിക്കുകൾ ആരംഭിക്കുന്നതിനുമുള്ള തീരുമാനം കൈക്കൊള്ളുവാൻ സാധിക്കുകയുള്ളൂ. മലബാർ മേഖലയിലെ എല്ലാ ജില്ലാ ആശുപത്രികളിലും മലബാർ കാൻസർ സെൻററിന്റെ സഹായത്തോടെ കാൻസർ വാർഡ് തുടങ്ങുന്നതിനുള്ള ഒരു പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. ആരോഗ്യ വകുപ്പിന്റെ കീഴിൽ എറണാകുളം ജനറൽ ആശുപത്രിയിൽ റേഡിയോ തെറാപ്പി സൗകര്യം നിലവിലുണ്ട്. മെഡിക്കൽ കോളേജ്, ആർ. സി.സി തുടങ്ങിയ ആശുപത്രികളിൽ ചികിത്സ എടുക്കുന്ന രോഗികളുടെ ഫോളോ അപ്പ് കീമോതെറാപ്പി ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ചില ഹോസ്പിറ്റലുകളിൽ നടന്നു വരുന്നു.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 363 - 15.07.2010-ൽ മറുപടിക്ക്

## ബൗദ്ധികസ്വത്തവകാശ നയത്തിന്റെ കരട്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.എം. മാണി | ശ്രീ. എം. വിജയകുമാർ<br>(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി.) |
| (എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത്, ബൗദ്ധിക സ്വത്തവകാശ നയത്തിന്റെ കരട് രൂപം തയ്യാറാക്കിയിരുന്നോ; | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ബൗദ്ധിക സ്വത്തവകാശനയത്തിന്റെ കരട് രൂപം തയ്യാറാക്കിയിരുന്നു. |
| (ബി) പ്രസ്തുത കരട് രൂപത്തെ സംബന്ധിച്ച് വിദഗ്ധരുടെ അഭിപ്രായം ആരായുന്നതിനായി ഒരു ശില്പശാല നടത്തിയിരുന്നോ; എങ്കിൽ, അതെന്നാണ്; | പ്രസ്തുത കരട് രൂപത്തെ സംബന്ധിച്ച് വിദഗ്ദ്ധരുടെ അഭിപ്രായം ആരായുന്നതിനായി ഒരു ശില്പശാല നടത്തിയിരുന്നു. 2005 ഡിസംബർ 14, 15 എന്നീ തീയതികളിലാണ് ശില്പശാല നടത്തിയത്. |
| (സി) പ്രസ്തുത ശില്പശാലയിൽ അംഗീകരിച്ച മാറ്റങ്ങൾ എന്തായിരുന്നു; | പ്രസ്തുത ശില്പശാലയിൽ കരട് നയത്തിന് കാതലായ മാറ്റങ്ങളൊന്നും വരുത്തിയില്ല. |
| (ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത കരട് രൂപത്തിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തിയാണ് പ്രസിദ്ധീകരിച്ചതെന്ന് വിശദമാക്കുമോ; | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത കരട് രൂപത്തിൽ വരുത്തിയ മാറ്റങ്ങൾ അനുബന്ധം - I ആയി ചേർക്കുന്നു. |

(ഉ) ഈ മാറ്റങ്ങൾ വരുത്തുന്നതിന് വിദഗ്ദ്ധരുടെ അഭിപ്രായങ്ങൾ ആരാഞ്ഞിരുന്നോ; എങ്കിൽ, ആരുടെയെല്ലാം അഭിപ്രായങ്ങളാണ് ആരാഞ്ഞിരുന്നത്;

ഈ മാറ്റങ്ങൾ വരുത്തുന്നതിന് കേരളത്തിനകത്തും പുറത്തുനിന്നുമുള്ള ബൗദ്ധിക സ്വത്തവകാശ രംഗത്തു പ്രവർത്തിക്കുന്നതും നിയമ രംഗത്ത് പ്രാഗത്ഭ്യം തെളിയിച്ചവരുമായ വിദഗ്ദ്ധരുടെയും പൊതു ജനങ്ങളുടെയും അഭിപ്രായങ്ങൾ ആരാഞ്ഞിരുന്നു (പേരുവിവരം അനുബന്ധംII ആയി ചേർക്കുന്നു). കേരളം ബൗദ്ധിക സ്വത്തവകാശ മേഖലയിൽ അഭിമുഖീ കരിക്കുന്ന പ്രധാന പ്രശ്നമായ കേരളത്തിൻെറ സമ്പന്നമായ പാരമ്പര്യ വിജ്ഞാനത്തിൻെറ ദുരുപ യോഗത്തെയും ചൂഷണത്തെയും തടയുന്നതിന് തക്ക കാര്യങ്ങൾ കരട് നയത്തിൽ വേണ്ടവിധം പ്രതിപാദി ച്ചിട്ടുണ്ടായിരുന്നില്ല. അതിനാൽ കരടിന് ആവശ്യമായ ഭേദഗതികൾ വരുത്തുന്ന തിനായി 18-05-2007-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി)നം.472/07/ നിയമം പ്രകാരം ബഹു. നിയമ പാർലമെൻ്ററികാര്യ വകുപ്പ് മന്ത്രി ചെയർമാനായി ഒരു ഏഴംഗ കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. തുടർന്നുണ്ടായ തീരുമാനത്തിൻമേൽ 2008 ഫെബ്രുവരി 21, 22 തീയതികളിൽ ഈ രംഗത്തു നിന്നുള്ള വിദഗ്ദ്ധരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ദേശീയ സെമിനാർ സംഘടിപ്പി ക്കുകയുണ്ടായി. പൊതുജനങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്ഷണിച്ചുകൊണ്ട് കരട് നയരേഖ കേരള സർക്കാരിൻെറ വെബ്സൈറ്റിലും നിയമ വകുപ്പിൻെറ ഔദ്യോഗിക വെബ്സൈററിലും പ്രസിദ്ധീ കരിക്കുകയുണ്ടായി. 31-05-2008 -ൽ കേരളത്തിലെ ബൗദ്ധിക സ്വത്തവകാശ നയം മന്ത്രിസഭ അംഗീകരിച്ചു.

(എഫ്) ഈ സർക്കാർ പ്രസിദ്ധീകരിച്ച 'ബൗദ്ധിക സ്വത്തവകാശ നയം' എന്ന് മുതലാണ് നടപ്പിലാക്കിയത്;

3-06-2008-ലെ ജി.ഒ.(പി) നം.4/2008 നിയമം മൂലമാണ് ബൗദ്ധികസ്വത്തവകാശ നയം അംഗീകരിച്ചത്. പ്രസ്തുത ഗവൺമെന്റ് ഉത്തരവിന്റെ തീയതിയിലാണ് നയം നടപ്പിൽ വന്നത്.

(ജി) നയത്തിലെ ഏതെല്ലാം വ്യവസ്ഥകളാണ് നടപ്പാക്കിയത്;

കേരള ബൗദ്ധിക സ്വത്തവകാശനയം, 2008 നിലവിൽ വന്നതിന് ശേഷം പ്രസ്തുത നയത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിന് ടി നയത്തിൽ വിഭാവനം ചെയ്തിട്ടുള്ള ഏറ്റവും പ്രധാനപ്പെട്ട സർക്കാർ സമിതിയായ **SUPERVISORY COUNCIL ON INTELLECTUAL PROPERTY (SCIP)** 22/12/2008- ലെ ജി.ഒ.(എം.എസ്.) നം.127/08/ നിയമം പ്രകാരം രൂപീകരിക്കുക യുണ്ടായി. അതിലെ അംഗങ്ങൾ താഴെ പ്പറയുന്നവരാണ്.

**ചെയർമാൻ : മുഖ്യമന്ത്രി**
**വൈസ് ചെയർമാൻ : നിയമവകുപ്പു മന്ത്രി**

**അംഗങ്ങൾ :**

1. വിദ്യാഭ്യാസ വകുപ്പ് മന്ത്രി
2. വ്യവസായ വകുപ്പ് മന്ത്രി
3. ആരോഗ്യ വകുപ്പ് മന്ത്രി
4. കൃഷി വകുപ്പ് മന്ത്രി
5. ധനകാര്യ വകുപ്പ് മന്ത്രി
6. വനം വകുപ്പ് മന്ത്രി
7. ജലവിഭവ വകുപ്പ് മന്ത്രി
8. നിയമ വകുപ്പ് സെക്രട്ടറി (എക്സ് ഒഫീഷ്യോ)
9. സെക്രട്ടറി, ശാസ്ത്ര സാങ്കേതിക വകുപ്പ് (എക്സ് ഒഫീഷ്യോ)
10. സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ ചെയർമാൻ (എക്സ് ഒഫീഷ്യോ)

11. കേരള പാരമ്പര്യ വിജ്ഞാന അതോറിറ്റിയുടെ ചെയർമാൻ (എക്സ് ഒഫീഷ്യോ)

12. ദേശീയ ജൈവവൈവിധ്യ അതോറിറ്റിയിൽ നിന്നുള്ള ഒരംഗം

13. ആസൂത്രണ ബോർഡിൻെറ വൈസ് ചെയർമാൻ (എക്സ് ഒഫീഷ്യോ)

14. കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്ടെക്നോളജി ആൻറ് എൺവയെൺമെന്റിൻെറ എക്സിക്യൂട്ടീവ് വൈസ്പ്രസിഡൻറ് (എക്സ് ഒഫീഷ്യോ)

15. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻെറ മാനേജിംഗ് ഡയറക്ടർ (എക്സ് ഒഫീഷ്യോ)

16. നിയമ (നോഡൽ) വകുപ്പ് അഡീഷണൽ സെക്രട്ടറി (കൺവീനർ)

പിന്നീട് ജി.ഒ.(എം.എസ്) 2/2010/നിയമം തീയതി 4/1/2010 മുഖേന കൗൺസിലിൽ ഉൾപ്പെട്ട മന്ത്രിമാർ കൈകാര്യം ചെയ്യുന്ന വകുപ്പുകളുടെ സെക്രട്ടറിമാരെ കൂടി ഉൾപ്പെടുത്തി, ആദ്യത്തെ ഉത്തരവിൽ ഭേദഗതികൾ വരുത്തുകയുണ്ടായി.

| | |
|---|---|
| (എച്ച്) 'ബൗദ്ധിക സ്വത്തവകാശ നിയമത്തിന്റെ' വ്യവസ്ഥകളിൽ പറയാത്ത എന്തെല്ലാം കാര്യങ്ങൾ, ഈ സർക്കാർ പ്രസിദ്ധീകരിച്ച നയത്തിൽ ഉണ്ട്; | ബൗദ്ധികസ്വത്തവകാശ നിയമം എന്ന് ഒരു നിയമം നിലവിലില്ല. എന്നാൽ ബൗദ്ധിക സ്വത്തവകാശവുമായി ബന്ധപ്പെട്ട കേന്ദ്ര നിയമങ്ങളുടെ വ്യവ സ്ഥകളിൽ പറയാത്ത കാര്യങ്ങളൊന്നും ഈ സർക്കാർ പ്രസിദ്ധീകരിച്ച നയത്തിലില്ല. |
| (ഐ)ഏത് വകുപ്പ് മുഖാന്തിരമാണ് സർക്കാരിന്റെ ബൗദ്ധിക സ്വത്തവകാശ നയം നടപ്പാക്കുന്നത്; | നിയമവകുപ്പു മുഖാന്തിരമാണ് സർക്കാരിന്റെ ബൗദ്ധികസ്വത്തവകാശനയം നടപ്പിലാക്കുന്നത്. |

| | |
|---|---|
| (ജ) ഇത് സംബന്ധിച്ച് ഏതെല്ലാം കാര്യങ്ങൾക്കായി അപേക്ഷ ക്ഷണിച്ചിട്ടുണ്ട്;<br><br>(ഝ) അപേക്ഷ ക്ഷണിച്ചിട്ടില്ലെങ്കിൽ, അതിന്റെ കാരണം എന്ത്? | ഭൗതികസ്വത്തവകാശ നയം, 2008 സർക്കാർ അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതിനാൽ ഇത് സംബന്ധിച്ച കാര്യങ്ങളുടെ മേൽ പ്രത്യേകം അപേക്ഷ ക്ഷണിക്കേണ്ടതിന്റെ ആവശ്യകത ഇതുവരെയുണ്ടായിട്ടില്ല. അല്ലാതെ തന്നെ സർക്കാരിന് ലഭിക്കുന്ന വിവിധ അപേക്ഷകളിന്മേൽ തീരുമാനമെടു ക്കുന്നതിനുള്ള നടപടികൾ സർക്കാർ കൈക്കൊണ്ടുവരികയാണ്. |

ഉത്തരവിൻ പ്രകാരം,

Binumol Baby

സെക്ഷൻ ആഫീസർ

# അനുബന്ധം - I

(1) കേരളത്തെ ബാധിക്കുന്ന ഒരു പ്രധാന സംഗതി, പാരമ്പര്യ വിജ്ഞാനം പ്രത്യേകിച്ച് ആയുർവേദം സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ടതാണ്. പാരമ്പര്യ വിജ്ഞാനം, ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട വിജ്ഞാനം എന്നിവയുടെ സംരക്ഷണത്തിനാണ് കേരള ബൗദ്ധികസ്വത്തവകാശ നയം, 2008 ഊന്നൽ നൽകിയിട്ടുള്ളത്.

(2) എല്ലാ തരത്തിലുള്ള പാരമ്പര്യ വിജ്ഞാനങ്ങളെയും അറിവിന്റെ പൊതുഭണ്ഡാരത്തിൽ (public domain) നിക്ഷേപിക്കുന്നതിനുപകരം സ്വതന്ത്ര വിജ്ഞാനസഞ്ചയത്തിൽ (Knowledge commons) നിക്ഷേപിക്കാനാണ് നയം നിർദ്ദേശിക്കുന്നത്.

(3) ബൗദ്ധികസ്വത്തവകാശനയം പാരമ്പര്യ വിജ്ഞാനത്തെ രണ്ട് വിഭാഗങ്ങളായി തരം തിരിക്കുന്നു. ചില പ്രത്യേക സമുദായങ്ങളോ കുടുംബങ്ങളോ സ്ഥാപനങ്ങളോ സംരക്ഷിച്ചുപോരുന്നതും തലമുറകളായി കൈമാറിവരുന്നതുമായ പാരമ്പര്യ വിജ്ഞാനത്തെ ഒന്നാമത്തെ വിഭാഗത്തിലും കേരളത്തിലെ ആയുർവേദ വൈദ്യൻമാർ, ഡോക്ടർമാർ തുടങ്ങിയവർ ദൈനംദിനം ഉപയോഗിക്കുന്ന പാരമ്പര്യ വിജ്ഞാനത്തെ രണ്ടാമത്തെ വിഭാഗത്തിലും ഉൾപ്പെടുത്തിയിരിക്കുന്നു.

(4) പാരമ്പര്യ വിജ്ഞാനത്തിന്റെ അവകാശിക്ക് 'കോമൺസ് ലൈസൻസ്' നൽകുന്നതിന് നയം നിർദ്ദേശിച്ചിരിക്കുന്നു. പ്രസ്തുത വിജ്ഞാനത്തിൽ വരുത്തുന്ന ഉപയോഗപ്രദമായ വികസനത്തെ traditional knowledge 'commons' -ൽ നിക്ഷേപിക്കാനും നയം വിഭാവനം ചെയ്യുന്നു.

(5) പാരമ്പര്യ വിജ്ഞാനത്തിന്റെ അവകാശിക്ക് അവകാശങ്ങൾ നൽകുന്നതിനും തർക്കങ്ങൾ പരിഹരിക്കുന്നതിനും അവകാശങ്ങളെയും കോമൺസ് ലൈസൻസിനെയും ധിക്കരിച്ച് പ്രവർത്തിക്കുന്നവർക്കെതിരെ

ിലെ നടപടികൾ ശുപാർശ ചെയ്യുന്നതിനും മറ്റുമായി കേരള ട്രഡീഷണൽ നോളജ് അതോറിറ്റി (KTKA) എന്ന ഒരു സംവിധാനം രൂപീകരിക്കുന്നതിനും നയം വിഭാവനം ചെയ്യുന്നു. KTKA യുടെ രീതിയെപ്പറ്റിയും രൂപത്തെപ്പറ്റിയും നയം പരാമർശിക്കുന്നുണ്ട്.

(6) ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട വിജ്ഞാനത്തിന്റെ അധിക സംരക്ഷണത്തിന് 2002-ലെ ജൈവവൈവിധ്യ നിയമത്തിന്റെ സഹായത്തോടെ ചെയ്യാവുന്ന കാര്യങ്ങളെപ്പറ്റിയും നയം വ്യക്ത മാക്കുന്നുണ്ട്.

(7) സംസ്ഥാനത്തെ ബൗദ്ധികസ്വത്തവകാശം സംബന്ധിച്ചുള്ള എല്ലാ സംഗതികളുടെയും മേൽനോട്ടത്തിനായി Supervisory Council on Intellectual Property (SCIP) എന്ന ഒരു സർക്കാർ സമിതി ഉണ്ടാക്കാൻ നയം നിർദ്ദേശിക്കുന്നു. ഇതിന്റെ കർത്തവ്യങ്ങളെപ്പറ്റിയും നയത്തിൽ പ്രതിപാദിക്കുന്നുണ്ട്.

(8) സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ നടത്തുന്ന ഗവേഷണ പദ്ധതികളിൽ നിന്നുത്ഭവിക്കുന്ന ബൗദ്ധികസ്വത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ചും നയത്തിൽ വ്യക്തമാക്കുന്നുണ്ട്.

## അനുബന്ധം – II

1. Prof. Satyajit Rath
2. Prof. C.P. Chandrasekhar
3. Shri. Prabir Purkayastha
4. Prof. B.S. Chimni
5. Shri. Lawrence Liang
6. Dr. Amit Sen Gupta
7. Dr. Dinesh Abrol
8. Dr. Suman Sahai
9. Dr. Sameer Brahmachari, DG, CSIR
10. Prof. Jayaraman, TISS
11. Dr. K.Kannayyan, NBA, Chairperson
12. Dr. Nagarjuna (IISc, Bangalore)
13. Prof. Jayati Ghosh
14. Prof. N.S. Gopalakrishnan
15. Dr. A Gopalakrishnan
16. Dr. N.R. Madhava Menon
17. KSCSTE (10 Scientists)
18. All Members and Chief of divisions of SPB
19. Vice-Chancellors/(representatives from this field) of all of State's Universities
20. Dr. A.D. Damodaran
21. Shri. Kuttappan Vijayachandran
22. Dr. B. Ekbal
23. Prof. Narayanan Nair, Director CDS

24. Prof. K.K. Subrahmaniam
25. Dr. RVG Menon
26. Dr. V. Sasikumar (CESS)
27. Prof. Joseph (CDS)
28. Shri. M.P. Parameswaran
29. Dr. M.S. Valiathan
30. Dr. Praveen Raj
31. Prof. Vijayakumar (MIT)
32. Shri. M. Arun (IT Mission)
33. Dr. K.M. Seethy
34. Dr. V.S. Vijayan (SBB)
35. Dr. Sankaran (DAME)

Biju mol Baby
S.O.

പന്ത്രണ്ടാം കേരളനിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 384

15.07.2010 ൽ മറുപടിയ്ക്ക്

ആയുർവേദമരുന്നുകളുടെ നിലവാരവും വിലനിയന്ത്രണവും

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.ശിവദാസൻ നായർ | ശ്രീമതി.പി.കെ.ശ്രീമതിടീച്ചർ (ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| (എ) ആയുർവേദമരുന്നുകളുടെ നിലവാരവും വിലനിയന്ത്രണവും ഉറപ്പാക്കാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്: | (എ) ഈ ഗവൺമെന്റ് അധികാരത്തിൽവന്നശേഷം ആയുർവേദത്തിന് പ്രത്യേക ഡ്രഗ്സ് കൺട്രോൾ വിഭാഗം രൂപീകരിച്ചു. ഔഷധം നിർമ്മിക്കുന്ന സ്ഥാപനം അതാത് മേഖലയിലെ ഡ്രഗ്സ് ഇൻസ്പെക്ടർമാർ പരിശോധിച്ച് ഭൗതിക സാഹചര്യങ്ങൾ വിലയിരുത്തി ശുപാർശ ചെയ്യുന്ന പ്രകാരം എക്സ്പെർട്ട് കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടി മാനുഫാക്ച്ചറിംഗ് ലൈസൻസ് അനുവദിക്കുന്നു.<br>ആയുർവേദമരുന്നുവില നിയന്ത്രിക്കുന്നതിന് നിലവിൽ സംവിധാനമില്ല. |
| (ബി) ഈ നടപടികളെക്കുറിച്ച് വിശദീകരിക്കുമോ ; | (ബി) ഡ്രഗ്സ് കൺട്രോൾവകുപ്പിൽ ആയുർവേദ, സിദ്ധ, യുനാനി വൈദ്യശാസ്ത്രങ്ങൾക്കുവേണ്ടി പ്രത്യേകവിഭാഗം പ്രവർത്തിക്കുന്നുണ്ട്. അതിൽ ഒരു ആയുർവേദ ഡ്രഗ്സ് കൺട്രോളറും ഒരു സീനിയർ ഡ്രഗ്സ് ഇൻസ്പെക്ടറും മൂന്ന് ആയുർവേദ ഡ്രഗ്സ് ഇൻസ്പെക്ടർമാരും സേവനം അനുഷ്ഠിക്കുന്നു. കേരളത്തിലെ മൂന്ന് മേഖലകളിലായി ഡ്രഗ്സ് ഇൻസ്പെക്ടർ ഓഫീസ് പ്രവർത്തിക്കുന്നു. അവ എറണാകുളം കോഴിക്കോട്,കൊല്ലം എന്നിവയാണ്. കൂടാതെ തിരുവനന്തപുരത്ത് ആസ്ഥാന ഓഫീസും ഉണ്ട്.<br>ലൈസൻസ് നൽകുന്നതിനുമുൻപ് ഡ്രഗ്സ് ഇൻസ്പെക്ടർമാർ സ്ഥാപനം പരിശോധിച്ച് സൗകര്യങ്ങൾ വിലയിരുത്തി റിപ്പോർട്ട് ലൈസൻസിംഗ് അതോറിറ്റിയ്ക്ക് അയയ്ക്കുന്നു. അപേക്ഷകൻ സമർപ്പിക്കുന്ന ഉൽപ്പന്നങ്ങളുടെ ഫോർമുല എക്സ്പെർട്ട് കമ്മിറ്റിയാണ് പരിശോധിക്കുന്നത്. എക്സ്പെർട്ട് കമ്മിറ്റിയിൽ സർക്കാർ ആയുർവേദകോളേജിലെ 2 വകുപ്പ് അദ്ധ്യക്ഷൻമാരും കേന്ദ്രസംസ്ഥാന സർക്കാർ സർവ്വീസിലെ 3 ഡോക്ടർമാരും സ്വകാര്യ മേഖല- |

യിലെ 1 ഡോക്ടറും ഉൾപ്പെടുന്നു. ലൈസൻസ് നൽകിയ ആയുർവേദ മരുന്നുകളുടെ ഗുണ നിലവാരം ഉറപ്പാക്കുന്നതിലേക്ക് ഡ്രഗ്സ് ഇൻസ്പെക്ടർമാർ കാലാകാലങ്ങളിൽ സ്ഥാപനം പരിശോധിച്ച് നിർമ്മിക്കുന്ന ഉൽപ്പന്നങ്ങളുടെ സാമ്പിളുകൾ പരിശോധനയ്ക്കായി തിരുവനന്തപുരത്ത് ഡ്രഗ്സ് ടെസ്റ്റിംഗ് ലാബ് ലേയ്ക്ക് അയക്കാറുണ്ട്. ഡ്രഗ്സ്കൺട്രോൾ വകുപ്പിന്റെ പരിധിയിൽ വരുന്ന ഈ ലബോ റട്ടറിയിൽ ആയുർവേദ, സിദ്ധ, യുനാനി ഔഷധ ങ്ങൾ പരിശോധിക്കുന്നതിന് പ്രത്യേക വിഭാഗം പ്രവർത്തിച്ചുവരുന്നു. അവിടെ ഒരു ഗവൺമെന്റ് അനലിസ്റ്റും രണ്ട് ഗ്രേഡ് 3 അനലിസ്റ്റ്മാരും ഉൾപ്പെടെ ആറ് ജീവനക്കാർ സേവനം അനുഷ്ഠി ക്കുന്നുണ്ട്. വർഷംതോറും ഏകദേശം 500 ആയുർവേദ സിദ്ധ.യുനാനി ഔഷധങ്ങളുടെ സാമ്പിൾ ഈ ലാബിൽ പരിശോധിക്കാറുണ്ട്.

(സി) പ്രസ്തുതവിഷയത്തിന്മേൽ കേന്ദ്രസർക്കാരിൽനിന്ന് നിർദ്ദേശങ്ങളോ സഹായങ്ങളോ ലഭ്യമായിട്ടുണ്ടോ

(സി) ലഭ്യമായിട്ടുണ്ട്

(ഡി) ഉണ്ടെങ്കിൽ എന്തൊക്കെയെന്ന് വിശദീകരിക്കുമോ ?

(ഡി) ആയുർവേദ, സിദ്ധ യുനാനി വിഭാഗത്തിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനു വേണ്ടി പതിനൊന്നാം പദ്ധതിപ്രകാരം 2 ഗഡു ക്കളായി 15 ലക്ഷം രൂപയും 14 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ സാമ്പിൾ ടെസ്റ്റ് ചെയ്യുന്നതിനുവേണ്ടി 2 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമ സഭ - പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യംനമ്പർ : 385

15-7-2010 -ലെ മറുപടിയ്ക്ക്

## അഴിമുഖങ്ങളിലുള്ള മണൽ ഡ്രഡ്ജ് ചെയ്ത് വിതരണം ചെയ്യുന്നതിനുള്ള നടപടി

ചോദ്യം

ശ്രീ. എം. കെ. പുരുഷോത്തമൻ
ശ്രീ. ആർ. സെൽവരാജ്
ശ്രീ. എം. ചന്ദ്രൻ
ശ്രീ. എ. സി. മൊയ്തീൻ

മറുപടി

ശ്രീ.എം.വിജയകുമാർ
(ബഹു.നിയമവും പാർലമെന്ററി - കാര്യവും തുറമുഖവും വകുപ്പു മന്ത്രി)

എ) സംസ്ഥാനത്തെ മണൽ ക്ഷാമം പരിഹരിക്കുന്നതിന് തുറമുഖവകുപ്പിന്റെ അഴിമുഖങ്ങളിലുള്ള മണൽ ഡ്രഡ്ജ് ചെയ്ത് വിതരണം ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

എ) മണൽക്ഷാമം പരിഹരിക്കുന്നതിനായി തുറമുഖ അഴിമുഖങ്ങളിലും തുറമുഖ ചാനലിലും അടിഞ്ഞുകൂടിയ മണൽ ഡ്രഡ്ജ് ചെയ്ത് പുറത്തെടുത്ത്, വില്പന യോഗ്യമായ മണൽ വിതരണം ചെയ്തുവരുന്നുണ്ട്. ഇത്തരത്തിൽ മാന്വൽ ഡ്രഡ്ജിംഗ് സുതാര്യമായും ഉത്തരവാദിത്തത്തോടെയും നിർവഹിക്കുന്നതിന് 1969 ലെ കേരള സഹകരണ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സൊസൈറ്റികൾക്ക് അനുവാദം നൽകിക്കൊണ്ടും മറ്റ് മാനദണ്ഡങ്ങൾ നിശ്ചയിച്ചും 18-3-10 ലെ ജി.ഒ. (എം.എസ്) നം. 17/2010/മതുവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

| | |
|---|---|
| ബി) മണൽ വാരുന്ന പ്രവർത്തി മാരിടൈം ഡെവലപ്മെൻറ് ബോർഡിനെ ഏൽപ്പിക്കുമോ ; | ബി) മാരിടൈം ഡെവലപ്മെൻറ് ബോർഡ് രൂപീകൃതമായിട്ടില്ല. മാരിടൈം ബോർഡ് നിലവിൽ വന്നുകഴിഞ്ഞാൽ തുറമുഖ വകുപ്പിനു കീഴിലുള്ള എല്ലാ പ്രവൃത്തികളും ബോർഡിനു കീഴിൽ വരുന്നതാണ്. |
| സി) മണൽ ഖനനം മുഖേന എത്രകോടി രൂപ ഖജനാവിലേക്ക് വന്നുചേരുമെന്നാണ് പ്രതീക്ഷിക്കുന്നത് ; | സി) ഉദ്ദേശം 10 കോടി രൂപ വാർഷിക വരുമാനം പ്രതീക്ഷിക്കുന്നു |
| ഡി) മണൽ ഖനനം സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ; | ഡി) കപ്പൽ ഗതാഗതത്തിന് സഹായകമാം വിധം കാലാകാലങ്ങളിൽ അഴിമുഖങ്ങളിലും ചാനൽ ബേസിൻ എന്നിവിടങ്ങളിലും അടിഞ്ഞുകൂടുന്ന മണൽ നീക്കം ചെയ്യുന്ന പ്രവൃത്തി ഒരു തുടർ പ്രക്രിയയാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 386 15.07.2010-ൽ മറുപടിക്ക്

**മണൽ ക്ഷാമം പരിഹരിക്കുന്നതിനുള്ള ബദൽ സംവിധാനങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എ. ഷുക്കൂർ എം.എൽ.എ.<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ എം.എൽ.എ<br>ശ്രീ.സി.പി. മുഹമ്മദ് എം.എൽ.എ<br>ശ്രീ.എ. പി.അനിൽകുമാർ എം.എൽ.എ | ശ്രീ.എളമരം കരീം<br>(ബഹു.വ്യവസായ വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ നിർമ്മാണ മേഖലയിലെ മണൽക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി ബദൽ സംവിധാനങ്ങൾ വികസിപ്പിക്കുന്ന സംരംഭങ്ങൾ പ്രോൽസാഹിപ്പിക്കാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വെളിപ്പെടുത്തുമോ; | എ) മണൽ ദൗർലഭ്യംമൂലം നിർമ്മാണ മേഖലയിലുണ്ടായ പ്രതിസന്ധി പരിഹരിക്കുന്നതിന് ഡാമുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള മണൽ ശേഖരിച്ച് ന്യായമായ വിലയ്ക്ക് വിതരണം നടത്തി വരികയാണ്.<br>അന്യസംസ്ഥാനങ്ങളിൽ നിന്നും മറ്റ് രാജ്യങ്ങളിൽ നിന്നും നിർമ്മാണ ആവശ്യത്തിലേക്ക് മണൽ ഇറക്കുമതി ചെയ്യുന്നത് പ്രോൽസാഹിപ്പിക്കുന്നു. സംസ്ഥാനത്ത് മണൽ ഇറക്കുമതി ചെയ്യുന്നതിനായി സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ മെസേർസ് കേരള സ്റ്റേറ്റ് മിനറൽ ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തുകയും അതുപോലെ പൊതു മാർക്കറ്റിൽ മണൽ ഇറക്കുമതി ചെയ്യുന്നതിനായി സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും അനുമതി |

| | | | |
|---|---|---|---|
| | | | നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. എം. സാൻഡിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. |
| ബി) | ഇതിനായി സ്വകാര്യ മേഖലയിലെ ഏതൊക്കെ സംരംഭകരാണ് സർക്കാരിനെ സമീപിച്ചിട്ടുള്ളത്; | ബി) | സ്വകാര്യ മേഖലയിലെ 23 സംരംഭകർ ഇതിനായി സമീപിച്ചിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |
| സി) | കെട്ടിടനിർമ്മാണത്തിന് മണലും സിമന്റും കുറയ്ക്കാനായി ജിപ്സം അടിസ്ഥാനമാക്കിയുള്ള പാനലുകൾ നിർമ്മിക്കുന്നതിന് കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഫാക്ടിന്റെ സഹകരണത്തോടെ സംസ്ഥാനത്ത് നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; | സി) & ഡി) | നിലവിൽ സംസ്ഥാന സർക്കാരിന്റെ പരിഗണനയിലില്ല. |
| ഡി) | എങ്കിൽ ഇക്കാര്യത്തിൽ ഫാക്ടുമായി ചർച്ച നടത്താനും ധാരണയിലെത്താനും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

അനുബന്ധം

## LIST OF PERSONS/FIRMS APPLIED FOR ISSUE OF LICENCE FOR TRANSPORTATION OF SAND FROM OTHER STATES

1) Smt. Jaya Krishnan Nair, Aiyrror<jkrishnan nair @rediffmail.com
2) Sri.Sanjeev.T, Proprietor, SAN Trading Co, Thiruvananthapuram, <sanjeev-triveni@yahoo.com.
3) Sri.C. Manoharan, Mavoor Plants Associates, Rashid Complex, Erenchipalam P.O, Calicut.
4) Sri.Walter Zacharias<asiatec200@yahoo.com
5) Sri.K.K. Gopakumar, Premier Enterprises, CC 39/1622, Kannanthodeth Lane, Valanjambalam, Cochin-16
6) Sri.T.G. Sankarankuty, <gandharvatrans@gmail.com
7) Sri.Mathew Philip, Kosamattam Rubber Industries, Vadavathoor Post, Kalathilpady, Kottayam.
8) Sri.M. Neeraj, Hydro Technical Engineering, Kunnamangalam, Calicut.
9) M/s. Nobletech Engineering (P) Ltd., Noble hure, Palarivattom, Cochin-682 025.
10) Mother Theressa Earth Materials, Vavvamoola, Venniyoor, Nellimala P.O.
11) Phonix Super (P) Ltd., 27/2739, Vidyanagar, Cross road, Kadavanthre, Cochin - 682 020.
12) Sri. Suresh<sureshradhika 2001@yahoo.co.in
13) Sri.Varghese Michael, Grow Green International.
14) Smt.K.P. SUJAYA, GURU Deepam, P.O Vadakara.
15) Capt. T.J. Mathew, MARINA DOCKS, Kochin-682 033.
16) Sri.Binoy Antomy<binoyanumol@gmail.com
17) Shree Sanari Shipping, Gujarat, Plot No.314, Ward-12/B, LIC Street, Gandhidham, Kutch.
18) Sri.P.P. Mamoo, Pulparambil House, Koodathoy Bazar, Thamarassery, Kozhikode- 673 523.
19) Smt.Shukoor<shukoorkatayam@gmail.com
20) Sri.Varghese Michael, Grow Green International, P.B.No.PO 1910, Cochin.
21) Sri.L.A. Xavier D'cruz, Linus Exports & Imports, Valiyathura, Fort, Thiruvananthapuram.
22) Ashapura Minechem Ltd., KINFRA Park, Menamkulam, Thiruvananthapuram.
23) Ashok ALCo Chem Ltd., 406 sharada chambers 33 Vithildar, Thekkurseri Marg, MUMBAI-480 021.

പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. : 387

15.07.2010 - ൽ മറുപടിക്ക്

## ഭൂഗർഭ ജലപരിപോഷണത്തിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അൽഫോൺസ് കണ്ണന്താനം<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ.സി.എച്ച്. കുഞ്ഞമ്പു<br>ശ്രീ എം. ഹംസ | ശ്രീ.എൻ.കെ.പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ഭൂഗർഭ ജലപരിപോഷണത്തിനായി ഭൂഗർഭ ജലവകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) ഭൂഗർഭ ജല പരിപോഷണത്തിനായി സംസ്ഥാന ഭൂജല വകുപ്പ് കൃത്രിമ ഭൂജല സംപോഷണം എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. നടപ്പു സാമ്പത്തിക വർഷം ഇതിനായി 40 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതിപ്രകാരം അമിത ചൂഷിത, ഗുരുതര, ഭാഗീക ഗുരുതര ബ്ലോക്കുകൾക്ക് മുൻഗണന നൽകിക്കൊണ്ട് മഴക്കുഴികൾ, തടയണകൾ, അടിയണ, മഴവെള്ളക്കൊയ്ത്ത് വഴി കിണർ സംപോഷണം തുടങ്ങിയവ നടപ്പിലാക്കിവരുന്നു. ഇതുകൂടാതെ സ്കൂൾ കുട്ടികൾക്ക് ബോധവൽക്കരണം നടത്തുവാനായി ഭൂജല സംരക്ഷണവും പരിപോഷണവും എന്ന ലഘു പുസ്തകവും പ്രസിദ്ധീകരിച്ചിട്ടുണ്ട്. പൊതു ജനങ്ങൾക്ക് വിജ്ഞാനം പ്രദാനം ചെയ്യുവാൻ വേണ്ടി 2008-2009 വർഷം വിവിധ ദൃശ്യ മാധ്യമങ്ങളിൽ ഭൂജലം എന്ന ഡോക്യുമെന്ററി സംപ്രേഷണം ചെയ്തിരുന്നു. കൃത്രിമ ഭൂജല സംപോഷണം നടപ്പിലാക്കുവാൻ ആഗ്രഹിക്കുന്ന വ്യക്തികൾക്കും/ സംഘടനകൾക്കും വകുപ്പിന്റെ വിവിധ ജില്ലാ ഓഫീസുകൾ വഴി സാങ്കേതിക സഹായവും നൽകി വരുന്നു. |
| (ബി) ഏതെല്ലാം പ്രദേശങ്ങളിലാണ് ഭൂഗർഭ ജലവിതാനം ആശങ്കാജനകമാംവിധം താഴ്ന്നതായി കണ്ടെത്തിയിട്ടുള്ളത്; | (ബി) 2004-ൽ സംസ്ഥാന ഭൂജലവകുപ്പും - കേന്ദ്ര ഭൂജല ബോർഡും സംയുക്തമായി നടത്തിയ പഠനത്തിൽ സംസ്ഥാനത്തെ അഞ്ച് ബ്ലോക്കുകൾ |

അമിത ചൂഷിത ബ്ലോക്കുകളായി കണ്ടെത്തിയിരുന്നു. ജല ഉപയോഗം 100%-ൽ അധികമുള്ളതും ഭൂജലവിതാനത്തിന്റെ ദീർഘകാല സ്വഭാവം ഗണ്യമായി കുറഞ്ഞിരിക്കുന്നുവെന്നും കണ്ടെത്തിയ ചുവടെ ചേർക്കുന്ന പ്രദേശങ്ങളാണ് ഈ പട്ടികയിൽപ്പെടുന്നത്.

1. അതിയന്നൂർ ബ്ലോക്ക് - തിരുവനന്തപുരം ജില്ല.
2. ചിറ്റൂർ ബ്ലോക്ക് - പാലക്കാട് ജില്ല
3. കോഴിക്കോട് ബ്ലോക്ക് - കോഴിക്കോട് ജില്ല
4. കാസർഗോഡ് ബ്ലോക്ക് - കാസർഗോഡ് ജില്ല
5. കൊടുങ്ങല്ലൂർ ബ്ലോക്ക് - തൃശ്ശൂർ ജില്ല

(സി) കുഴൽ കിണറുകളുടെ നിർമ്മാണത്തിന് ഭൂഗർഭ ജലവകുപ്പ് എന്തെല്ലാം സഹായങ്ങളാണ് ചെയ്യുന്നത്;

(സി) സർക്കാർ, സ്വകാര്യ ഇതര സ്ഥാപനങ്ങൾ, പഞ്ചായത്തുകൾ, സ്വകാര്യ വ്യക്തികൾ എന്നിവരുടെ അപേക്ഷയിൽ ഭൂജലവകുപ്പ് സ്ഥാന നിർണ്ണയം നടത്തി വിവിധ ഇനം കുഴൽകിണറുകൾ ശാസ്ത്രീയമായി നിർമ്മിച്ചു നൽകി ജലലഭ്യത ഉറപ്പെടുത്തിയും, ജലത്തിന്റെ ക്വാളിറ്റി പരിശോധിച്ചും നൽകുന്നു. ഇതു കൂടാതെ ജില്ലാ കളക്ടർ അനുമതി നൽകുന്ന എം.എൽ.എ, എസ്.ഡി.എഫ്, എം.പി.എൽ.എ.ഡി, വരൾച്ചാ ദുരിതാശ്വാസം, പട്ടികജാതി വകുപ്പിന്റെ സഹകരണത്തോടെ പമ്പിംഗ് സ്കീമുകൾ എന്നിവയും വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. സർക്കാർ നിശ്ചയിച്ചിട്ടുള്ള കുഴൽ കിണർ നിർമ്മാണത്തിനുള്ള നിരക്കും പൈപ്പിന്റെ വിലയും ഈടാക്കിയാണ് നിർമ്മാണം നടത്തുന്നത്. സ്വകാര്യവ്യക്തികൾക്ക് കൃഷി ആവശ്യത്തിനായി കൃഷി ഓഫീസർ നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ 50%, കുഴൽ കിണർ നിർമ്മാണ ചെലവിനു മാത്രം ഇളവനുവദിച്ച് കൊണ്ട് ഡ്രില്ലിംഗ് നടത്തിക്കൊടുക്കുന്നു. ഭാഗികമായോ പൂർണ്ണമായോ കുടിവെള്ള ലഭ്യത ഇല്ലാത്ത സ്ഥലങ്ങളെ 50% കേന്ദ്ര സർക്കാർ വിഹിതത്തോടെ

| | |
|---|---|
| | നടപ്പിലാക്കുന്ന രാജീവ് ഗാന്ധി ദേശീയ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത സ്ഥലങ്ങളിൽ കുഴൽകിണർ നിർമ്മിച്ച് ജലലഭ്യത കുറഞ്ഞ കിണറുകളിൽ കൈപ്പമ്പുകൾ ഘടിപ്പിച്ചും, ജലലഭ്യത കൂടുതലുള്ള കിണറുകളിൽ പവർ പമ്പുകൾ ഘടിപ്പിച്ചും, കുടിവെള്ള ശൃംഖലയിലൂടെ കുടിവെള്ളലഭ്യത ഉറപ്പു വരുത്തുന്ന മിനി കുടിവെള്ള പദ്ധതികൾ നടപ്പിലാക്കി ഉപഭോക്താക്കളെ ഏൽപ്പിച്ചു വരുന്നു. |
| (ഡി) രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിയിൻ കീഴിൽ എത്ര കിണറുകൾ നിർമ്മിച്ചു എന്ന് വ്യക്തമാക്കുമോ? | (ഡി) 2009-2010 വർഷം ഭൂജലവകുപ്പ് രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിയിൻ കീഴിൽ നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. ബോർവെൽ മൈക്രോവാട്ടർ സപ്ലൈ സ്കീം - 42 എണ്ണം.<br>2. ബോർവെൽ കൈപ്പമ്പ് സ്കീം - 46 എണ്ണം<br>3. തുടർപ്രവർത്തനങ്ങൾക്കായി നിർമ്മിച്ച ബോർവെല്ലുകളുടെ എണ്ണം - 94 എണ്ണം |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 388 — 15-7-2010-ലെ മറുപടി

## എറണാകുളം - കായംകുളം പാതകളുടെ ഇരട്ടിപ്പിക്കലിന്റെ പുരോഗതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കെ. സദാശിവൻ<br>ശ്രീ. വി.എൻ. വാസവൻ<br>ശ്രീ. സി.എം. ദിനേശ് മണി<br>ശ്രീ. എം.എം. മോനായി | ശ്രീ. എം. വിജയകുമാർ,<br>നിയമവും പാർലമെന്ററി കാര്യവും<br>സ്പോർട്സും യുവജനക്ഷേമവും<br>തുറമുഖവും വകുപ്പ് മന്ത്രി |

| | | | |
|---|---|---|---|
| (എ) | എറണാകുളം - കോട്ടയം - കായംകുളം പാതയിരട്ടിപ്പിക്കലിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (എ) | എറണാകുളത്തിനും - മുളന്തുരുത്തിയ്ക്കുമിടയിൽ പാതയിരട്ടിപ്പിക്കൽ നടപടി പൂർത്തിയായിട്ടുണ്ട്. കായംകുളം - മാവേലിക്കര - ചെങ്ങന്നൂർ സ്ട്രെച്ചിന്റെ പാതയിരട്ടിപ്പിക്കൽ നടപടി പുരോഗതിയിലാണ്.<br><br>മുളന്തുരുത്തിയ്ക്കും ചെങ്ങന്നൂരിനുമിടയിൽ റെയിൽവെയ്ക്ക് സ്ഥലം ഏറ്റെടുത്ത് നൽകുന്നതിനുള്ള നടപടികൾ ധൃതഗതിയിൽ നടന്നുവരുന്നു. |
| (ബി) | ഇതുവരെ എത്ര കിലോ മീറ്റർ പൂർത്തീകരിക്കാൻ കഴിഞ്ഞു; ഇനി എത്ര കിലോ മീറ്ററിന്റെ പ്രവൃത്തികൾ നടക്കാനുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | 18 കിലോ മീറ്റർ പൂർത്തീകരിച്ചു. 96 കിലോ മീറ്റർ പൂർത്തീകരിക്കാനുണ്ട്. |
| (സി) | പ്രസ്തുത ലൈനിലെ വൈദ്യുതീകരണ പ്രവർത്തികൾ വിശദമാക്കുമോ; | (സി) | പാതയിരട്ടിപ്പിക്കൽ നടപടി - കളോടൊപ്പം തന്നെയാണ് വൈദ്യുതീകരണവും നടത്തുന്നത്. |
| (ഡി) | എറണാകുളം - ആലപ്പുഴ - കായംകുളം പാത ഇരട്ടിപ്പിക്കൽ നടപടിയുടെ പുരോഗതി വിശദമാക്കുമോ; | (ഡി) യും (ഇ) യും | പാതയിരട്ടിപ്പിക്കലിന് അനുവാദം ലഭിച്ച കായംകുളം മുതൽ അമ്പലപ്പുഴ വരെയുള്ള |

| | | | |
|---|---|---|---|
| (ഇ) | ഏതെല്ലാം ഭാഗത്ത് പണി പൂർത്തിയാക്കി; ഇനി എവിടെയെല്ലാം ബാക്കിയുണ്ട് എന്ന് വിശദമാക്കുമോ? | | സ്ട്രെച്ചിൽ, കായംകുളം - ഹരിപ്പാട് സെക്ഷന്റെ പാത ഇരട്ടിപ്പിക്കൽ നടപടി പുരോഗതിയിലാണ്. ഹരിപ്പാട് മുതൽ അമ്പലപ്പുഴ വരെയുള്ള സ്ട്രെച്ചിന്റെ സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടികൾ ധൃതഗതിയിൽ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നംപർ 389 — 15.07.2010 ൽ മറുപടിക്ക്

### ജലനിധി പദ്ധതി രണ്ടാം ഘട്ടം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. അടൂർ പ്രകാശ്<br>ശ്രീ. സി.പി. മുഹമ്മദ് | ശ്രീ. എൻ.കെ പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ ജലനിധി രണ്ടാം ഘട്ട പദ്ധതിക്ക് എ ലോക ബാങ്കിന്റെ അനുമതി വൈകാനുള്ള കാരണങ്ങൾ എന്തൊക്കെ ; | ജലനിധി രണ്ടാം ഘട്ട പദ്ധതിയ്ക്ക് സർക്കാർ 2007 ൽ ഭരണാനുമതി നൽകുകയുണ്ടായി. എന്നാൽ തദ്ദേശ സ്വയംഭരണ വകുപ്പ് സമർപ്പിച്ചിരുന്ന പദ്ധതിയുമായി കൂട്ടിച്ചേർത്ത് പദ്ധതി നടപ്പിലാക്കാമെന്ന നിർദ്ദേശം ലോക ബാങ്ക് മുന്നോട്ട് വച്ചിരുന്നു. ഈ നിർദ്ദേശം സർക്കാരിന് സ്വീകാര്യമല്ലെന്ന് അറിയിച്ചതിനെ തുടർന്നാണ് ലോക ബാങ്കിന്റെ അനുമതി വൈകിയത്. എന്നാൽ ജലനിധി രണ്ടാം ഘട്ട പദ്ധതി പ്രത്യേകമായി തന്നെ നടത്തണമെന്ന സർക്കാരിന്റെ ആവശ്യം ലോക ബാങ്ക് പിന്നീട് തത്വത്തിൽ അംഗീകാരിച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| ബി പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് ജലവിഭവ വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും തമ്മിൽ വ്യത്യസ്ത അഭിപ്രായങ്ങൾ നിലനിൽക്കുന്നുണ്ടോ; | ബി വ്യത്യസ്ത അഭിപ്രായങ്ങൾ നിലനിൽക്കുന്നില്ല. |
| സി ഇതിന്റെ രണ്ടാം ഘട്ട പദ്ധതി സംസ്ഥാനത്തെ ആകെ എത്ര പഞ്ചായത്തുകളിൽ നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ; | സി 200 പഞ്ചായത്തുകളിൽ പദ്ധതി നടപ്പാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് |

| | | | |
|---|---|---|---|
| ഡി. | പ്രസ്തുത പദ്ധതി പൂർത്തീകരണത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആകെ എത്ര കോടി രൂപ ജലവിഭവ വകുപ്പിന് ലഭ്യമാക്കേണ്ടി വരുമെന്നാണ് കണക്കാക്കുന്നത്; | ഡി. | പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിനായി വിവിധ പഞ്ചായത്തുകൾ എല്ലാം ചേർന്ന് 120 കോടി രൂപ ചെലവാക്കേണ്ടി വരുമെന്നാണ് ഇപ്പോൾ കണക്കാക്കിയിട്ടുള്ളത്. ഈ തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജലവിഭവ വകുപ്പിന് നൽകേണ്ടതില്ല. മറിച്ച് ജലനിധി പദ്ധതി നടപ്പിലാക്കുന്നതിന് പഞ്ചായത്തിന് നൽകുന്ന ധനസഹായത്തിനോടൊപ്പം ഈ തുകയും ചേർത്ത് ഗുണഭോക്താക്കൾക്ക് നൽകുവാനാണ് ഉദ്ദേശിക്കുന്നത്. |
| ഇ | പ്രസ്തുത പദ്ധതി പൂർത്തീകരണത്തിന് ലോക ബാങ്ക് സഹായം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ ; | ഇ | ലോകബാങ്ക് നിയോഗിച്ച പ്രാരംഭ പ്രവർത്തനങ്ങൾക്കായുള്ള ദൗത്യ സംഘം ജലനിധി രണ്ടാം ഘട്ടത്തിന് വേണ്ട തുക വായ്പയായി നൽകുന്നതിന് ശുപാർശ ചെയ്യാമെന്നറിയിച്ചിട്ടുണ്ട്. |
| എഫ് | എങ്കിൽ എത്ര കോടി ഇത്തരത്തിൽ ലഭിക്കുമെന്നാണ് കണക്കാക്കുന്നത് ? | എഫ് | ഏകദേശം 700 കോടി രൂപ ലോകബാങ്ക് വായ്പയായി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| | | |
|---|---|---|
| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 390 | | 15.07.2010-ൽ മറുപടിയ്ക്ക് |
| വനിതാനയം | | |
| ചോദ്യം | | ഉത്തരം |
| **ശ്രീമതി.കെ.കെ. ലതിക**<br>**ശ്രീമതി.പി. അയിഷാ പോറ്റി**<br>**ശ്രീമതി.കെ.കെ. ശൈലജ ടീച്ചർ**<br>**ശ്രീ.കെ.സി. കുഞ്ഞിരാമൻ** | | **ശ്രീമതി. പി.കെ.ശ്രീമതി ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി)** |
| (എ) | സംസ്ഥാന സർക്കാർ വനിതാ നയം പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | എ) ഉണ്ട്. കേരളത്തിൽ സ്ത്രീ പദവി സംബന്ധിച്ച സമഗ്രമായ വനിതാ നയം സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി നൽകുന്നു. (അനുബന്ധം 1) |
| (ബി) | വനിതാ നയം നടപ്പാക്കുന്നതിനായി കർമ്മ പരിപാടി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; പ്രത്യേക വനിതാവികസന വകുപ്പ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | ബി) വനിതാ നയം നടപ്പിലാക്കുന്നതിനായി കർമ്മപരിപാടി ആവിഷ്കരിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു. (അനുബന്ധം 2) വനിതാ വികസന വകുപ്പ് രൂപീകരണത്തിന്റെ മുന്നോടിയായി ജെൻഡർ അഡൈ്വസറി ബോർഡ് രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. |
| (സി) | സ്ത്രീ സംരക്ഷണ നിയമങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും; വ്യക്തമാക്കുമോ; | സി) സ്ത്രീ സംരക്ഷണ നിയമങ്ങളായ ഗാർഹിക പീഡനത്തിൽ നിന്നും വനിതകൾക്ക് സംരക്ഷണം നൽകുന്ന നിയമം, സ്ത്രീധന നിരോധന നിയമം, ബാലവിവാഹ നിരോധന നിയമം എന്നിവ ഫലപ്രദമായി നടപ്പിലാക്കുന്നതിനുവേണ്ടി ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>• 80 ഷെൽട്ടർ ഹോം/ സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളിൽ ലീഗൽ |

| | | |
|---|---|---|
| | | കൗൺസിലർമാരുടേയും ക്ലിനിക്കൽ സൈക്യാട്രിസ്റ്റിന്റേയും സേവനം ലഭ്യമാക്കുന്നതിനായി കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ് മുഖാന്തിരം പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>• ലീഗൽ കൗൺസിലർമാർ സ്ഥാപനങ്ങളിൽ ഹാജരാകുന്ന ദിവസവും സമയവും പ്രദർശിപ്പിക്കുന്ന ബോർഡ് എല്ലാ സ്ഥാപനങ്ങളിലും സ്ഥാപിക്കുവാൻ നടപടി എടുത്തിട്ടുണ്ട്.<br>• കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റി തയ്യാറാക്കിയ 'സ്ത്രീയും നിയമവും' എന്ന പുസ്തകം അച്ചടിച്ച് വിതരണം ചെയ്തു.<br>• ഗാർഹിക പീഡനത്തിൽ നിന്നും വനിതകൾക്ക് സംരക്ഷണം നൽകുന്ന നിയമത്തിന്റെ ആക്റ്റും, റൂളും, ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുമടങ്ങിയ ബുക്ക്ലെറ്റ് അച്ചടിപ്പിച്ച് വിതരണം ചെയ്തു.<br>• ഗാർഹിക പീഡനത്തിൽ നിന്നും വനിതകൾക്ക് സംരക്ഷണം നൽകുന്ന നിയമത്തിനും, സ്ത്രീധന നിരോധന നിയമത്തിനും, ബാലവിവാഹ നിരോധന നിയമത്തിനും ലിംഗ വിവേചനം ഒഴിവാക്കുന്നതിനും, ദൃശ്യ ശ്രവണ മീഡിയ വഴിയുള്ള പ്രചരണം നൽകുന്നതിനുമായി ഹ്രസ്വ ചിത്രങ്ങൾ, വീഡിയോ ആഡിയോ സ്പോട്ടുകൾ, ഡോക്യുമെന്ററികൾ എന്നിവ കേരള സംസ്ഥാന ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന നിർമ്മിക്കുകയും ആയത് ദൂരദർശനിലൂടെ സംപ്രേക്ഷണം ചെയ്യുന്നതിനും ആകാശവാണിയിലൂടെ പ്രക്ഷേപണം ചെയ്യുന്നതിനും നടപടി എടുത്തു. |

| | | |
|---|---|---|
| | | • ഗാർഹിക പീഡനത്തിൽ നിന്നും വനിതകൾക്ക് സംരക്ഷണം നൽകുന്ന നിയമം നടപ്പാക്കുന്നത് സംബന്ധിച്ച് സ്റ്റേക്ക് ഹോൾഡർമാർക്ക് അവബോധം സൃഷ്ടിക്കുന്നതിനായി 49 ബാച്ച് പരിശീലന പരിപാടികൾ ഐ.എം.ജി. മുഖേന നടപ്പിലാക്കി.<br>• സാമൂഹ്യക്ഷേമ വകുപ്പിൻെറ ക്ഷേമസ്ഥാപനങ്ങളിലും, ഷെൽട്ടർഹോമുകളായി തെരഞ്ഞെടുത്ത സ്ഥാപനങ്ങളിലും, പ്രൊട്ടക്ഷൻ ഓഫീസുകളിലും കമ്പ്യൂട്ടർ, ടെലിഫോൺ, ഇന്റർനെറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തി.<br>• സാമൂഹ്യക്ഷേമ വകുപ്പിൽ വനിതാ വെബ്പോർട്ടൽ ഇൻസ്റ്റാൾ ചെയ്തു.<br>• പ്രൊട്ടക്ഷൻ ഓഫീസുകളിൽ ഫോട്ടോ കോപ്പി മെഷീൻ നൽകി.<br>• ഷെൽട്ടർ ഹോം/പ്രൊട്ടക്ഷൻ ഓഫീസുകളിൽ ഡി.ഐ.ആർ ഫോം അച്ചടിപ്പിക്കുന്നതിനുള്ള തുക അനുവദിച്ചു നൽകി.<br>• സംസ്ഥാന/ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചു.<br>• സ്റ്റേക്ക് ഹോൾഡർമാരിൽ കപ്പാസിറ്റി ബിൽഡിംഗ് ലക്ഷ്യമിട്ട് സെൻസിറ്റൈസേഷൻ പ്രോഗ്രാം നടത്തി.<br>• സ്ഥാപന മേധാവികൾ, ലീഗൽ സർവ്വീസസ് അതോറിറ്റി അധികൃതർ, കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ് അധികൃതർ എന്നിവരെ ഉൾപ്പെടുത്തി പദ്ധതി നിർവ്വഹണം സംബന്ധിച്ച ഏകദിന ശില്പശാല നടത്തി.<br>• ഗാർഹിക പീഡനത്തിൽ നിന്നും വനിതകൾക്ക് സംരക്ഷണം നൽകുന്ന നിയമ പ്രകാരം വനിതാ |

| | | |
|---|---|---|
| | | പ്രൊട്ടക്ഷൻ ഓഫീസർമാരുടെ 14 തസ്തികകൾ സൃഷ്ടിച്ചു. നിയമന നടപടികൾ അന്തിമ ഘട്ടത്തിലാണ്.<br>• കേരള വനിതാ കമ്മീഷനിൽ ലഭ്യമാകുന്ന പരാതികളിന്മേൽ വനിതാ കമ്മീഷൻ ആക്ടിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. സ്ത്രീ സംരക്ഷണ നിയമങ്ങളെക്കുറിച്ച് ലഘുലേഖകൾ ഇറക്കുകയും, ജില്ലകൾതോറും സ്ത്രീകൾക്കായി ബോധവൽക്കരണ ക്യാമ്പുകൾ, സെമിനാറുകൾ എന്നിവ നടത്തുകയും ചെയ്യുന്നു. |
| (ഡി) | സ്ത്രീകളുടെ സാമൂഹിക സുരക്ഷിതത്വത്തിനായി പദ്ധതികൾ ആവിഷ്കരിക്കുമോ; | ഡി) സ്ത്രീകളുടെ സാമൂഹിക സുരക്ഷിതത്വത്തിനായി ചുവടെ ചേർക്കുന്ന പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.<br>• അഗതി വിധവാ പെൻഷൻ<br>• 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ പദ്ധതി<br>• മംഗല്യ പദ്ധതി (വിധവാ പുനർവിവാഹ ധനസഹായ പദ്ധതി)<br>• മിശ്രവിവാഹ ധനസഹായ പദ്ധതി<br>• വനിതകൾ ഗൃഹനാഥരായുള്ള കുടുംബങ്ങളിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി<br>• ഗാർഹിക പീഡനത്തിരയാകുന്ന വനിതകൾക്കുള്ള സൗജന്യ നിയമസഹായം<br>• ഫിനിഷിംഗ് സ്കൂൾ പദ്ധതി പ്രകാരം പരിശീലനം നൽകുകയും തൊഴിൽ ലഭ്യമാക്കുകയും ചെയ്യു.<br>• ജെൻഡർ അവയർനസ്സ് പദ്ധതി<br>• നിരാലംബരായ സ്ത്രീകളെ പുനരധിവസി - പ്പിക്കുന്നതിനായി സാമൂഹ്യക്ഷേമ സ്ഥാപനങ്ങൾ നടത്തിവരുന്നു. |

| | | |
|---|---|---|
| | | • കൗമാര പ്രായക്കാരായ പെൺകുട്ടികൾക്ക് വിദ്യാഭ്യാസ-തദ്ദേശ സ്വയംഭരണ വകുപ്പുകളുടെ സഹകരണത്തോടെ കൗൺസിലിംഗ് നൽകുന്ന പദ്ധതി 2008-09 വർഷംമുതൽ നടപ്പാക്കി വരുന്നു.<br>• പട്ടിക വർഗ്ഗത്തിൽപ്പെട്ട സ്ത്രീകളുടെ സാമൂഹ്യ സുരക്ഷിതത്വത്തിനായി സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന 'സ്നേഹസ്പർശം' എന്നൊരു പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഇത് പ്രകാരം ലൈംഗിക ചൂഷണത്തിന് വിധേയരായ ആദിവാസികളായ അവിവാഹിത അമ്മമാർക്ക് പ്രതിമാസം 300 രൂപ നൽകുന്ന പദ്ധതി നിലവിലുണ്ട്. |
| (ഇ) | ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന സ്ത്രീകൾക്ക് സംരക്ഷണത്തിനും പുനരധിവാസത്തിനും എന്തെല്ലാം പദ്ധതികളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ? | (ഇ)<br>• ശാരീരിക വെല്ലുവിളി നേരിടുന്ന സ്ത്രീകൾക്കുവേണ്ടി സാമൂഹ്യക്ഷേമ വകുപ്പിൻ കീഴിൽ തിരുവനന്തപുരത്തും എറണാകുളത്തും ഓരോ വികലാംഗ വനിതാ മന്ദിരങ്ങൾ പ്രവർത്തിച്ചു വരുന്നു. മാനസിക വെല്ലുവിളി നേരിടുന്ന സ്ത്രീകൾക്കായി തൃശ്ശൂർ ജില്ലയിൽ പ്രത്യാശ ഭവൻ പ്രവർത്തിച്ചു വരുന്നു.<br>• സ്ഥാപനത്തിലെ അന്തേവാസികൾക്ക് ഓരോരുത്തർക്കും പ്രതിമാസം ഭക്ഷണത്തിന് 750/- രൂപയും, മരുന്നിനും ചികിത്സക്കുമായി 300/- രൂപയും, വസ്ത്രത്തിന് പ്രതിവർഷം 1000/-രൂപ നിരക്കിലും അനുവദിച്ചു വരുന്നു. ഇവർക്ക് മാനസികോല്ലാസത്തിനും, മതപരമായ അനുഷ്ഠാനങ്ങൾ നടത്തുന്നതിനും സൗകര്യങ്ങൾ ലഭ്യമാണ്. |

| | | |
|---|---|---|
| | | • വികലാംഗരായ പെൺകുട്ടികൾക്കും വികലാംഗരായ മാതാപിതാക്കളുടെ പെൺമക്കൾക്കും അപേക്ഷയിന്മേൽ വിവാഹധനസഹായമായി 10,000/- രൂപ അനുവദിക്കുന്നു.<br>• വികലാംഗക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്ന സന്നദ്ധ സംഘടനകൾക്ക് ഗ്രാന്റ് നൽകി വരുന്നു.<br>• അന്ധരായ അഭിഭാഷകർക്ക് ധനസഹായ പദ്ധതി നിലവിലുണ്ട്. എക്സ്ഗ്രേഷ്യാ അലവൻസ് ആയി 2500/- രൂപയും, റിഡ്യൂസ് അലവൻസ് ആയി പരമാവധി 5 വർഷത്തേയ്ക്ക് പ്രതിമാസം 1000/- രൂപ വീതവും നൽകി വരുന്നു.<br>• വികലാംഗർക്ക് അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് സഹായിക്കുന്ന ഐ.ഡി.കാർഡുകൾ കേരള സാമൂഹ്യ സുരക്ഷ മിഷൻ വഴി നൽകി വരുന്നു,<br>• വികലാംഗരായ കുട്ടികൾക്ക് തൊഴിൽ പരിശീലനം ലഭ്യമാക്കുന്നതിലേയ്ക്കായി തിരുവനന്തപുരത്തും കോഴിക്കോടും വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ പ്രവർത്തിച്ചുവരുന്നു. വികലാംഗർക്കായി വിവിധ കോഴ്സുകളിൽ പരിശീലനം നൽകുന്നുണ്ട്.<br>• തീവ്രമായ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നതിനാൽ വീടുകൾക്കുള്ളിൽ ഒതുങ്ങിക്കഴിയേണ്ടി വരുന്നവർക്ക് ധനസഹായം നൽകുന്നതിലേക്കായി 4.61 കോടി രൂപയുടെ പദ്ധതി സർക്കാർ പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ